
# പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 12 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | മാർച്ച് 2015




## പഞ്ചായത്തുകൾ സഫലമായ നാല് വർഷങ്ങളിലൂടെ

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ‘



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

മാർച്ച് 2015


# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പഞ്ചായത്തുകൾ സഫലമായ നാല് വർഷങ്ങളിലൂടെ
ഡോ. എം.കെ. മുനീർ

8 ലോക മാതൃഭാഷാദിന ചിന്തകൾ
ഡോ. വിളക്കുടി രാജേന്ദ്രൻ





11 മാതൃഭാഷയുടെ പ്രസക്തി
ഡോ. എം. വി. തോമസ്

14 നിതി ആയോഗ്
ഡോ. എച്ച്.ആർ. കേശവമൂർത്തി






17 നഗരവത്കരണവും ആരോഗ്യപ്രശ്നങ്ങളും
വിനു എ.





20 ഗ്രാമപഞ്ചായത്തുകളിലൂടെ

22 വൈദഗ്ദ്ധ്യമുള്ളവരുടെ ഇന്ത്യ
ടി. ഷാഹുൽ ഹമീദ്





25 ബജറ്റ്
ജി. ശ്രീനിവാസൻ





23 പാരീസ് ബസാറിലെ പട്ടിയുടെ ശവം
കഥ : എ. ഗോപകുമാർ

29 എന്റെ സ്വപ്നത്തിലെ ഗ്രാമസർക്കാർ
എ. രാമകൃഷ്ണൻ

32 വേണം, ജീവിതത്തിനൊരു ഗാന്ധിസ്പർശം
സുരേഷ് ശ്രീകണ്ഠേശ്വരത്ത്

34 സ്വരാജ് ട്രോഫിക്ക് അർഹരായ ഗ്രാമപഞ്ചായത്തുകൾ

35 സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2015




# ജനാധിപത്യ ശാക്തീകരണത്തിന്റെ 2–ാം അന്താരാഷ്ട്ര സമ്മേളനം

## (International Conference on Deepening Democracy - ICODD-II 2015)

## മേയ് 15, 16, 17

അധികാര വികേന്ദ്രീകരണ രംഗത്ത് ബഹുദൂരം മുന്നോട്ട് പോയ കേരളം മറ്റുള്ളവർക്ക് മാതൃകയാണ്. മറ്റ് രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുള്ള മികച്ച പ്രവർത്തനങ്ങൾ മറ്റുള്ളവരുമായി പങ്ക് വെയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് 2014 ജനുവരി 19, 20, 21 തീയതികളിൽ കോവളത്തുവച്ച് നടന്ന ഒന്നാം ICODD വളരെയധികം വിജയമായിരുന്നു എന്നു വിലയിരുത്തപ്പെട്ടു. ഒട്ടേറെ വിദേശപ്രതിനിധികൾ, വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധർ, മറ്റ് സംസ്ഥാനങ്ങളിലെ മന്ത്രിമാർ തുടങ്ങിയവർ പങ്കെടുത്ത പ്രസ്തുത സമ്മേളനം എല്ലാ വർഷവും നടത്തണമെന്ന അഭിപ്രായം കണക്കിലെടുത്ത് ICODDന്റെ 2–ാം സമ്മേളനം 2015 മേയ് 15, 16, 17 തീയതികളിലായി കോവളത്ത് വച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും വിവിധ മേഖലകളിലെ വിദഗ്ദ്ധർ പങ്കെടുക്കുന്ന ത്രിദിന അന്താരാഷ്ട്ര സമ്മേളനം അധികാരവികേന്ദ്രീകരണത്തിലൂടെ ജനാധിപത്യ ശാക്തീകരണത്തിന് എക്കാലത്തേക്കും ഒരു മുതൽക്കൂട്ടാകും എന്നു കരുതുന്നു. സമ്മേളനത്തിന്റെ വിജയത്തിനായി വിവിധ സബ് കമ്മിറ്റികൾ പ്രവർത്തനം തുടങ്ങികഴിഞ്ഞു. തിരുവനന്തപുരം പബ്ലിക് ഓഫീസ് കോമ്പൗണ്ടിൽ പ്രത്യേകം ഓഫീസും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോൺ നമ്പർ : 0471–2321221, ഇ.മെയിൽ: ICODD2015@gmail.com

## പഞ്ചായത്ത് ഡയറക്ടർ ചുമതലയേറ്റു

പഞ്ചായത്ത് ഡയറക്ടറായി നിയമിതയായ ശ്രീമതി സി.എ. ലത ഐ.എ.എസ്. 23.02.2015 തിങ്കളാഴ്ച രാവിലെ പബ്ളിക് ഓഫീസ് കോമ്പൗണ്ടിലെ പഞ്ചായത്ത് ഡയറക്ടറേറ്റിൽ എത്തി ചുമതലയേറ്റു. ഡയറക്ടറുടെ ചുമതലയുണ്ടായിരുന്ന ജോയിന്റ് ഡയറക്ടർ എ. സെയിദിൽ നിന്നാണ് ചുമതലയേറ്റത്. കോഴിക്കോട് ജില്ലാ കളക്ടറായി സേവനമനുഷ്ഠിക്കവേയാണ് പഞ്ചായത്ത് ഡയറക്ടറായി നിയമനം ലഭിച്ചത്.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

മാർച്ച് 2015 | പുസ്തകം 54 | ലക്കം 12 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**സി.എ. ലത ഐ.എ.എസ്.**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

2014-2015 സാമ്പത്തിക വർഷം പൂർത്തിയാകാൻ ഏതാനും ദിവസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിനിയോഗത്തിന്റേയും പുതിയ സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുന്നതിന്റെയും തിരക്കിലാണ്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ (ഫെബ്രുവരി 28ലെ കണക്ക് പ്രകാരം) പദ്ധതി ചെലവ് സംസ്ഥാന ശരാശരി 57% ആയിരുന്നത് ഈ വർഷം 48% ൽ എത്തി നില്ക്കുന്നതേയുള്ളൂ. ഇനിയുള്ള ദിവസങ്ങളിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ നല്കി പദ്ധതികൾ പൂർത്തീകരിക്കാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പരിശ്രമിക്കണം.

ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം സംസ്ഥാനത്ത് 35,216 വീടുകളാണ് ഇപ്പോൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തിരിക്കുന്നത്. അനന്തമായി ഇതു നീട്ടികൊണ്ട് പോകാൻ കഴിയില്ല. അടിയന്തിരമായി ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തണം.

2015-16 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി അംഗീകാരം തൃശൂർ ജില്ലയിലെ വല്ലച്ചിറയും ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തും മാത്രമാണ് നേടിയിട്ടുള്ളത്. ഈ ഗ്രാമപഞ്ചായത്തുകളെ അഭിനന്ദിക്കുന്നു. ഇനിയും വികസന സെമിനാർ പോലും നടത്താത്ത ഗ്രാമപഞ്ചായത്തുകൾ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഈ പ്രവണത ശരിയല്ല. സമയബന്ധിതമായി ചെയ്യേണ്ട കാര്യങ്ങൾ അതാതു സമയത്തു തന്നെ ചെയ്താൽ മാത്രമെ അതുകൊണ്ട് നാം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുകയുള്ളൂ. ഇക്കാര്യത്തിൽ എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരും പെർഫോമൻസ് ഉദ്യോഗസ്ഥരെ വിളിച്ചു കൂട്ടി പദ്ധതി പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യാൻ അടിയന്തിര നിർദ്ദേശം നല്കണം. 1.04.2015-ൽ 978 ഗ്രാമപഞ്ചായത്തുകൾക്കും അംഗീകരിച്ച പദ്ധതി ഉണ്ടായിരിക്കണമെന്നാണ് നാം ലക്ഷ്യമിട്ടിരുന്നത് എന്ന കാര്യം ഓർക്കുക. ഈ വർഷം മുതൽ പ്ലാൻ തുകയും ബഡ്ജറ്റുമായി ചേർക്കേണ്ടതുണ്ട് എന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുക. അതുകൊണ്ട് തന്നെ പദ്ധതി രൂപീകരണം പൂർത്തിയാക്കാത്തപക്ഷം ബഡ്ജറ്റ് പാസ്സാക്കാൻ കഴിയാതെ വന്നേക്കാം. ഇതു ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. നമുക്കു ലഭിച്ച പ്ലാൻ അലോട്ട്മെന്റുകൾ എല്ലാം ക്രെഡിറ്റ് ആയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കുക.

വസ്തുനികുതി പരിഷ്കരണം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും കാര്യക്ഷമമായി നടക്കുമ്പോൾ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ ഡിമാന്റ് നോട്ടീസ് പേരിനുമാത്രം നല്കി എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇത്തരം ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടി വരും എന്നുള്ള കാര്യം ഓർമ്മിപ്പിക്കുന്നു.

ജനന മരണ രജിസ്ട്രേഷൻ എല്ലാ ഗ്രാമപഞ്ചായത്തുകളും ഡാറ്റാ എൻട്രി നടത്തി പൂർത്തീകരിച്ചെങ്കിലും വെബിലേക്ക് പോർട്ട് ചെയ്തപ്പോൾ ചില പ്രശ്നങ്ങൾ ഉള്ളതായി കാണപ്പെട്ടു. ഐ.കെ.എം.-മായി ബന്ധപ്പെട്ട് പ്രശ്നം അടിയന്തിരമായി പരിഹരിച്ച് ബാഡ് റെക്കോർഡ്സ് (Bad records) ഉണ്ടെങ്കിൽ അതു ഒഴിവാക്കി അടിയന്തിരമായി വെബിലേക്കു പോർട്ടു ചെയ്തു അതു സംബന്ധിച്ച് സെക്രട്ടറിമാർ സാക്ഷ്യപത്രം നല്കേണ്ടതാണ്.

2013-14 സാമ്പത്തിക വർഷം മികച്ച പ്രകടനം കാഴ്ചവെച്ച് സ്വരാജ് ട്രോഫി/മഹാത്മാപുരസ്കാരം എന്നിവ നേടിയ ഗ്രാമപഞ്ചായത്തുകളെ അഭിനന്ദിക്കുന്നു. അതോടൊപ്പം വരും വർഷങ്ങളിൽ നൂതനമായ പദ്ധതികളും സജീവമായ ഗ്രാമസഭകളും കുറ്റമറ്റ രീതിയിലുള്ള സേവനങ്ങളും നല്കി മികച്ച പ്രവർത്തനങ്ങളിലൂടെ എല്ലാ ഗ്രാമപഞ്ചായത്തുകളും സ്വരാജ്/മഹാത്മാ ട്രോഫി കരസ്ഥമാക്കാനുള്ള അർഹത നേടാനുള്ള പ്രവർത്തനങ്ങൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

# പഞ്ചായത്തുകൾ സഫലമായ നാല് വർഷങ്ങളിലൂടെ

ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ നമ്മുടെ ജനാധിപത്യത്തെ അതിന്റെ പൂർണ്ണ അർത്ഥത്തിൽ ശക്തമാക്കുന്നതിൽ നിർണ്ണായകവും ചരിത്രപരവുമായ പ്രാധാന്യമുള്ളതാണ്. അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിക്കൊണ്ട് പഞ്ചായത്ത്‌രാജ് സംവിധാനം ഏറ്റവും ശക്തമാക്കിയ സംസ്ഥാനമാണ് കേരളം. ഇതോടൊപ്പം സ്ത്രീകൾ, പാർശ്വവൽകൃതർ എന്നിവരെ ഭരണത്തിന്റെയും വികസനപ്രവർത്തനങ്ങളുടെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാനും അവരുടെ സജീവപങ്കാളിത്തം ഉറപ്പാക്കാനും കേരളത്തിന് സാധ്യമായി. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്ന ഒരു സമഗ്രവികസനപരിപ്രേക്ഷ്യം സ്വാതന്ത്ര്യാനന്തര കേരളത്തിൽ സാധ്യമാക്കിയത് പഞ്ചായത്ത് രാജ് നിയമമാണ്. ഇത് പ്രവൃത്തിപഥത്തിൽ എത്തിച്ച് യാഥാർത്ഥ്യമാക്കുന്നതിൽ മുൻനിരയിൽ ഉണ്ടായിരുന്നവരാണ് കേരളത്തിലെ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ. കൊടിയുടെ നിറമോ പാർട്ടിവ്യത്യാസമോ ഇത് നടപ്പാക്കുന്നതിൽ അവർക്ക് വിഘാതമായില്ല. വമ്പിച്ച ഒരു സാമൂഹിക പരിവർത്തനത്തിന് നേതൃത്വം നൽകാനും അതിൽ ഭാഗധേയത്വം വഹിക്കാനും അവർ വഹിച്ച പങ്ക് ഒരിക്കലും വിസ്മൃതമാവുകയില്ല.

ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ആദ്യം സ്വീകരിച്ച നടപടികളിൽ ഒന്ന് പഞ്ചായത്ത് വകുപ്പിനെ ശക്തിപ്പെടുത്തുക എന്നതായിരുന്നു. താഴേത്തട്ടിൽ വികസനം സാധ്യമാകണമെങ്കിൽ വകുപ്പിന്റെ ശാക്തീകരണം ആവശ്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണത്. ത്രിതല പഞ്ചായത്ത് സംവിധാനത്തിലും എൽ.എസ്.ജി.ഡി. എൻജിനീയറിംഗ് വിഭാഗത്തിലും വേണ്ടത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു. വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകി, സെക്രട്ടറി തസ്തികകൾ ഏകീകരിച്ചു, കെ.എൽ.എസ്. ജി.ഡി.പിയിൽ നിന്നുള്ള ഫണ്ടിന്റെ അലോട്ട്മെന്റ് കൃത്യമാക്കി, ഐ.കെ.എം. സോഫ്റ്റ് വെയറുകളിലൂടെ സുതാര്യവും വേഗത്തിലുള്ളതുമായ സേവനലഭ്യത ഉറപ്പാക്കി, എല്ലാ പഞ്ചായത്തുകളെയും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടാൻ പ്രോത്സാഹിപ്പിച്ചു, പഞ്ചായത്തുകൾക്ക് പഞ്ചവത്സര പദ്ധതി ഏർപ്പെടുത്തുകയും ഫണ്ട് ലാപ്സാവുന്നത് ഒഴിവാക്കുകയും ചെയ്തു. സി.യു.ജി. സിം കാർഡുകളും കുടുംബശ്രീയിലൂടെയുള്ള സ്ത്രീമുന്നേറ്റവും ദാരിദ്ര്യ നിർമ്മാർജ്ജനവും ഒക്കെച്ചേർന്ന് കേരള ഗ്രാമങ്ങളെ വികസനത്തിന്റെ പുത്തൻമേഖലകളിലേക്ക് അതിദ്രുതം കൊണ്ടെത്തിക്കുന്നതിൽ ഇത്രയും സാർത്ഥകവും ലക്ഷ്യബോധത്തോടെയും ഉള്ള പ്രവർത്തനത്തിന് കേരളം സാക്ഷ്യം വഹിക്കുന്നത് ഇതാദ്യമാണ്.

ഇനി ഒട്ടേറെ കാര്യങ്ങൾ നമുക്ക് ചെയ്തുതീർക്കാനുണ്ട്. 2015 മാർച്ചോടെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്കിൽ കണക്ട് ചെയ്യപ്പെടുകയാണ്. ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി വികസനത്തിന്റെ സദ്ഫലങ്ങൾ കൈവരിക്കാൻ ഓരോ ഗ്രാമീണന്റെയും പടിവാതിലിൽ അവസരം എത്തുകയാണ്. ഗ്രാമങ്ങളുടെ കാർഷിക-ആരോഗ്യ-ശുചിത്വ-സദ്ഭരണ-വിദ്യാഭ്യാസമേഖലകളിൽ ഐസിറ്റി സൃഷ്ടിക്കുന്ന പരിവർത്തനം വളരെവേഗം സാധിതമാക്കുന്നതിൽ പഞ്ചായത്ത് സമിതികൾക്ക് നിർണ്ണായക പങ്ക് വഹിക്കാനുണ്ട്. നമ്മുടെ എല്ലാ പഞ്ചായത്തുകളും സ്മാർട്ട് പഞ്ചായത്തുകളാക്കും എന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. ഒപ്പം തന്നെ ഇൻഫർമേഷൻ കിയോസ്കുകൾ എല്ലാ പഞ്ചായത്തിലും സ്ഥാപിക്കുകയാണ്. പൊതുജനങ്ങൾക്ക് സ്വയം വിവിധ സേവനലഭ്യതകളും തങ്ങളുടെ അപേക്ഷയിന്മേലുള്ള തീരുമാനവും രേഖകളും ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യവും ലഭിക്കും. എഴുപതോളം ആധുനിക അറവ്ശാലകൾ നിർമ്മാണഘട്ടത്തിലാണ്. ശുചിയുള്ള മാംസലഭ്യതയിലും പരിസരശുചിത്വത്തിലും വലിയ ഒരു പരിവർത്തനമാണ് ഇവയിലൂടെ സാധ്യമാവുക.

ജൈവകൃഷി പരമാവധി പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതികൾ പഞ്ചായത്തുകൾ ഏറ്റെടുക്കണം. വിഷമുക്തമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക എന്നത് തദ്ദേശഭരണ കൂടത്തിന്റെ ചുമതല കൂടിയാണ്. മട്ടുപ്പാവ് കൃഷിയും



പ്രോത്സാഹിപ്പിക്കണം. കുടുംബശ്രീയും കൃഷി വകുപ്പുമായി സഹകരിച്ചുകൊണ്ട് കേളത്തിലെ എല്ലാ പഞ്ചായത്തുകളും ജൈവകൃഷിയും മട്ടുപ്പാവ് കൃഷിയും പ്രോത്സാഹിപ്പിക്കണം. ഉറവിട മാലിന്യ നിർമ്മാർജ്ജനം ഇനിയും പല പഞ്ചായത്തുകളും നടപ്പാക്കിയിട്ടില്ല. മികച്ച മാതൃകകൾ ഈ രംഗത്ത് കാഴ്ച വച്ച പഞ്ചായത്തുകളെ ഇതര പഞ്ചായത്തുകൾക്ക് അനുകരിക്കാവുന്നതാണ്. പഞ്ചായത്ത് തല ജാഗ്രതാസമിതികൾ നിയമമാക്കുന്ന ബിൽ ഉടനേ പ്രാബല്യത്തിൽ വരും. ജാഗ്രതാസമിതികളെ സജീവമാക്കിക്കൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമം തുടങ്ങി സമൂഹത്തെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഒഴിവാക്കാനും പരിഹാരം കാണാനും സാധിക്കും. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിൽ ജാഗ്രതാ സമിതികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. വാർഡ്തലത്തിലെ ഗ്രാമസേവാകേന്ദ്രങ്ങൾ സമ്പൂർണ്ണ പ്രവർത്തനം നടത്തുന്നതോടെ ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ നമ്മുടെ മുന്നേറ്റമാണുണ്ടാവുക. പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷനും പേപ്പർലസ്സ് ഓഫീസുകളും ആവുമ്പോൾ സേവന ക്ഷമതയും ആധുനിക സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ട് പൊതുജനാഭിമുഖ്യം കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയും.

അനേകലക്ഷം കേരളീയരാണ് പ്രവാസികളായി അന്യനാടുകളിൽ കഴിയുന്നത്. നിരന്തര ആവശ്യങ്ങൾ പ്രവാസി സംഘടനകൾ ഉന്നയിച്ചെങ്കിലും അവരുടെ ജനാധിപത്യ അവകാശം സാക്ഷാത്കരിക്കാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. ഇപ്രാവശ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ അവർക്ക് ഇ-വോട്ടിംഗിലൂടെയോ പ്രോക്സിവോട്ടിംഗിലൂടെയോ വോട്ട് ചെയ്യാനുള്ള സൗകര്യം ഏർപ്പെടുത്തും. കേന്ദ്ര ഗവൺമെന്റ് ഇത് സംബന്ധിച്ച നടപടിക്രമങ്ങളിൽ അന്തിമതീരുമാനം ഉടനേ സ്വീകരിക്കും എന്നാണ് പ്രതീക്ഷ.

മൂന്ന് തലമുറകളുടെ (3G) സംഗമകേന്ദ്രമായി മാതൃകാ അങ്കണവാടികൾ എന്ന പുതിയ പദ്ധതി 140 നിയോജക മണ്ഡലങ്ങളിലും സ്ഥാപിക്കുക എന്നത് ഈ ഗവൺമെന്റ് മുന്നോട്ടുവച്ച ആശയമാണ്. അറുപതോളം പഞ്ചായത്തുകളിൽ ഇവയുടെ നിർമ്മാണം പൂർത്തിയായി. മറ്റ് പഞ്ചായത്തുകൾ കൂടി എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കി നമ്മുടെ കുട്ടികളോടും കൗമാരപ്രായക്കാരോടും വയോജനങ്ങളോടും ഉള്ള കടമ നിവേറ്റണം. അംഗപരിമിതർ, പാർശ്വവൽക്കൃതർ എന്നീ വിഭാഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിൽ പഞ്ചായത്തുകൾ മുൻനിരയിൽ ഉണ്ടാവണം. ത്രിതല പഞ്ചായത്ത് സാരഥികൾക്കായി അവരുടെ അസോസിയേഷനുകൾ സുപ്രധാനമായ പല ആവശ്യങ്ങളും ഉയർത്തിക്കാട്ടി ഗവൺമെന്റിന് മുമ്പാകെ നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവ പലതും അനുവദിക്കാൻ ഈ ഗവൺമെന്റ് മടി കാണിച്ചതുമില്ല. മുൻ അംഗങ്ങൾക്കുള്ള തിരിച്ചറിയൽ കാർഡ് ഒരു ഉദാഹരണം. പഞ്ചായത്തംഗങ്ങൾക്കായുള്ള ഇൻഷുറൻസ് പദ്ധതിയും നമ്മൾക്ക് നടപ്പാക്കാൻ കഴിഞ്ഞു.

സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും 2015 ൽ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതായിരിക്കും. കുടുംബശ്രീമിഷന്റെ 'കഫേ കുടുംബശ്രീ' ഇന്ത്യക്ക് പുറത്തേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ദുബായിൽ ഫെസ്റ്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് ആഭ്യന്തര ഇന്റർനാഷണൽ വിപണികളിൽ ലഭ്യമാക്കും. 'മീഡിയാശ്രീ' യിലൂടെ കേരളത്തിന്റെ ഗ്രാമത്തനിമകൾ അവയുടെ എല്ലാ സവിശേഷതകളോടെയും ഡോക്യുമെന്റ് ചെയ്യുന്ന പദ്ധതിയുമായി പഞ്ചായത്തുകൾ സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നിന്റെയും നാളത്തെയും തലമുറകൾക്കായി നമ്മൾ ചെയ്യുന്ന ചരിത്രപരമായ ഒരു ബൃഹദ്സംരംഭമാണിത്.

വിവിധ പുരസ്കാരങ്ങൾക്ക് അർഹമായ എല്ലാ പഞ്ചായത്ത് ഭരണസമിതികളെയും ഞാൻ ഹാർദ്ദമായി അനുമോദിക്കുകയും അവയുടെ മാതൃക മറ്റ് പഞ്ചായത്തുകൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ◆

# ലോകമാതൃഭാഷാദിന ചിന്തകൾ

ഡോ. വിളക്കുടി രാജേന്ദ്രൻ

യുനസ്കോയുടെ ആഹ്വാനപ്രകാരം ഈക്കഴിഞ്ഞ ഫെബ്രുവരി 21 ന് ലോകമെങ്ങും മാതൃഭാഷാദിനമായി ആചരിച്ചു. കേരളത്തിലെ മിക്ക സ്ഥാപനങ്ങളിലും ഇതു സംബന്ധിച്ച വലിയ ചടങ്ങുകൾ സംഘടിപ്പിച്ചിരുന്നു. മലയാളത്തെപ്പറ്റിയുള്ള ഉത്കണ്ഠ പങ്കുവയ്ക്കുന്നതായിരുന്നു ഇവയിലധികവും. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡോ.പുതുശ്ശേരി രാമചന്ദ്രനും സുഗതകുമാരിയും ഈ ദിനാചരണത്തിൽ പങ്കെടുത്ത് സംസാരിച്ചത് നാടു നീങ്ങുന്ന മലയാളത്തെപ്പറ്റിയുള്ള ഹൃദയവേദനയോടെയാണ്. ക്ലാസിക്കായിട്ടും ക്ലാസിൽ പഠിക്കേണ്ടാത്ത ഭാഷയായി മാറുന്ന മലയാളത്തെപ്പറ്റിയുള്ള ആശങ്കകൾ ഈ ലേഖകനും അവിടെ പങ്കുവച്ചു.

*ഖിലമായ് തീരുന്നു മനുഷ്യബന്ധവും*
*ഖിലമായ് തായ്മൊഴി മലയാളം*
*പോലും*
*അറിയുമോ വൃദ്ധസദനത്തിൽ പോയ*
*പഴയ "തന്ത"യെ പഴയ "തള്ള"യെ?*

എന്ന പുതുശ്ശേരിയുടെ വരികൾ ഇപ്പോഴും കാതിൽ മുഴങ്ങുന്നു. അതിരിക്കട്ടെ

വിവിധ രാജ്യക്കാരുടെ തൊഴിലിടമായ ടെക്നോപാർക്കിൽ നടന്ന ബഹുഭാഷാസംഗമം, കൂട്ടത്തിൽ ശ്രദ്ധേയമായി. മലയാളത്തിനുപുറമെ ഇറ്റാലിയൻ, ജർമ്മൻ, അറബിക്, തമിഴ്, കന്നട സംസ്കൃതം, തെലുങ്ക്, കൊങ്കിണി, മറാഠി, പഞ്ചാബി, ഒഡിയ തുടങ്ങിയ ഭാഷകളിലെ കവിതയും നാടോടിപ്പാട്ടുകളും പ്രഭാഷണങ്ങളും ഒക്കെയായി ടെക്കികൾ അരങ്ങു തകർത്തു. "പ്രതിധ്വനി" എന്ന സംഘടനയാണ് ഇതിനും നേതൃത്വം നൽകിയത്. ഈ പ്രവാ



സികളുടെ ഉണർവ് നമുക്ക് പാഠമാവേണ്ടതാണ്.


കേരളം ഇപ്പോൾ പണ്ടെന്നത്തേക്കാൾ ഭാഷാബഹുസ്വരതയുടെ നാടായിരിക്കുന്നു. കേരളത്തിന്റെ ജനസംഖ്യാഘടനയിലും സാംസ്കാരികഘടനയിലും അതിദ്രുതമായ പരിവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കയാണ്. ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഭാഷകളെല്ലാം ഇപ്പോൾ ഇവിടത്തെ പണിയിടങ്ങളിലും തെരുവകളിലും ഉയർന്നു കേൾക്കാം. അവിടങ്ങളിൽ നിന്ന് എത്തുന്ന ലക്ഷക്കണക്കായ തൊഴിലാളികളിലൂടെയാണ് ആ ഭാഷകൾ ഇവിടെ പ്രചരിക്കുന്നത്. ഇവിയ്ക്കിടയിൽ മലയാളം ന്യൂനപക്ഷഭാഷയാകുമോ എന്ന് ഭയക്കേണ്ടിയിരിക്കുന്നു. എന്നാൽ മലയാളമനസ്സുമായി ചേർന്ന മറുനാട്ടുകാരും കൂട്ടത്തിലുണ്ട് എന്ന് സമ്മതിച്ചേതീരൂ. അസമിൽ നിന്നു തൊഴിൽ തേടി എത്തിയ ഒരു ദരിദ്ര കുടുംബത്തിലെ ഒമ്പതു വയസ്സുകാരിയെ നാം അഭിമാനപൂർവം ഓർക്കുന്നുണ്ടല്ലോ. ഹിമാദ്രി മാജി എന്ന ഈ സ്കൂൾ വിദ്യാർഥിനി മലപ്പുറം ജില്ലയിലെ പുലാമന്തോളിനടുത്തുള്ള പാലൂർ എന്ന ഉൾനാടൻ ഗ്രാമത്തിലെ ഒരു സ്ക്കൂളിലാണ് പഠിക്കുന്നത്. മലയാളികളെക്കാൾ നന്നായി മലയാളം പഠിച്ച് ഈ കൊച്ചുകുട്ടി മാതൃക സൃഷ്ടിച്ചിരിക്കുന്നു. മനോഹരമായി കവിതകൾ ചൊല്ലുവാനും ഹിമാദ്രി മാജിക്ക് കഴിയുന്നു. അതിമനോഹരമായ കയ്യെഴുത്തിലൂടെയും ഈ പെൺകുട്ടി നമുക്ക് മാതൃകയായിരിക്കുന്നു (തിരുവനന്തപുരത്ത് പ്രൊഫ. പൻമന രാമചന്ദ്രൻ നായർ ഈ കുട്ടിക്കൊരുക്കിയ അഭിനന്ദനച്ചടങ്ങിൽ വച്ച് ആ കൈപ്പട കണ്ടപ്പോൾ വിസ്മയിച്ചുപോയി).

ദു:ഖസ്മതിയുണർത്തുന്നതാണ് ആചരണങ്ങളെല്ലാം. ലോകമാതൃഭാഷാദിനം ആഘോഷിക്കുകയല്ലേ വേണ്ടത്? എന്നാൽ കഥ അറിയുമ്പോൾ ഇവിടെ ആചരണമാവും നല്ലത് എന്ന് നമുക്ക് ബോധ്യമാവും.

### ബംഗ്ലാദേശിലെ രക്തസാക്ഷിത്വം

മാതൃഭാഷയുടെ അന്തസ് ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച ഒരു സംഘം യുവാക്കളുടെ സ്മരണയ്ക്കാണ് യുനസ്കോ ഫെബ്രുവരി 21 മാതൃഭാഷാദിനമായി ആചരിച്ചു തുടങ്ങിയത്. സ്വന്തം ഭാഷയോടുള്ള സ്നേഹം ഊട്ടിയുറപ്പിക്കുക. അതോടൊപ്പം മറ്റുള്ള ഭാഷകളെയും വ്യത്യസ്തസംസ്കാരങ്ങളെയും ഉൾക്കൊള്ളുക- ഇതാണ് ഈ ദിനാചരണത്തിന്റെ പൊരുൾ. ബംഗ്ലാദേശിലെ (പഴയ കിഴക്കൻ പാകിസ്ഥാൻ) ഒരു സംഘം യുവാക്കളുടെ ആത്മത്യാഗത്തിന്റെ കഥ ഇതിനുപിന്നിലുണ്ട്.

1947 ആഗസ്റ്റ് 15 ന് സ്വതന്ത്ര്യപ്രാപ്തിയൊടൊപ്പം ഇന്ത്യ-പാക് വിഭജനവും നടന്നല്ലോ. ഇന്നത്തെ ബംഗ്ലാദേശ് അന്ന് പാകിസ്ഥാന്റെ ഭരണത്തിൻ കീഴിലായിരുന്നു. ഇന്നത്തെ പാകിസ്ഥാൻ അന്ന് പടിഞ്ഞാറൻ പാകിസ്ഥാനായിരുന്നു. ഈ രണ്ടു രാജ്യങ്ങൾ തമ്മിൽ ദൂരത്തിലുള്ള അകൽച്ചയ്ക്കുപുറമെ സാംസ്കാരികമായും ഭാഷാപരമായും ഏറെ ഭിന്നതകൾ ഉണ്ടായിരുന്നു. പാക് ഗവർണർ ജനറലായിരുന്ന മുഹമ്മദാലി ജിന്ന 1948-ൽ ഉർദ്ദുവിനെ കിഴക്കൻ പാകിസ്ഥാന്റെ ഔദ്യോഗികഭാഷയായി പ്രഖ്യാപിച്ചു. ഈ തീരുമാനത്തോട് ജനങ്ങൾക്ക് യോജിപ്പില്ലായിരുന്നു. മുമ്പ് ബംഗാളിന്റെ ഭാഗമായിരുന്ന ആ പ്രദേശത്ത് ബംഗ്ലാളിഭാഷയും സംസ്കാരവും ആഴത്തിൽ വേരൂന്നിയിരുന്നു എന്നതാണ് കാരണം. വംഗദേശത്തിന്റെ ചരിത്രം തന്നെയാണ് ബംഗ്ലാദേശിത്തിനും ഉള്ളത്. ടാഗോറായിരുന്നു അവരുടെയും ദേശീയ കവി. ബംഗ്ലാദേശ് എന്ന പേരുതന്നെ ബംഗ്ലാളി ഭാഷയുമായുള്ള ആത്മബന്ധം സൂചിപ്പിക്കുന്നു. ഏഴുശതമാനം ജനങ്ങൾ മാത്രം സംസാരിക്കുന്ന ഉർദു അടിച്ചേൽപ്പിക്കുന്നതിനെതിരെ ജനങ്ങൾ പ്രക്ഷോഭണമാരാംഭിച്ചു. ഏഴു ശതമാനം ജനങ്ങൾ മാത്രം സംസാരിക്കുന്ന ഉർദ്ദുവിനു പകരം ബംഗാളി ഔദ്യോഗികഭാഷയാക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികളും ബുദ്ധിജീവികളും സമര രംഗത്തെത്തി. ജാതി മത പരിഗണനകൾക്കതീതമായി ഈ ഭാഷാസമരം ശക്തിയാർജിച്ചു. പാക്ഭരണകൂടം ഉർദ്ദുവിൽ ഉറച്ചുനിന്നതോടെ നാടെങ്ങും പ്രക്ഷോഭം വ്യാപിച്ചു. ധാക്കാ സർവ്വകാലാശാലയിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ സമരം അക്രമാസക്തമായപ്പോൾ പട്ടാളം വെടിവയ്പ്പു നടത്തി. നാല് വിദ്യാർത്ഥികൾ രക്തസാക്ഷികളായി. 1952 ഫെബ്രുവരി 21



നായിരുന്നു ഈ നരവേട്ട. ഇങ്ങനെ ബലികൊടുത്തായാലും മാതൃഭാഷയെ ഔദ്യോഗികഭാഷയായി അംഗീകരിപ്പിക്കുവാൻ അന്നാട്ടുകാർക്കു കഴിഞ്ഞു. ഇതിന്റെ സ്മരണയ്ക്കായാണ് എല്ലാവർഷവും ഈദിനം മാതൃഭാഷാദിനമായി ആചരിക്കുന്നത്. 1999 നവംബർ 17 നാണ് യുനസ്കോ ഈ തീരുമാനം പ്രഖ്യാപിച്ചത്. അടുത്ത വർഷം പാരീസിൽ ഈ ദിനാചരണത്തിന് തുടക്കമിട്ടു.

ആശയവിനിമയത്തിനുള്ള മാധ്യമം മാത്രമല്ല മാതൃഭാഷ. സംസ്കാരത്തിന്റെയും മുദ്രയാണത്. സമൂഹത്തിന്റെ ചരിത്രത്തിന്റെയും പൈതൃകത്തിന്റെയും ശേഖരമാണത്. സമൂഹത്തെ ഒന്നിപ്പിക്കുന്ന ചാലകശക്തിയും ഭാഷതന്നെ. വ്യക്തിയുടെ ആശയാഭിലാഷങ്ങൾ പൂർണമായും വെളിപ്പെടുത്താൻ മാതൃഭാഷയിലൂടെ മാത്രമേ കഴിയൂ. നമ്മുടെ വേരുകൾ കണ്ടെത്താനും അവ അനന്തര തലമുറയ്ക്ക് പകരാനും മാതൃഭാഷയ്ക്കുള്ള പങ്ക് വളരെ വലുതാണ്.

## ഉർദുവും ഹിന്ദിയും

വ്യത്യസ്തപ്രദേശങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ഭാഷകൾ അവിടങ്ങളിൽ വേരോടും. അമേരിക്കയിൽ ഉർദു നേടിയിട്ടുള്ള സ്വാധീനത്തെപ്പറ്റി വാഷിംഗ്ടൺ സർവകാലാശാലയിലെ ഭാഷാശാസ്ത്രവിഭാഗം പ്രൊഫസർ ഡോ.എം.ജെ. വാഴ്സി രേഖപ്പെടുത്തിയതോർക്കുന്നു.

In recent times, the idea of cultural awareness in the U.S has increased; thus allowing, for exmple, Urdu to be more culturally accepted (ഹിന്ദു ദിനപത്രം, 2015 ഫെബ്രുവരി 19) അമേരിക്കൻ സർവകലാശാലകളിലെ പാഠ്യ പദ്ധതിയിൽ ഹിന്ദിയും ഉൾപ്പെടുന്നു- ഡോ.വാഴ്സി പറയുന്നു. മാതൃഭാഷയിൽ തന്നെ പഠനം നടത്താനുള്ള അവസരം അവിടെ ധാരാളം വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നു. “മുശായിരകളും” ഇപ്പോൾ അമേരിക്കയിൽ പ്രചാരം നേടിയിരിക്കുന്നു. അലിഗർ മുസ്ലീം യൂണിവേഴ്സിറ്റി അലുമിനി അസോസിയേഷൻ അമേരിക്കയിലെ വിവിധ നഗരങ്ങളിൽ അവതരിപ്പിക്കുന്ന ‘മുശായിര’കളുടെ സ്വാധീനത്തെപ്പറ്റി ഡോ.വാഴ്സി എടുത്തു പറയുന്നുണ്ട്. മാതൃഭാഷയുടെ സ്വത്വവും പൈതൃകവും നിലനിർത്താൻ ഇത് സഹായകരമാണ്. വീടുകളിൽ അവരവരുടെ മാതൃഭാഷ ഉപയോഗിക്കുകയാണെങ്കിൽ കുട്ടികൾക്ക് അവരുടെ ഭാഷാപാരമ്പര്യം ഉൾക്കൊള്ളാൻ എളുപ്പത്തിൽ കഴിയും.

## മാസിഡോണിയയിലെ അനുഭവം

വംശഹത്യപോലെ തന്നെ ഭാഷാഹത്യയും നടക്കാറുണ്ട്. ഒരു രാജ്യത്ത് ആധിപത്യം ഉറപ്പിക്കാൻ അവിടത്തെ പ്രാദേശിക ഭാഷകളെ ഇല്ലായ്മ ചെയ്യേണ്ടത് സാമ്രാജ്യത്വത്തിന് അനിവാര്യമാണ്. ബ്രട്ടീഷ് അധിനിവേശകാലത്ത് ഇന്ത്യൻ ഭാഷകൾക്കുണ്ടായ ദുർഗതി ഇതിനുദാഹരണമാണല്ലോ. മാസിഡോണിയൻ ഭാഷയെ അടിച്ചമർത്തി ടർക്കിഷ്ഭാഷ പ്രമാണ്യം നേടിയതും മറക്കാൻ കഴിയില്ല ക്രൂരമായ വിധത്തിലായിരുന്നു ഈ അടിച്ചമർത്തൽ. ഭാഷയിൽ എഴുതപ്പെട്ടതെല്ലാം അഗ്നിക്കിരയാക്കി വിലപ്പെട്ട പുരാരേഖകളും ചരിത്ര രേഖകളും എല്ലാം നഷ്ടമായി. മാസിഡോണിയൻ ഭാഷാകൃതികൾ സൂക്ഷിക്കുന്നത് ശിക്ഷാർഹമായി. പലരും ജയിലഴിക്കുള്ളിൽ നരകയാതന അനുഭവിച്ചു കഴിഞ്ഞു. ഭാഷാ പ്രക്ഷോഭം ഏറ്റെടുത്തുകൊണ്ട് രണ്ടുപേർ രംഗത്തു വന്നു (മിലാദിനോവ സഹോദരൻമാർ എന്നാണ് ഇവർ അറിയപ്പെട്ടത്. ഇവരും തടവിലായി. വൈകാതെ രക്തസാക്ഷികളുമായി. മാസിഡോണിയ സ്വാതന്ത്ര്യം നേടിയപ്പോൾ മിലാദിനോവ് സഹോദരൻമാരെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിപിച്ചു. ഇവരുടെ സ്മരണയ്ക്കായി എല്ലാ വർഷവും മാസിഡോണിയയിൽ ലോകകാവ്യോത്സവം സംഘടിപ്പിച്ചു വരുന്നു.

## ഭാഷകൾ പകുതിയും മരിക്കും

ലോകത്ത് നിലവിൽ 7000 ഭാഷകളുണ്ടെന്നാണ് കണക്ക്. എന്നാൽ ആറുകൊല്ലത്തിനുള്ളിൽ ഈ ഭാഷകളിൽ പകുതിയും ഇല്ലാതെയാവും വാഷിംങ്ടൺ ആസ്ഥാനമായ എൻവയൺമെന്റൽ സയൻസസ് വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ റിപോർട്ടിലാണ് ഇക്കാര്യം വെളിപ്പെടുത്തിയിട്ടുള്ളത്.

നൂറു വർഷം കഴിയുമ്പോൾ ലോകത്ത് 2500 ഭാഷകളേ ഉണ്ടാവൂ. ഇവയിൽ ത്തന്നെ പത്തെണ്ണമേ ഒന്നാം നിരയിൽ കാണുകയുള്ളു. ഹിന്ദിയും ബംഗാളിയും ഒന്നാം നിരഭാഷകളുടെ പട്ടികയിലുണ്ട്. മൻഡാരിൻ, ഇംഗ്ലീഷ്, സ്പാനിഷ്, റഷ്യൻ, അറബിക്, പോർച്ചുഗീസ്, മലയ്-ഇൻഡോനീഷ്യൻ, ഫ്രഞ്ച് ഇവയാണ് മറ്റ് ഭാഷകൾ.

100 കോടി ആളുകൾ സംസാരിക്കുന്ന മൻഡാരിൻ ആണ് ലോകത്തിപ്പോൾ ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന ഭാഷ. ഇംഗ്ലീഷിനാണ് രണ്ടാംസ്ഥാനം-51.4 കോടി ആളുകൾ. ഹിന്ദി സംസാരിക്കുന്നവർ 49.6 കോടിയുണ്ട്. ബംഗാളി സംസാരിക്കുന്നവർ 21.5 കോടിയാണ്.

ഇംഗ്ലീഷ്ഭാഷ വ്യാപകമായ പ്രചാരം നേടുകയാണ്, പ്രത്യേകിച്ച് ചൈനയിൽ, ഇംഗ്ലീഷ് സംസാരിക്കുന്ന ചൈനാക്കാരുടെ എണ്ണം ഒരോ വർഷവും 20 ലക്ഷം എന്ന തോതിൽ വർധിക്കുന്നു. അമേരിക്കൻ സ്കൂളുകളിൽ ചൈനീസ് ഭാഷ സംസാരിക്കുന്ന കുട്ടികളുടെ എണ്ണം 2015-ൽ ഫ്രഞ്ചും ജർമനും സംസാരിക്കുന്ന കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതലായിരിക്കുമെന്ന് മേൽസൂചിപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ഭാഷകളുള്ളത് ഏഷ്യയിലാണ്. ആഫ്രിക്കയും പസിഫിക്കുമാണ് പിന്നാലെ വരുന്ന ഭാഷകൾ പപ്പുവന്യൂഗിനിയിലാണ് ഏറ്റവും കൂടുതൽ ഭാഷകൾ ഉള്ളത്-820 തൊട്ടുപിന്നാലെ 742 ഭാഷകളുമായി ഇൻഡോനീഷ്യയുണ്ട്. 427 ഭാഷകളാണ് ഇന്ത്യയിലുള്ളത്.

സംസാരിക്കാനും ആശയവിനിമയം നടത്താനും ആളുകൾ കുറയുന്നതാണ് ഭാഷകളുടെ അന്ത്യത്തിനു കാരണമായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. ചില വിദഗ്ധരുടെ അഭിപ്രായത്തിൽ ഒരു മാസം ഒരു ഭാഷ എന്ന രീതിയിൽ ലോകത്തുനിന്ന് അപ്രത്യക്ഷമാവുന്നു. മറ്റ് ചിലർ പറയുന്നത് രണ്ടാഴ്ച്ചതോറും ഒരു ഭാഷ വീതം മൺമറയുന്നു എന്നാണ്. എന്തായാലും ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ 90% ലോകഭാഷകളും മരിക്കുകയോ മറ്റ് പ്രബലഭാഷകൾക്ക് കീഴടങ്ങുകയോ ചെയ്യുമെന്ന് ചിലഭാഷാശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. ◆

ഡോ. എം. വി. തോമസ്

# മാതൃഭാഷയുടെ പ്രസക്തി

ഓരോ വർഷവും ഫെബ്രുവരി 21 മാതൃഭാഷാ ദിനമായി ലോകമെമ്പാടും ആഘോഷിച്ചുവരുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ ഉപസമിതിയായ യുനെസ്കോ 1999 നവംബർ 17-ന് നടത്തിയ ആഹ്വാനമനുസരിച്ചാണ് ഈ ആചരണം നടക്കുന്നത്. പിന്നീട് ബംഗ്ലാദേശ് ആയിത്തീർന്ന കിഴക്കൻ പാകിസ്ഥാനിൽ അവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും മാതൃഭാഷയായ ബംഗാളിഭാഷയെ അവഗണിച്ചുകൊണ്ട് പടിഞ്ഞാറൻ പാകിസ്ഥാനിലെ ഭാഷയായ ഉറുദുവിന് ഔദ്യോഗികഭാഷാ പദവി നൽകി. ഇതിൽ പ്രതിഷേധിച്ച് പ്രക്ഷോഭണം നടത്തിയ ധാക്കാ സർവകലാശാലയിലെ ബംഗാളികളായ വിദ്യാർത്ഥികളിൽ നാലുപേർ 1952 ഫെബ്രുവരി 21-ന് പോലീസിന്റെ വെടിയേറ്റു മരിച്ചു. സ്വന്തം ഭാഷയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിച്ച ഈ യുവധീരന്മാരെ അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിനൊപ്പം ഓരോ ജനതയുടെയും മാതൃഭാഷയ്ക്ക് അർഹമായ അംഗീകാരവും പ്രോത്സാഹനവും നല്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയും ചെയ്യുക എന്നതാണ് അന്താരാഷ്ട്ര മാതൃഭാഷാദിനാചരണത്തിന്റെ ഉദ്ദേശ്യം. ബംഗ്ലാദേശിൽ ഈ ദിനം പൊതുഅവധിയായി പ്രഖ്യാപിച്ചിട്ടുണ്ട്.

ലോകത്തിൽ അസംഖ്യം ഭാഷകളുണ്ട്. അവയിൽ നമ്മുടെ സ്വന്തം ഭാഷയാണ് മാതൃഭാഷ. അതിന് 'മാതാവിന്റെ ഭാഷ' എന്ന അർഥകൽപനയാണ് നാം പലപ്പോഴും നൽകാറുള്ളത്. എന്നാൽ മാതൃഭാഷ നമ്മുടെ അമ്മ തന്നെയാണ്. 'മർത്ത്യന് പെറ്റമ്മ തൻ ഭാഷതാൻ' എന്ന് മഹാകവി വള്ളത്തോൾ എഴുതിയിട്ടുള്ളത് ശ്രദ്ധേയമാണ്. നമ്മുടെ വ്യക്തിത്വവും സംസ്കാരവും വികാരവിചാരങ്ങളും ആശയവിനിമയശേഷിയും വളർത്തുന്നതിൽ മുഖ്യപങ്ക് വഹിക്കുന്നത് ഈ പെറ്റമ്മായാണ്.

മറ്റുഭാഷകളെല്ലാം നാം അത്യധ്വാനം ചെയ്ത് പഠിച്ചെടുക്കുന്നവയാണ്. എന്തെങ്കിലും പ്രയോജനമോ ലക്ഷ്യമോ മുൻ നിർത്തിയായിരിക്കും നാം അവ പഠിക്കുന്നത്. എന്നാൽ എന്തെങ്കിലും പ്രത്യേക ഉദ്ദേശ്യത്തോടെ നാം ബോധപൂർവം പഠിക്കുന്ന ഭാഷയല്ല മാതൃഭാഷ. ആ ഭാഷ സ്വാഭാവികമായിത്തന്നെ നമ്മുടെ സിരാപടലങ്ങളിലേക്ക് വ്യാപിക്കുകയും മജ്ജയിലും പ്രജ്ഞയിലും അലിഞ്ഞു ചേരുകയും ചെയ്യുന്നു. ഗർഭത്തിൽ ഉരുവാകുന്ന നിമിഷം മുതൽ ഗാർഹികാന്തരീക്ഷത്തിൽ നിന്ന് പഠിക്കുകയും ജനനശേഷം ആദ്യം കുടുംബത്തിലും പിന്നീട് സമൂഹത്തിലും ഉപയോഗിക്കുകയും ചെയ്യുന്ന മാതൃഭാഷയോട് നമുക്കുള്ള ബന്ധം ഒരേ സമയം തന്നെ വൈകാരികവും ബൗദ്ധികവുമാണ്. നമ്മുടെ അസ്തിത്വം ഈ ഭാഷയുമായി അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. അമ്മയോടെന്ന വണ്ണം ആയുഷ്കാലം മുഴുവൻ നാം അതിനോട് കടപ്പെട്ടിരിക്കുന്നു. അതിനാലാണ് ആ ബന്ധം വൈകാരികമാകുന്നത്. വികാരാവിഷ്കാരത്തിന് ഏറ്റവും സമർഥമായ ഭാഷ മാതൃഭാഷയാണ്. അതുകൊണ്ടുതന്നെയാണ് മലയാളികൾ മലയാള സാഹിത്യത്തിന് നൽകുന്ന സംഭാവനയ്ക്ക് സമാനമായ സംഭാവന ഇംഗ്ലീഷ് ഭാഷയ്ക്കോ ഹിന്ദി ഭാഷയ്ക്കോ മറ്റേതെങ്കിലും ഭാഷയ്ക്കോ നൽകാത്തത്. രണ്ട് നൂറ്റാണ്ടിലേറെക്കാലമായി അതികർക്കശമാംവിധം ഇംഗ്ലീഷ് ഭാഷ പഠിച്ചിട്ടും ആംഗലസാഹിത്യത്തിന് ഗണ്യമായ എന്തെങ്കിലും സംഭാവന നൽകാൻ കഴിഞ്ഞിട്ടുള്ള മലയാളികൾ നന്നേ വിരളമാണ്. എന്നാൽ സമുന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇംഗ്ലീഷ് അധ്യാപകരമായി പ്രശസ്തി നേടിയ എം. പി. പോൾ, അയ്യപ്പപ്പണിക്കർ, വിഷ്ണുനാരായണൻ നമ്പൂതിരി, സച്ചിദാനന്ദൻ, ജി.എൻ. പണിക്കർ തുടങ്ങി

നിരവധി പേർ മലയാള സാഹിത്യത്തിന്റെ ഉത്തുംഗ ശൃംഖങ്ങളിൽ ശോഭിച്ചവരാണ്.

**ചിന്തയും മാതൃഭാഷയും**

ചിന്തയും മാതൃഭാഷയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു മനുഷ്യൻ ആദ്യം പഠിക്കുന്ന ഭാഷയാവും അയാളുടെ ചിന്താമാധ്യമം. സാമാന്യേന അത് മാതൃഭാഷയായിരിക്കും. അതിനാൽ ചിന്തയുടെയും ആശയാവിഷ്കാരത്തിന്റെയും ആശയ ഗ്രഹണത്തിന്റെയും മാധ്യമം ഒന്നുതന്നെയാവുമ്പോൾ മാത്രമാണ് അവയോരോന്നും നൈസർഗികവും ശക്തവുമാവുന്നത്. ഭരണ-വിദ്യാഭ്യാസ മണ്ഡലങ്ങളിൽ മാതൃഭാഷാമാധ്യമത്തിന്റെ പ്രസക്തിയും ഇതുതന്നെയാണ്. വക്താവിനും ശ്രോതാവിനും ഏറ്റവും ഭംഗിയായി മനസ്സിലാവുന്നതും ഏറ്റവും ഭംഗിയായി ആശയാവിഷ്കാരം നടത്താവുന്നതുമായ ഭാഷയാണത്. സ്വന്തനാട്ടിൽ ഏതെങ്കിലുമൊരു കാര്യത്തിന് പരദേശ ഭാഷ ഉപയോഗിച്ചേ മതിയാവൂ എന്നഘട്ടം വരുമ്പോൾ പിന്നെ മണ്ണിൽത്തന്നെ നാം അന്യരായിത്തീരുന്നു. ഈ നാടിനോടും ഈ സംസ്കാരത്തോടും നമുക്കുള്ള മമതാബന്ധം അറ്റുപോവാൻ ഇത് ഇടവരുത്തുന്നു. മാനസികമായ അടിമത്തം ഒരു സ്വഭാവ വിശേഷമായി മാറുന്നത് ഈ സാഹചര്യത്തിലാണ്.

ഈ പറഞ്ഞതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. മലയാളിയെ സംബന്ധിച്ചിടത്തോളം മലയാളം വെറും ആയിരത്തിലൊരുഭാഷയല്ല. അവന്റെ അസ്തിത്വത്തിന്റെ ആണിക്കല്ലാണത്. വിവിധകാരണങ്ങളാൽ അവന് മറ്റ് ഭാഷകൾ പഠിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടി വന്നേക്കാം. ബന്ധഭാഷ, വിജ്ഞാനസ്രോതസ്സ്, ശാസ്ത്രസാങ്കേതിക ഭാഷ, ബിസിനസ്സ് ഭാഷ, അന്താരാഷ്ട്രഭാഷ എന്നിങ്ങനെ വിവിധ തലങ്ങളിൽ ഇംഗ്ലീഷിന് ഇനിയും ഏറെക്കാലം ഇവിടെ പ്രസക്തി ഉണ്ടായിരിക്കും. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ഭാഷയെന്ന നിലയിൽ ദേശീയ ഭാഷയും നമുക്ക് അനിവാര്യമാണ്. നമ്മുടെ പൗരാണിക സംസ്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും ഈറ്റില്ലമെന്ന നിലയിൽ സംസ്കൃതപരിജ്ഞാനം നമുക്ക് വലിയൊരു സമ്പത്താണ്. തൊഴിൽ പരമായ ആവശ്യങ്ങൾക്കായി അല്ലെങ്കിൽ മതകാര്യങ്ങൾക്കായി അറബിയോ മറ്റു ചില ഭാഷകൾ പഠിക്കേണ്ടിവന്നേക്കാം. ഏതൊരു പുതിയഭാഷ അഭ്യസിക്കുന്നതും നമ്മുടെ മാനസികവും വൈജ്ഞാനികവും സാംസ്കാരികവുമായ ചക്രവാളങ്ങൾ വികസിപ്പിക്കും. എന്നാൽ ഇവയ്ക്കൊന്നിനും തന്നെ മാതൃഭാഷയ്ക്ക് പകരം നിൽക്കുവാൻ കഴിയുകയില്ല. കേരള സംസ്ഥാനത്തിനകത്ത് മലയാളിയും മലയാളിയും തമ്മിൽ ഇടപെടുന്ന എല്ലാകാര്യങ്ങൾക്കും ഉപയോഗിക്കുവാനുള്ള ഭാഷയാണ് നമ്മുടെ മാതൃഭാഷയായ മലയാളം. ഈ അവസ്ഥ കൈവന്നാൽ മാത്രമേ നാം ഒരു പരിഷ്കൃത ജനസമൂഹമായിത്തീരുകയുള്ളൂ. ശ്രോതാക്കൾ മലയാളികളായിരുന്നാലും അവരോട് ഇംഗ്ലീഷിൽ പ്രസംഗിക്കാൻ നമ്മുടെ ആളുകൾക്ക് ലജ്ജയില്ല. നമ്മുടെ പലകുട്ടികൾ ആയുസ്സിൽ ആദ്യമായി പഠിക്കുന്ന അക്ഷരം പോലും അന്യഭാഷയിലേതായിരിക്കുന്നു. അച്ഛനും അമ്മയും അമ്മാവനും അപ്പച്ചിയുമൊക്കെ ഈ നാട്ടിൽ നിന്ന് അന്തർധാനം ചെയ്തുകൊണ്ടിരിക്കുന്നു. അതിനുപകരം പപ്പായും മമ്മിയും അങ്കിളും ആന്റിയും മറ്റും കൊടികുത്തിവാഴുന്നു. ഈ ദുഷ്പ്രവണത പാടേ അവസാനിപ്പിച്ച് നമ്മുടെ സ്വകാര്യജീവിതത്തിലും സാമൂഹിക ജീവിതത്തിലും പരമോന്നത സ്ഥാനം നല്കണമെന്ന സന്ദേശമാണ് മാതൃഭാഷാ ദിനം നമുക്ക് നല്കുന്നത്. ഇന്ന് ലോകത്തിൽ മറ്റൊരിടത്തും കാണാത്ത വിധം മാതൃഭാഷയും ജനതയും തമ്മിലുള്ള വൈകാരികവും ധിഷണാപരവുമായ രക്തബന്ധം ഈ നാട്ടിൽ ഏറ്റവും ദുർബലമായിത്തീർന്നിരിക്കുന്നു. മലയാളികളുടെ സാംസ്കാരിക പരാജയത്തിനും വ്യതിരിക്തതാ രാഹിത്യത്തിനും മൂല്യത്തകർച്ചയ്ക്കും മുഖ്യകാരണം ഇതാണെന്ന് കരുതേണ്ടിയിരിക്കുന്നു.

ഇംഗ്ലീഷ് ഭാഷ ഇംഗ്ലീഷുകാരന്റെയും തമിഴ് ഭാഷ തമിഴന്റെയും എന്നപോലെ മലയാളഭാഷ മലയാളിയുടെയും സാംസ്കാരിക ജീവിതത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആശയവിനിമയത്തിനുള്ള ഒരു പാധി എന്നതിലുപരി അതത് മനുഷ്യസമൂഹത്തിന്റെ ഉദ്ഭവം മുതൽ ഇതഃപര്യന്തമുള്ള സവിശേഷതകൾ ആകെക്കൂടി അവരുടെ ഭാഷയിൽ അലിഞ്ഞു ചേർന്നിട്ടുണ്ടാവും. ഈ സവിശേഷതകളുടെ ആകെത്തുകയെയാണ് നാം സംസ്കാരം എന്ന് വ്യവഹരിക്കുന്നത്. മലയാളത്തെ അവഗണിക്കുന്ന മലയാളിക്ക് കേരള സംസ്കാരവും കേരളീയ മൂല്യങ്ങളും ഉൾക്കൊള്ളാൻ പ്രയാസമാണ്. ഈ സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ 50 ശതമാനത്തോളം പേർ ഇപ്പോൾ മലയാളം പഠിക്കുന്നില്ല എന്നാണ് അനൗദ്യോഗികക്കണക്കുകളിൽ നിന്ന് മനസ്സിലാവുന്നത്. കേരളസിലബസ്സിൽപ്പോലും ഒന്നാം ഭാഷയായി മലയാളം പഠിക്കണമെന്ന് നിർബന്ധമില്ല. മലയാളത്തിനു പകരം സംസ്കൃതം, അറബി, സുറിയാനി, ഇംഗ്ലീഷ് തുടങ്ങി അവരവരുടെ താത്പര്യമനുസരിച്ച് ഏതെങ്കിലും ഭാഷ പഠിച്ചാൽ മതിയാവും. കേന്ദ്രീയ സിലബസ്സുള്ള സ്കൂളുകളിൽ സെക്കൻഡറി-ഹയർസെക്കൻഡറി തലങ്ങളിൽ മലയാളത്തിന് കാര്യമായ സ്ഥാനമില്ല. സ്വകാര്യമേഖലയിലെ നേഴ്സറി-പ്രൈമറി വിദ്യാഭ്യാസം ഇപ്പോൾ സാമാന്യേന ഇംഗ്ലീഷിലാണ് നടക്കുന്നത്. തികച്ചും ആത്മഹത്യാപരമായ ഒരു അവസ്ഥാവിശേഷമാണിത്.

നമ്മുടെ മാതൃഭാഷയായ മലയാളം 'ഇട്ടവട്ടത്തിലുള്ള പൊട്ടഭാഷ' യാണെന്നും ഇത് പഠിച്ചു പോയാൽ പ്പിന്നെ ഉപരിപഠനവും തൊഴിൽ ലഭ്യതയും സുഗമമാക്കുന്ന ഇംഗ്ലീഷ് പഠനം ക്ലേശകരമായിത്തീരുമെന്നുള്ള നല്ലൊരു ഭാഗം രക്ഷിതാക്കളുടെ തെറ്റിദ്ധാരണയാണ് ഈ എല്ലാക്കുഴപ്പങ്ങൾക്കും കാരണമെന്ന് കരുതേണ്ടിയിരിക്കുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ച ഏതാണ്ട് രണ്ടു നൂറ്റാണ്ടുകാലം മാതൃഭാഷയിൽ പ്രാഥമിക പഠനം (അഞ്ചാംക്ലാസ് വരെ) പൂർത്തിയാക്കാത്തയാതൊരാൾക്കും ഇംഗ്ലീഷ് പഠിക്കാൻ അവസരം നല്കിയിരുന്നില്ല. അന്നെന്ന പോലെ ഇന്നും പരിഷ്കൃതരാജ്യ



ങ്ങളിലെ വിദ്യാഭ്യാസ വിചക്ഷണരും മനഃശ്ശാസ്ത്രവിദഗ്ധരും ഊന്നിപ്പറയുന്നത് 'അന്യഭാഷാ പഠനത്തിന് മാതൃഭാഷയുടെ അടിത്തറ അനിവാര്യമാണ്' എന്നാണ്. 1956-ൽ കേരള സംസ്ഥാനം രൂപവത്കരിക്കപ്പെട്ട ശേഷമാണ് നേഴ്സറി-പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠനവും ഇംഗ്ലീഷ് മാധ്യമവും നടപ്പായത്. ഈ നയവ്യതിയാനം മൂലമാണ് കേരളത്തിൽ മലയാളത്തിന്റെയും ഇംഗ്ലീഷിന്റെയും പഠനത്തിൽ ഗുരുതരമായ നിലവാരത്തകർച്ച ഉണ്ടായത്.

### മലയാളത്തിന്റെ മഹിമ

ലോകത്തിൽ ആയിരക്കണക്കിന് ഭാഷകളുള്ളതിൽ, സംസാരിക്കുന്നവരുടെ എണ്ണം കൊണ്ട് മലയാളത്തിന് 28-ാമത്തെ സ്ഥാനമുണ്ട്. (മലയാള മനോരമ ഇയർ ബുക്ക്-ഇംഗ്ലീഷ് 2012, പുറം 445-ലെ പട്ടിക കാണുക). പൊതുവെ ഉച്ചരിക്കുന്നതുപോലെ എഴുതുകയും എഴുതുന്നതുപോലെ വായിക്കുകയും ചെയ്യുന്ന വിശിഷ്ടമായൊരു ഭാഷയാണ് മലയാളം. മിക്കവാറും എല്ലാ ഭാഷകളിലെയും പദങ്ങൾ അപ്പടി മലയാളത്തിൽ എഴുതാൻ കഴിയും. അതുപോലെ അന്യഭാഷാപദങ്ങൾ യഥാവിധി ഉച്ചരിക്കാനും മലയാളിക്ക് ബുദ്ധിമുട്ടില്ല. ഏതു നാട്ടിൽ ചെന്നാലും അവിടത്തെ ഭാഷ ബുദ്ധിമുട്ടു കൂടാതെ എളുപ്പത്തിൽ പഠിക്കാൻ കഴിയുന്നത് മലയാള ഭാഷയുടെ ഈ വക സവിശേഷതകൾ കൊണ്ടാണ്. പരകീയപദങ്ങളെ നമുക്ക് എളുപ്പത്തിൽ സ്വന്തമാക്കാൻ കഴിയുന്നതിന്റെ കാരണവും ഇതുതന്നെയാണ്. പുരാതന കേരളത്തിൽ വാണിജ്യത്തിനെത്തിയ അറബികൾ, ഗ്രീക്കുകാർ, പേർഷ്യാക്കാർ തുടങ്ങിയവരുടെയും 15-ാം നൂറ്റാണ്ടിനു ശേഷം എത്തിയ പോർട്ടുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയവരുടെയും ഭാഷകളിൽ നിന്ന് നൂറുകണക്കിന് പദങ്ങൾ മലയാളത്തിലേക്ക് എടുത്തു. ഭാരതത്തിന്റെ ഇതരഭാഗങ്ങളിലും വിദേശങ്ങളിലും തൊഴിൽ തേടിപ്പോയ എണ്ണമറ്റ മലയാളികൾ നമ്മുടെ പദസമ്പത്ത് വർദ്ധിപ്പിച്ചു. കൂടാതെ തമിഴിൽ നിന്ന് രൂപാന്തരപ്പെട്ടുണ്ടായ ഭാഷയെന്ന നിലയിൽ തമിഴിലെ ഒട്ടേറെപ്പദങ്ങൾ മലയാളത്തിൽ നിലനിന്നു. ദ്രാവിഡ ഭാഷാഗോത്രത്തിൽ ഉൾപ്പെട്ട മലയാളം തമിഴിനു പുറമേ കന്നഡ, തെലുങ്ക് എന്നീഭാഷകളിൽ നിന്നും പദങ്ങൾ സ്വീകരിച്ചു. എന്നാൽ നമുക്ക് ഏറ്റവും കൂടുതൽ പദങ്ങൾ ലഭിച്ചത് സംസ്കൃതത്തിൽ നിന്നാണ്. മലയാളം ആര്യഭാഷാഗോത്രത്തിൽപ്പെടുന്നില്ലെങ്കിലും കേരളീയ സമൂഹത്തിൽ നമ്പൂതിരിമാർക്ക് ഉണ്ടായിരുന്ന അതുല്യസ്ഥാനവും സ്വാധീനവും അവരുടെ സംബന്ധ സമ്പ്രദായവും ഇവിടെ സംസ്കൃത ഭാഷയുടെ പ്രചുരപ്രചാരത്തിന് ഇടവരുത്തി. ഇന്ന് മലയാളത്തിൽ സാധാരണ ഉപയോഗിക്കുന്ന സംസാരഭാഷയിൽപ്പോലും അമ്പത് ശതമാനത്തോളം സംസ്കൃത പദങ്ങൾ ഉപയോഗിക്കുന്നുണ്ട്. ലിഖിത ഭാഷയിൽ ഈ തോത് അതിലുമധികമായിരിക്കും. അന്യഭാഷാപദങ്ങൾ ഉൾക്കൊണ്ട് ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നതിലൂടെയാണ് ഒരു ഭാഷ വളർച്ച പ്രാപിക്കുന്നത്. ഇക്കാര്യത്തിൽ ഇംഗ്ലീഷിനോട് കിടപിടിക്കത്തക്ക വളർച്ചാശേഷിയാണ് മലയാളത്തിനുള്ളത്. സർഗാത്മക സാഹിത്യത്തിലും വൈജ്ഞാനിക സാഹിത്യത്തിലും ഇന്ത്യയിൽ ഏറ്റവും സമുന്നതമായ സ്ഥാനത്തെത്താൻ മലയാളത്തെ സഹായിച്ചത് നമ്മുടെ സമ്പന്നമായ പദാവലിയാണ്. ഋജുവും ലളിതവുമാണ് നമ്മുടെ ഭാഷാഘടന. കർത്താവ് ഒരാളോ രണ്ടാളോ സ്ത്രീയോ പുരുഷനോ ആരുമാകട്ടെ ക്രിയാരൂപത്തിൽ നാം ഒരേ രൂപം തന്നെ സ്വീകരിച്ചിരിക്കുന്നു. സംസ്കൃതത്തിലെപ്പോലെ പല ഭാഷകളിലും കർത്താവിനൊത്ത് ക്രിയാരൂപത്തിലും മാറ്റം വരും. ലിംഗ നിർണയം മലയാളത്തിൽ അതീവ ലളിതമാണ്. സ്ത്രീജാതിയിൽപ്പെട്ടതെല്ലാം സ്ത്രീലിംഗം; പുരുഷജാതിയിൽപ്പെട്ടവയെല്ലാം പുല്ലിംഗം. പലഭാഷകളിലും പദരൂപത്തെ ആസ്പദമാക്കിയാണ് ലിംഗം നിർണയിക്കുന്നത്. അവനധി ഭാഷകൾ പഠിച്ച അർണോസ് പാതിരി, ഗുണ്ടർട്ട്, ബെയ്‌ലി തുടങ്ങിയ വിദേശമിഷണറിമാർ ഈ സവിശേഷതകളിൽ ആകൃഷ്ടരാവുകയും മലയാളഭാഷയെ അങ്ങേയറ്റം സ്നേഹിക്കുകയും ചെയ്തു.

ഇന്നത്തെ ലജ്ജാകരമായ മാനസിക അടിമത്തത്തിൽ നിന്നും സാംസ്കാരിക അധഃപതനത്തിൽ നിന്നും കരകയറാൻ മലയാളിക്ക് ഇനി ഒരു മാർഗമേ ഉള്ളൂ-മലയാളം തന്റെ പെറ്റമ്മയാണെന്നും ഏതു വിധത്തിൽ നോക്കിയാലും അതൊരു ശ്രേഷ്ഠഭാഷയാണെന്നും തിരിച്ചറിയുക. അതിന്റെ അഭ്യുന്നതിക്കുവേണ്ടി ജീവത്യാഗം ചെയ്യാൻ പോലും നാം സന്നദ്ധരാവണമെന്ന ഉദ്ബോധനമാണ് മാതൃഭാഷാദിനം നമുക്ക് നൽകുന്നത്.

◆

ഡോ. എച്ച്.ആർ. കേശവമൂർത്തി



# നിതി ആയോഗ്

## ഇന്ത്യയുടെ വികസനത്തെ സഹകരണ, മത്സരാധിഷ്ഠിത ഫെഡറലിസത്തിലൂടെയുള്ള ഘടനാപരമായ മാറ്റം വഴി പരിവർത്തനം ചെയ്യുന്നു

കഴിഞ്ഞ 65 വർഷം കൊണ്ട് ജനസംഖ്യ 121 കോടിയായി വർദ്ധിച്ചതിലൂടെ ഇന്ത്യയ്ക്ക് വമ്പിച്ച മാറ്റം കൈവന്നിട്ടുണ്ട്. വികസനം, സാക്ഷരത, ആശയവിനിമയം എന്നിവയുടെ വളർച്ചാതലങ്ങൾ വികസിക്കുകയും ഭരണസംവിധാനത്തിന് മാറ്റങ്ങളും പുതുമകളും ആവശ്യമായി വരികയും ചെയ്തു. കാർഷിക മേഖലയുടെ സംഭാവന ജി.ഡി.പി.യുടെ 50 ശതമാനത്തിലധികമുണ്ടായിരുന്നതിൽ നിന്നും 15 ശതമാനത്തിലേക്ക് കൂപ്പുകുത്തുകയും സ്വകാര്യമേഖല ആഗോളാടിസ്ഥാനത്തിൽ ഊർജ്ജസ്വലവും ചലനാത്മകവുമായ ഒരു ശക്തിയായി മാറുകയും ചെയ്തു. ആദ്യ പഞ്ചവത്സര പദ്ധതിയുടെ വലിപ്പം (അടങ്കൽ) 2,400 കോടിയായിരുന്നുവെങ്കിൽ 12-ാം പഞ്ചവത്സര പദ്ധതിയുടേത് 43 ലക്ഷം കോടിയാണ്. അതിനേക്കാളുമുപരി കഴിഞ്ഞ നാലു പതിറ്റാണ്ടായി സംസ്ഥാനങ്ങൾ ദേശീയ വികസനത്തിന്റെ യഥാർത്ഥ സാരഥികളാകാൻ കേന്ദ്രത്തിന്റെ വെറും പിൻതുടർച്ചക്കാർ എന്നതിനു പകരമായി ദേശീയ വികസനത്തിൽ മുഖ്യപങ്കാളികളായി മാറി. അതുകൊണ്ടുതന്നെ രാജ്യത്തിന്റെ വളർച്ച സംസ്ഥാനങ്ങളുടെ വളർച്ചയിലാണ് നിലകൊള്ളുന്നത്.

മുമ്പുണ്ടായിരുന്ന ആസൂത്രണ കമ്മീഷനിലെ വിദഗ്ധർ ഉൾപ്പെടെയുള്ളവർ രാജ്യത്തിൽ നിന്നും ഇതര രാജ്യങ്ങളിൽ നിന്നുമുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സംവിധാനത്തിന് പകരം പുതിയ ഒന്നിനെ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

പ്രധാനമന്ത്രിയാണ് നിതി ആയോഗിന്റെ ചെയർപേഴ്സൺ. ഭരണനിർവ്വഹണ സമിതിയിൽ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മുഖ്യമന്ത്രിമാർ, കേന്ദ്രഭരണപ്രദേശങ്ങളിലെ ലഫ്റ്റനന്റ് ഗവർണ്ണർമാർ, ഒന്നിലധികം സംസ്ഥാനങ്ങളുടെയോ പ്രദേശങ്ങളുടെയോ സവിശേഷ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ രൂപീകരിച്ച പ്രാദേശിക സമിതികളും ഉൾപ്പെടുന്നു. വിദഗ്ധർ, പ്രത്യേക വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചവർ, ഡോക്ടർമാർ, പ്രധാനമന്ത്രി നോമിനേറ്റ് ചെയ്യുന്ന ക്ഷണിതാക്കൾ എന്നിവരുടെ ആലോചനാസമിതി വൈസ് ചെയർമാനെ സഹായിക്കാൻ ഉണ്ടാകും. രണ്ട് ഫുൾടൈം, പാർട്ട് ടൈം അംഗങ്ങളാണ് മറ്റുള്ളവർ. മുൻഗണനാക്രമങ്ങളും

തന്ത്രങ്ങളും രൂപഭാവങ്ങളും മുൻകാലത്തെ അനുഭവത്തിന്റെ വെളിച്ചതിൽ മാറേണ്ടതുണ്ട്.

കേന്ദ്രഗവൺമെന്റ് നിതി ആയോഗ് (നാഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ ട്രാൻസ്ഫോർമിംഗ് ഇന്ത്യ) എന്ന സ്ഥാപനത്തെ ആസൂത്രണ കമ്മീഷന് പകരമായി കൊണ്ടുവന്നതും അതുവഴി ഇന്ത്യയിലെ ജനങ്ങൾക്ക് അവരുടെ ആശയാഭിലാഷങ്ങളും ആവശ്യങ്ങളും നിറവേറ്റാൻ സാധിക്കുംവിധം, ആസൂത്രണ കമ്മീഷനെ മാറ്റി. വളർച്ചയുടെ രാസത്വരകമായി നിന്നുകൊണ്ട് ഉചിതമായ അന്തരീക്ഷ സൃഷ്ടിയും നിതിയുടെ രൂപീകരണത്തിന് പ്രേരണയായി. ചെറുകിട സ്വയംതൊഴിൽ സംരംഭകരുടെയും വലിയ കോർപ്പറേഷനുകളുടെയും ഊർജ്ജം സാമ്പത്തിക വളർച്ചയ്ക്കുപയോഗപ്പെടുത്താനും പുതിയ സംവിധാനത്തിനു കഴിയും.

ആദ്യം നയം രൂപീകരിക്കുകയും പിന്നീട് ഫണ്ട് വകയിരുത്തുമ്പോൾ മാത്രം സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കുക എന്ന ആസൂത്രണ കമ്മീഷന്റെ പതിവ് രീതിയിൽ നിന്നും വ്യത്യസ്തമായി നിതി ആയോഗിൽ കൂടിയാലോചനകളുടെ ഫലമായിട്ടാണ് അവസാനം നയം രൂപീകരിക്കുക. നിതി ആയോഗ് ഒരു ആലോചനാസമിതി മാത്രമാണ്. നയം ചുമത്താൻ അധികാരവുമില്ല. ആസൂത്രണ കമ്മീഷനാകട്ടെ സംസ്ഥാനങ്ങൾക്കുള്ള നയം തീരുമാനിക്കുകയും "ഒരു പ്രമാണം എല്ലാവർക്കും അനുയോജ്യം" എന്ന സങ്കൽപ്പത്തിലൂടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചാൽ ഫണ്ടുകൾ വകയിരുത്തുകയും ചെയ്യുന്നു.

## നിതി ആയോഗും ആസൂത്രണ കമ്മീഷനും തമ്മിലുള്ള വ്യത്യാസങ്ങൾ

ആസൂത്രണ കമ്മീഷന് മന്ത്രാലയങ്ങൾക്കും, സംസ്ഥാനങ്ങൾക്കും ഫണ്ട് വകയിരുത്താനുള്ള അധികാരം ഉണ്ടായിരുന്നു. നിതി ആയോഗ് ഒരു ഉപദേശക സമിതിയോ ആലോചനാ സമിതിയോ ആണ്. ആസൂത്രണ കമ്മീഷനു കീഴിൽ ദേശീയ വികസന കൗൺസിലിൽ സംസ്ഥാനങ്ങൾക്കുള്ള പങ്ക് പരിമിതമായിരിക്കും. എന്നാൽ നിതി ആയോഗിൽ മുഖ്യമന്ത്രിമാരും, കേന്ദ്രഭരണ പ്രദേശങ്ങളിലെ ലഫ്റ്റനന്റ് ഗവർണ്ണർമാരും ഉൾപ്പെടെ ഭരണനിർവ്വഹണ സമിതിക്ക് എല്ലാ അധികാരവും ഉണ്ടായിരിക്കും. ദേശീയ വികസന മുൻഗണനാ ക്രമങ്ങളെ ക്രമാനുഗതമായി സഹായിക്കുകയും സഹകരണാടിസ്ഥാനത്തിലുള്ള ഫെഡറലിസത്തെ ശക്തിപ്പെടുത്തുന്ന വിധത്തിൽ ശക്തമായ സംസ്ഥാനങ്ങൾ ശക്തമായ രാജ്യത്തെ സൃഷ്ടിക്കും എന്നതിനെ അംഗീകരിക്കുകയുമാണ് നിതി ആയോഗിന്റെ രൂപീകരണ ലക്ഷ്യം.

## നിതി ആയോഗിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

വികസന പ്രക്രിയയ്ക്ക് നിർണ്ണായകമായ നിർദ്ദേശങ്ങൾ പ്രദാനം ചെയ്യുകയും തന്ത്രപ്രധാനമായ വിവരങ്ങൾ പകർന്നു






കൊടുക്കുകയും ചെയ്യുക എന്നതാണ് നിതി ആയോഗിന്റെ ഉദ്ദേശ്യലക്ഷ്യം. ആസൂത്രണ കമ്മീഷൻ യുഗത്തിന്റെ മുഖമുദ്ര കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിലേക്ക് ഒരേ വഴിയിലൂടെയുള്ള നയത്തിന്റെ രൂപീകരണ ഒഴുക്ക് ആയിരുന്നുവെങ്കിൽ സംസ്ഥാനങ്ങളുടെ യഥാർത്ഥവും തുടർച്ചയുള്ളതുമായ പങ്കാളിത്തമാണ് നിതി ആയോഗിലൂടെ പകരം ലഭ്യമാകുന്നത്. മെച്ചപ്പെട്ട കേന്ദ്ര-സംസ്ഥാന ഏകോപനവും മെച്ചപ്പെട്ട മന്ത്രിതല ഏകോപനവും സാധ്യമാക്കിക്കൊണ്ട് നയങ്ങൾ നടപ്പാക്കാനാണ് നിതി ആയോഗ് ലക്ഷ്യം വെയ്ക്കുന്നത്.

സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും സഹകരണ ഫെഡറലിസത്തിന്റെ മാതൃക ഊട്ടിയുറപ്പിച്ചുകൊണ്ട്, ടീം ഇന്ത്യ, എന്ന നിലയിൽ വളർച്ചയ്ക്കും സമ്പൽസമൃദ്ധിക്കും വേണ്ടിയുള്ള പൊതുവായ മാർഗ്ഗത്തിന് രൂപം നൽകാൻ പ്രധാനമന്ത്രി ആവശ്യപ്പെടുകയുണ്ടായി. നിതി ആയോഗിന്റെ ആദ്യ ഭരണനിർവ്വഹണ കൗൺസിൽ യോഗത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം ആവശ്യപ്പെട്ടത്. എല്ലാ സംസ്ഥാനങ്ങളും ഒരേ സമയം പുരോഗതി കൈവരിച്ചില്ലെങ്കിൽ രാജ്യം പുരോഗമിക്കില്ല എന്നു പറഞ്ഞ പ്രധാനമന്ത്രി ഈ ആശയം ഉൾക്കൊണ്ടാണ് "എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം" എന്ന ആശയത്തിൽ എല്ലാ സംസ്ഥാനങ്ങളും ഒന്നുചേർന്ന് പ്രവർത്തിക്കണം എന്ന് അടിവരയിട്ടത്. സഹകരണത്തിലും മത്സരത്തിലും അധിഷ്ഠിതമായ ഫെഡറലിസം എന്ന സത്ത ഉൾക്കൊണ്ടുകൊണ്ട് വ്യത്യസ്ത സംസ്ഥാനങ്ങൾ ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായി മത്സരബുദ്ധിയോടുകൂടി പ്രവർത്തിക്കണം എന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. നിക്ഷേപം, വളർച്ച, തൊഴിൽ സൃഷ്ടി, അഭിവൃദ്ധി എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുവാനും പ്രധാനമന്ത്രി എല്ലാ മുഖ്യമന്ത്രിമാരോടും ആവശ്യപ്പെടുകയുണ്ടായി.

മികച്ചരീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും അവ നടപ്പാക്കാനും കഴിയുംവിധത്തിൽ സാമ്പത്തികപരമായും, സാങ്കേതികപരമായും വിജ്ഞാനപരമായും സംസ്ഥാനങ്ങൾ ശക്തിപ്രാപിക്കണമെന്നാണ് കേന്ദ്രം ആഗ്രഹിക്കുന്നതെന്നും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഫെഡറലിസത്തിനുവേണ്ടി നന്നായി പ്രവർത്തിക്കുകയാണെങ്കിൽ സംസ്ഥാനങ്ങൾക്ക് അവരുടെ ദേശീയ ഉദ്ദേശലക്ഷ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിൽ സംസ്ഥാനങ്ങൾ തങ്ങളുടെ പങ്ക് തീർച്ചയായും നിറവേറ്റാനാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. സഹകരണ ഫെഡറലിസത്തിനുള്ള നിർണ്ണായക ഘടകം ദേശീയ ലക്ഷ്യങ്ങളിൽ സംസ്ഥാനങ്ങളുടെ പങ്കും അവർ തെരഞ്ഞെടുക്കുന്ന വഴിയും പ്രതിബദ്ധതയുമാണ്.

ചുരുക്കിപ്പറഞ്ഞാൽ പുതിയ ആശയങ്ങൾ, സാങ്കേതികവിദ്യ, സ്ഥാപനങ്ങൾ എന്നിവയുടെ സ്വീകാര്യത, കഠിനാദ്ധ്വാനം, പരീക്ഷണം എന്നിവയിലൂടെല്ലാതെ സ്വാഭാവികമായി സംഭവിക്കില്ല. മാറുവാനുള്ള സന്നദ്ധതയും മനുഷ്യസ്വഭാവും രൂപാന്തരപ്പെടുന്നത് പുതുമയെ ഉൾക്കൊള്ളുമ്പോഴാണ്. പലകാരണങ്ങളാൽ മാറ്റത്തിനനെതിരെ സ്വാഭാവിക പ്രതിരോധം ഉണ്ടാകുന്നുണ്ട്. പക്ഷേ മാറ്റം വികസനത്തിൽ സ്വാഭാവികമാണ്. സഹകരണത്തിലൂടെയും മത്സരാധിഷ്ഠിതമായ ഫെഡറലിസത്തിലൂടെയുമുള്ള ഘടനാപരമായ മാറ്റം എല്ലാത്തരം പ്രതിരോധങ്ങളെയും തള്ളിമാറ്റുകയും പുതിയതും ഊർജ്ജസ്വലവുമായ ഒരു ഇന്ത്യക്ക് മുന്നോടിയായി മാറുകയും ചെയ്യും.

◆

വിനു എ.

# നഗരവത്കരണവും ആരോഗ്യപ്രശ്നങ്ങളും

ഗ്രാമങ്ങൾക്ക് അതിന്റെ തളർച്ചകളെയും തകർച്ചകളെയും അതിജീവിക്കാനുള്ള കരുത്തുണ്ടെന്ന് പറയാം. അതൊരു പുഴപോലെയാണ്. ശാന്തമായി ഒഴുകുന്ന പുഴ തീരങ്ങളിൽ മാറിയൊഴുകിയാലും അതിന്റെ പവിത്രതയെ അത് സൂക്ഷിച്ചുകൊണ്ടിരിക്കും. നിർമലമായ ഒരു പശ്ചാത്തലം അതിനുണ്ട്. അതുകൊണ്ടുതന്നെയാണ് നാട്ടിൻപുറങ്ങളും ഗ്രാമചിത്രങ്ങളും അത്രതന്നെ പ്രിയതരവും മാതൃകയുമായി മാറുന്നത് ജീവിത്തിനായുള്ള പശ്ചാത്തലമായി ഒരുക്കുന്നതിനപ്പുറം അതിന് വലിയ ഉത്തരവാദിത്തങ്ങളെ സ്വീകരിക്കേണ്ടിവരുന്നില്ല. വായുവും ജലവും മലിനമായ സ്ഥിതിവിശേഷത്തിൽ ആയിരിക്കുകയില്ല.എന്നാൽ ഗ്രാമങ്ങൾക്കുമേൽ നഗരത്തിന്റെ വലിയ ഭാരം കടന്നുവരുന്നത്. അതിനെയൊക്കെ മാറ്റിത്തീർക്കുന്നു.

നഗരവത്കരണം നമ്മുടെ ഗ്രാമങ്ങളെയടക്കം വിഴുങ്ങികൊണ്ടിരിക്കുകയാണ്. വേഗതയോടെ നഗരങ്ങളായി മാറികൊണ്ടിരിക്കുന്ന ജീവിതസൗകര്യങ്ങൾ നമ്മെ കൊണ്ടുചെന്നത്തിക്കുക. വലിയ ബാധ്യതകളിലേക്കാണ്. നമുക്ക് അതിനെ ഉൾകൊള്ളുവാൻ തക്ക സാഹചര്യങ്ങള ഇനിയും ഇല്ലായെന്നു വേണം കരുതുവാൻ. നഗരങ്ങളിലെ ജീവിതം തീർക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ വലുതാണ്. നാഗരികതയുടെ ദൂഷ്യവശങ്ങൾ പരിസ്ഥിതിക്ക് പൊതുവിൽ മാത്രമല്ല, മനുഷ്യന്റെ ജീവിതരീതിയിലും മാറ്റമുണ്ടാക്കുന്നുണ്ട്. ആധുനിക ജീവിതസൗകര്യങ്ങൾ മനുഷ്യന്റെ അധ്വാനത്തെ കുറക്കുയും അവന്റെ ജീവിതരീതിയിലും മാറ്റമുണ്ടാക്കുകയും ചെയ്തുവെന്ന് കാണാനാവും. ഒരു കാലത്ത് ഭക്ഷണത്തിനായി നടത്തേണ്ടിവന്ന കഠിനമായ ജോലികളിൽ നിന്നും ഭൂരിഭാഗം പേരും മാറ്റപ്പെട്ടിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. വികസനത്തിലൂന്നിയ സമീപനമായി നമുക്ക് ഇതിനെ കാണുവാൻ സാധിക്കുകയില്ല.

മണ്ണും വായുവും ജലവും മലിനമായതുപോലെ തന്നെ അപകടകരമായ സ്ഥിതിയാണ് ഭക്ഷ്യരംഗത്തും നമുക്കുള്ളത്. സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കളിൽ ഏറെയും വരുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ്. ആരോഗ്യരംഗത്ത് വലിയ നേട്ടങ്ങൾ കാഴ്ചവെച്ച കേരളത്തിന് പലപ്പോഴും ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധ വേണ്ടിവരുന്നത് ജീവിതശൈലിരോഗങ്ങളുടെ പരിപാലനത്തിനാണെന്നതാണ് മനസിലാക്കാനാവുക. പൊതുമരണനിരക്ക്, ശിശുമരണനിരക്ക്, ജനനനിരക്ക് എന്നിങ്ങനെയുള്ള അടിസ്ഥാന ആരോഗ്യരീതികളെ പരിശോധിച്ചാൽ വികസിതരാജ്യങ്ങൾക്കൊപ്പം ഗ്രാഫിൽ അടയാളമാകുവാൻ കേ



രളത്തിന് സാധിച്ചിട്ടുണ്ടെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സാക്ഷരതയിലുണ്ടായ വലിയ മുന്നേറ്റം പ്രത്യേകിച്ച് സ്ത്രീസാക്ഷരതയിലുണ്ടായ മുന്നേറ്റം, ആരോഗ്യരംഗത്തെ ജനകീയ ഇടപെടലുകൾ, സർക്കാരുകളുടെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനം തുടങ്ങിയ വിവിധ കാര്യങ്ങൾ ഈ നേട്ടത്തിന് പിന്നിൽ ഉണ്ടെന്ന് പറയാം. ഇതിനൊപ്പം ചേർത്തുവായിക്കേണ്ട കാര്യമാണ് അടുത്ത കാലത്തായി പ്രമേഹം, ഹൃദ്രോഗം, മദ്യത്താലുള്ള ആപത്ത്, പകർച്ചവ്യാധികളുടെ ആക്രമണം തുടങ്ങി നമ്മുടെ ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധ ആവശ്യമായി വരുന്ന കാര്യം.

**പകർച്ചവ്യാധികൾ**

നമ്മുടെ സംസ്ഥാനത്ത് അടുത്ത കുറച്ച വർഷങ്ങളായി വളരെ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണ് പകർച്ചവ്യാധികളുടെ അതിശക്തമായ വ്യാപനം. ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന രോഗങ്ങൾ വലിയ തോതിൽ വ്യാപിച്ചുവെന്നതാണ് അടുത്ത കാലത്തെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. പകർച്ചവ്യാധികളിൽ പ്രധാനമായത് കൊതുകുകൾ പരത്തുന്ന രോഗങ്ങളാണ്. ചിക്കുൻഗുനിയ, ഡെങ്കിപ്പനി, ജപ്പാൻ ജ്വരം, ഫൈലേറിയാസിസ് തുടങ്ങിയ കൊതുകു പരത്തുന്ന രോഗങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്ന് കാണാനാവും. 2010-ൽ സംസ്ഥാനത്ത് അതിനുമുമ്പില്ലാത്ത വിധം രോഗം റിപ്പോർട്ട് ചെയ്തപ്പോൾ ജനസംഖ്യയുടെ ഏകദേശം പത്തു ശതമാനം പേർക്കും രോഗാണുവിന്റെ ലക്ഷണങ്ങൾ കണ്ടെത്തി. അതിനുശേഷം രോഗങ്ങളുടെ എണ്ണത്തിലുണ്ടായ പെരുപ്പവും രോഗികളുടെ എണ്ണത്തിലെ വർദ്ധനയും പിടിച്ചുനിർത്തുന്നതിൽ നമ്മുടെ പരിതസ്ഥിതി വലിയ വെല്ലുവിളി ഉയർത്തിയിട്ടുണ്ട്. ആവശ്യമായ കരുതലുകൾ നടത്തിയാലും മഴ എത്തുന്നതോടെ പകർച്ചവ്യാധികളുടെ വ്യാപ്തി കൂടിവരുന്നു.

മലിനമായ ജലത്തിലൂടെ പകരുന്ന ജലജന്യരോഗങ്ങളും വലിയ ഒരു പ്രതിസന്ധിയാണ്. ശുദ്ധജലത്തിന്റെ ലഭ്യത കുറവ് ഛർദ്ദി, അതിസാരം, ടൈഫോയ്ഡ്, എലിപ്പനി തുടങ്ങിയ രോഗങ്ങളെയാണ് സമ്മാനിക്കുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത സമ്പന്നമായ ജലസ്രോതസ്സുകളാണ്. എന്നാൽ സാഹചര്യങ്ങൾ മെച്ചപ്പെട്ടതോടെ കൂടുതൽ കൈയേറ്റങ്ങളും കടന്നുകയറ്റങ്ങളും നടക്കുന്നതിന്റെ ഭാഗമായി ഈ ജലസ്രോതസ്സുകളിൽ പലതും അതിന്റെ ജൈവീകസാഹചര്യത്തെ നിലനിർത്തുവാൻ പാടുപെടുകയാണ്. പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം കൂടുതൽ നടക്കുന്നതിന്റെ ഫലമായി ഇത്തരം സൗകര്യങ്ങൾ നശിക്കുകയും അവ പാലിച്ചുവന്ന കർത്തവ്യങ്ങൾ നിർവഹിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. ഗ്രാമീണ മേഖലയിൽ പോലും വീടുകൾ ക്രമമായി വർദ്ധിച്ചതോടെ അവയുടെ അരികത്തുള്ള പല ചെറു ജലസ്രോതസുകളും പൂർണമായും നശിച്ചിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. നമ്മുടെ നദികളിൽ പലതും ഒഴുകുന്നത് അത്രയും തന്നെ മാലിന്യത്തെയും പേറികൊണ്ടാണ്. പ്ലാസ്റ്റിക്, മറ്റ് മണ്ണിൽ ലയിക്കാത്ത പദാർത്ഥങ്ങൾ എന്നിവയാൽ വലിയ പ്രശ്നങ്ങൾ തന്നെ സംഭവിക്കുന്നുണ്ട്. നഗരങ്ങളിലെ പല ജലസ്രോതസുകളും ഇപ്പോൾ മാലിന്യസംഭരണികളായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഇത്തരം സ്ഥലങ്ങളിൽ ക്യുലക്സ്, അനോഫലിസ്, മാൻസനോയിസ് തുടങ്ങിയ വിഭാഗങ്ങളിൽ പെടുന്ന കൊതുകുകൾ പ്രജനനം നടത്തുകയും അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പരിസ്ഥിതി മലിനീകരണത്തിന്റെ പ്രത്യാഘാതമാണ് ഇത്തരം സാഹചര്യങ്ങളെ സൃഷ്ടിക്കുന്നതെങ്കിലും ആരോഗ്യമേഖലയിൽ വലിയ പ്രശ്നങ്ങളിലേക്ക് ഇവ കൊണ്ടുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം. പല നഗരപ്രദേശങ്ങളും തങ്ങളുടെ നഗരത്തിന്റെ മാലിന്യത്തെ എന്തു ചെയ്യണമെന്നറിയാതെ ആശങ്കപ്പെട്ടു നിൽക്കുകയാണ്. ജൈവമാലിന്യങ്ങളെ സംസ്കരിക്കാനുള്ള ശ്രമങ്ങൾ പല നഗരസഭകളും ഗ്രാമപഞ്ചായത്തുകളും നടപ്പിലാക്കുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ഉപഭോക്തൃ മാനസികാവസ്ഥയാണ്. സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നത് വലിയ നിക്ഷേപത്തിനുള്ള മാലിന്യങ്ങളാണെന്നു വേണം പറയുവാൻ. പല ഉത്പന്നങ്ങളും എത്തുന്നത് അതിനോളം തന്നെ എത്തുന്ന പ്ലാസ്റ്റിക്കിനകത്താണ്. ഇത് സംസ്കരിക്കാനുള്ള സാഹചര്യങ്ങൾ വികേന്ദ്രീകരിക്കാ



ത്തതിനാൽ തന്നെ ഇവ പ്രദേശികമായി, വ്യക്തിഗത ഉപേക്ഷിക്കൽ പ്രക്രിയയിലേക്ക് പോകുന്നു. അവ എത്തുന്നതാകട്ടെ റോഡ് വക്കിലോ, ഇത്തരം ജലസ്രോതസുകളിലോ ആയിരിക്കും.

### ജീവിതശൈലിരോഗങ്ങൾ

സമീപകാലത്ത് വ്യാപകമായി ജീവിതശൈലിരോഗങ്ങളായ പ്രമേഹം, ഹൃദ്രോഗം, രക്താതിസമ്മർദ്ദം, പൊണ്ണത്തടി തുടങ്ങിയ പ്രശ്നങ്ങൾ മാനവികശക്തിയെ വലിയ തോതിൽ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പ്രധാനമായും രോഗം വരാനുള്ള കാരണം ആയാസമില്ലാതെ ജീവിക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യയുടെ വികാസമാണ്. ഇത് ഒരു തരത്തിൽ മെച്ചമെന്ന് വരികിലും അത്രയും തന്നെ അപകടകരമായ സാഹചര്യങ്ങളെ കൊണ്ടുവരുന്നുവെന്നാണ് കാണുവാൻ സാധിക്കുന്നത്. മുൻകാലങ്ങളിൽ സാംക്രമികരോഗങ്ങളായിരുന്നു വലിയ പ്രശ്നമായിരുന്നതെങ്കിൽ ഇപ്പോൾ ഇത്തരം ജീവിതശൈലിരോഗങ്ങളാണ് ക്രമാതീതമായി വളർന്നുകൊണ്ടിരിക്കുന്നത്. ആവശ്യമായ വ്യായാമമില്ലാത്തും ഭക്ഷണത്തിലെ ക്രമമില്ലായ്മയുമെല്ലാം ഇതിന് കാരണമായി പറയാവുന്നതാണ്.

ആദ്യകാലങ്ങളിൽ മുതിർന്നവരിൽ മാത്രമോ, പ്രായമായവരിൽ മാത്രമോ കണ്ടുവന്നിരുന്ന പല രോഗങ്ങളും ചെറുപ്പക്കാരെ കൂടി പിടികൂടിയിരിക്കുന്നതായി കാണാം. ഫാസ്റ്റ് ഫുഡ് ഭക്ഷണസംസ്കാരവും അലസതയുമൊക്കെ ചേർന്ന് പൊണ്ണത്തടിയും അതിനെ തുടർന്നുള്ള ഗുരുതരമായ ഹൃദയസംബന്ധമായ രോഗങ്ങളിലേക്കും കടന്നുപോകുന്നു. നാഗരികജീവിതത്തിന്റെ ഭാഗമായുള്ള പലതരം പ്രശ്നങ്ങളും ഇതിൽ ഉണ്ടാവുന്നുണ്ട്. തിരക്കുപിടിച്ച ജീവിതക്രമം വലിയ സംഘർഷം തന്നെയാണ് സമൂഹത്തിൽ സൃഷ്ടിക്കുന്നത്. ശാരീരികമായതു മാത്രമല്ല, മാനസിക പ്രശ്നങ്ങളിലേക്കും അത് നയിക്കപ്പെടുന്നുണ്ട്. ലഹരിവസ്തുക്കളുടെ ഉപയോഗത്തിലുണ്ടായ അമിത വർദ്ധന നാട്ടിൽ വലിയ പ്രശ്നങ്ങൾ സാമൂഹികമായും ആരോഗ്യപരമായും ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള ജീവിതക്രമത്തെ നിയന്ത്രിക്കുന്നതിലൂടെ മാത്രമേ നമുക്ക് ആരോഗ്യമുള്ള സമൂഹത്തെ വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ.



**സമീപകാലത്ത് വ്യാപകമായി ജീവിതശൈലിരോഗങ്ങളായ പ്രമേഹം, ഹൃദ്രോഗം, രക്താതിസമ്മർദ്ദം, പൊണ്ണത്തടി തുടങ്ങിയ പ്രശ്നങ്ങൾ മാനവികശക്തിയെ വലിയ തോതിൽ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പ്രധാനമായും രോഗം വരാനുള്ള കാരണം ആയാസമില്ലാതെ ജീവിക്കുവാൻ സാധിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യയുടെ വികാസമാണ്.**

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ വിപുലമായ ആരോഗ്യബോധവത്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ആരോഗ്യപ്രശ്നങ്ങൾ ആശുപത്രിയിലോ മരുന്നുകളിലോ മാത്രം ഒതുങ്ങിനിൽക്കാതെ അത് എല്ലാവരുടെയും പ്രശ്നമായി വളർന്നുവരണം. ഓരോ വീട്ടിലും മതിയായ ആരോഗ്യ സേവനസൗകര്യങ്ങൾ ലഭ്യമാവുന്ന സ്ഥിതി വരികയാണെങ്കിൽ സ്വഭാവികമായും ശുചിത്വപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള അധ്വാനം നമുക്ക് കുറച്ചുകൊണ്ടുവരുവാൻ സാധിക്കുമെന്നതിൽ സംശയമില്ല. നാഗരജീവിതത്തിലെ തിരക്കുകളെ ക്രമപ്പെടുത്തിക്കൊണ്ട് അവയെ പ്രതിരോധിക്കാനാവശ്യമായ വിധത്തിലുള്ള സൗകര്യങ്ങൾ ഒരുക്കിയെടുക്കുവാൻ സാധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ കളിസ്ഥലങ്ങൾ ഒരുക്കുന്നതിനും പൊതു പാർക്കുകൾ നിർമ്മിക്കുകയും അതിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികളും കൈകൊള്ളണം. അതിനുതകുന്ന വിധത്തിലുള്ള പദ്ധതികളാവണം ആരോഗ്യമേഖലയിൽ നടപ്പിലാക്കേണ്ടത്.

വ്യക്തിശുചിത്വത്തിനും പരിസരശുചിത്വത്തിനും മതിയായ പ്രാധാന്യം നൽകണം. ഖരമാലിന്യസംസ്കരണ കേന്ദ്രങ്ങളുടെ അഭാവത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിനും അത് പരിപാലിക്കുന്നതിനായുള്ള ശീലങ്ങൾ വളർത്തുന്നതിനും സാധിക്കണം. ആരോഗ്യമേഖലയിലെ ഏറ്റവും പ്രധാനമായ കാര്യം രോഗത്തെ ചെറുത്തുനിർത്തുക എന്നുള്ളതാണ്. അത് സംഭവിച്ച ശേഷം നടത്തുന്ന പ്രവർത്തനങ്ങൾ അത്രതന്നെ ഫലപ്രദമാവില്ലായെന്നതാണ് യാഥാർത്ഥ്യം. ◆

# കരവാരം ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

## ഉത്സവലഹരിയിൽ ആഴാംകോണം നീന്തൽകുളം നാടിന് സമർപ്പിച്ചു



കരവാരം ഗ്രാമപഞ്ചായത്ത് ഏക ദേശം ഒരുകോടിയോളം രൂപ ചെലവുചെയ്ത് നിർമ്മിച്ച നീന്തൽകുളം പഞ്ചായത്ത സാമൂഹ്യ നീതി വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ പ്രശസ്ത നീന്തൽതാരം സജൻ പ്രകാശിന് താക്കോൽ നൽകി നാടിന് സമർപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുകരണീയ മാതൃക സൃഷ്ടിച്ച കരവാരം ഗ്രാമപഞ്ചായത്തിന്റെ ഇച്ഛാശക്തിയെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു. ഫണ്ട് വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകിയ കാര്യം ഓർമ്മിപ്പിച്ച അദ്ദേഹം നാഷണൽ ഗെയിംസിൽ കേരളത്തിന്റെ അഭിമാനം ഉയർത്തിയ സജൻപ്രകാശിനെ അഭിനന്ദിക്കാനും മറന്നില്ല.

കായിക പ്രേമികളുടെ ചിരകാല അഭിലാഷമായിരുന്ന ആഴാംകോണം നീന്തൽകുളത്തിന്റെ ഉദ്ഘാടനം നാടിന്റെ കൂടി ഉത്സവമായി. പഞ്ചായത്ത് അംഗം കൂടിയായ അംബികയുടെ നേതൃത്വത്തിൽ അരങ്ങേറിയ ശിങ്കാരിമേളത്തിന്റേയും ബാന്റ് മേളത്തിന്റേയും അകമ്പടിയോടെയാണ് ഡോ. എം.കെ. മുനീറിനേയും മറ്റ് വിശിഷ്ടാതിഥികളേയും വേദിയിലേക്ക് ആനയിച്ചത്. അഡ്വ. ബി. സത്യൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അൻസജിത റസൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് താജുദീൻ അഹമ്മദ് തുടങ്ങിയവർ സംസാരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് കെ. സുഭാഷ് സ്വാഗതവും സെക്രട്ടറി കെ. ഹരീശൻനായർ കൃതജ്ഞതയും രേഖപ്പെടുത്തി.

# കുമാരമംഗലം ഗ്രാമപഞ്ചായത്ത്

കുമാരമംഗലം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ മാലിന്യ നിക്ഷേപത്തിനെതിരെ ഗ്രാമപഞ്ചായത്ത് ശക്തമായ നടപടി സ്വീകരിച്ച് വരികയാണ്. കുടുംബശ്രീ മുഖേനയും ഗ്രാമസഭ വഴിയും ബോധവൽക്കരണ ക്ലാസുകൾ നടത്തുകയുണ്ടായി. പൂർണ്ണമായ ഫലം ലഭിക്കാതെ വന്നതിനാൽ ഭരണസമിതിയുടെ തീരുമാന പ്രകാരം കനാലുകൾ, പൊതുസ്ഥലങ്ങൾ, തോടുകൾ എന്നിവടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരുടെ ഫോട്ടോ/വീഡിയോ പഞ്ചായത്തിൽ നൽകിയാൽ വിവരം നൽകുന്നവർക്ക് 2500/- രൂപ പ്രതിഫലം നൽകുവാനും വിവരം നൽകുന്നവരുടെ പേര് വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ KPR 219 S പ്രകാരം പരമാവധി ശിക്ഷ വാങ്ങി നൽകുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.

വേനൽ കാലമാകുമ്പോൾ കുമാരമംഗലം ഗ്രാമപഞ്ചായത്ത് നിവാസികൾ പൂർണ്ണമായും എം.വി.ഐ.പി. കനാലിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ രാത്രി കാലങ്ങളിൽ ഈ കനാലിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത തുടരുകയാണ്. രാത്രി കാലങ്ങളിൽ പട്രോളിംങ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പോലീസിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഓരോ വാർഡിലും നിരീക്ഷണത്തിനായി പഞ്ചായത്ത് മെമ്പർ കൺവീനറായി പൊതുജന പങ്കാളിത്തത്തോടെ അഞ്ചംഗ ആക്ഷൻ സമിതിയെ രൂപവൽക്കരിക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാസ്റ്റിക് കാരി ബാഗുകൾ ഒഴിവാക്കാൻ പൊതുജനങ്ങളെ പ്രേരിപ്പിക്കുന്നതിനായി വീട്ടമ്മമാരുടെ സഹായത്തോടെ വൻ പ്രചാരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

# ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് (എറണാകുളം ജില്ല ) ISO അംഗീകാരം



ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന മികവിനുള്ള ISO സർട്ടിഫിക്കറ്റ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ തോമസിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ.റ്റി. രത്നാഭായിക്കും നൽകി നിർവ്വഹിച്ചു. വികസന കാര്യത്തിൽ ചോറ്റാനിക്കര പഞ്ചായത്ത് സംസ്ഥാനത്തിന് മാതൃകയാണെന്നും മന്ത്രി പറഞ്ഞു. ചോറ്റാനിക്കരയിൽ നടപ്പിലാക്കിയ പദ്ധതികൾ വലുതല്ല പക്ഷെ സാധാരണ ജനങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ കഴിയുന്നവയാണ് ഇവ. ഭൂരഹിതർക്ക് ഭവന പദ്ധതി, തനതായ കുടിവെള്ള പദ്ധതി, റോഡുകൾ, പഞ്ചായത്തുകൾക്ക് മാതൃകയായ പൊതു ശ്മശാനം ഇങ്ങനെയുള്ള കാര്യങ്ങൾക്കാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്നതായിരിക്കണം വികസനം. വ്യവസായ നയം പോലും സർക്കാർ ഇതനുസരിച്ച് മാറ്റിയിട്ടുണ്ട്. കൂടുതൽ ജനങ്ങൾക്ക ഗുണമുള്ള പ്രോജക്ടുകൾ ആണെങ്കിൽ സർക്കാർ അതിന് എല്ലാ സഹായവും നൽകും. ഇത്തരത്തിൽ കൂടുതൽ ആളുകൾക്ക് ഗുണമുള്ള പദ്ധതികളാണ് ചോറ്റാനിക്കരയിലുള്ളത്. ജനപ്രതിനിധികളുടെയും ജനങ്ങളുടെയും വലിയ കൂട്ടായ്മ ഇവിടെയുണ്ട്. വികസനകാര്യങ്ങൾ നടപ്പാക്കാൻ സ്ഥിരോത്സാഹം വേണം. നമുക്ക് ഫണ്ടുകളുടെ പരിധിയുണ്ട്. മറ്റു പല പോരായ്മകളും ഉണ്ട്. പക്ഷെ ഇതിനെയൊക്കെ മറികടക്കാൻ ജനകീയ ശക്തിക്ക് സാധിക്കും. നിർഭാഗ്യവശാൽ രാഷ്ട്രീയ തർക്കങ്ങളിൽപെട്ട് വികസന കാര്യങ്ങൾ പലയിടത്തും പ്രാമുഖ്യം കിട്ടാറില്ല. എന്നാൽ ഇക്കാര്യത്തിൽ മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാണ് ചോറ്റാനിക്കര. ചോറ്റാനിക്കര പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ എല്ലാ സഹായവും മന്ത്രി എന്ന നിലയിൽ ഞാൻ ചെയ്യും. പഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ തോമസ്, മന്ത്രി അനൂപ് ജേക്കബ് എന്നിവർ പഞ്ചായത്തിന്റെ വികസനത്തിൽ അഭിനന്ദനം അർഹിക്കുന്നു. ജനപ്രതിനിധികൾ പഞ്ചായത്തിലെ ആവശ്യങ്ങൾ കണ്ടറിഞ്ഞു പ്രവർത്തിക്കുന്നുണ്ട്. ചോറ്റാനിക്കര ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സഹകരണം ഒന്നുകൊണ്ടാണ് ISO Certificate ലഭിച്ചത്. ഇതിനു പഞ്ചായത്ത് തികച്ചും അർഹമാണെന്നും അദ്ദേഹം പറഞ്ഞു. ഈ ചടങ്ങിൽ അദ്ധ്യക്ഷനായി സംസാരിച്ച മന്ത്രി അനൂപ് ജേക്കബ് ഒട്ടനവധി വികസന പദ്ധതികൾ ചുരുങ്ങിയ കാലത്തിനുള്ളിൽ നടപ്പാക്കാൻ ചോറ്റാനിക്കര പഞ്ചായത്തിന് കഴിഞ്ഞെന്നു പറഞ്ഞു. മുഖ്യ പ്രഭാഷണം നടത്തിയ പി. രാജീവ് എം.പി. ശുദ്ധവായു, വെള്ളം, നല്ല വിദ്യാഭ്യാസം, ഭക്ഷണം കഴിച്ചു ജീവിക്കാനും സ്വന്തമായി വീടിനുമുള്ള അവകാശമാണ് യഥാർത്ഥ വികസനം എന്ന് അദ്ദേഹം പറഞ്ഞു.

എം.എ. ജോൺ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോൺസൺ തോമസ് സ്വാഗതം പറഞ്ഞു. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. വിജയകുമാർ, ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.കെ. സോമൻ, വൈസ് പ്രസിഡന്റ് രമണി ജനകൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ഏലിയാസ് ജോൺ, ഇ.ഡി.ആർ.എ.സി. സെക്രട്ടറി അജിത് കുമാർ എന്നിവർ ആശംസ അർപ്പിച്ചു. ◆





# വൈദഗ്ദ്ധ്യമുള്ളവരുടെ ഇന്ത്യ

ടി.ഷാഹുൽ ഹമീദ്



പതിനൊന്ന് പഞ്ചവത്സര പദ്ധതികൾ രാജ്യത്ത് നടപ്പിലാക്കിയിട്ടും ദാരിദ്ര്യത്തിന്റെ തോത് കുറക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. ജനസംഖ്യ അനുദിനം വർദ്ധിക്കുന്നുവെങ്കിലും ജനസംഖ്യാനുപാതകമായി സാമ്പത്തിക വളർച്ച രാജ്യത്തിന് നേടാൻ സാധിക്കുന്നില്ല. 2025 ആകുമ്പോഴേക്ക് ഇന്ത്യ ചൈനയെ പിൻതള്ളി ലോകത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമായി മാറും. ചൈനയിൽ പ്രതിവർഷം 0.4% മാത്രമേ ജനസംഖ്യ വർദ്ധിക്കുന്നുള്ളുവെങ്കിൽ ഇന്ത്യയിൽ അത് ഒരു ശതമാനമാണ്. ഇന്ത്യ യുവജനങ്ങളുടെ രാജ്യവും ചൈന വൃദ്ധന്മാരുടേതുമാണ്. ഇന്ത്യയിലെ ജനസംഖ്യയിൽ 25 വയസ്സിന് താഴെയുള്ളവരാണ് 50% ത്തിൽ അധികവും.

ഇന്ത്യയിൽ തൊഴിൽ ചെയ്യാൻ കഴിയുന്ന ആരോഗ്യമുള്ളവരായി 64% ഉണ്ടെങ്കിലും അവർക്ക് മതിയായ ജോലി ലഭിക്കുന്നില്ല. ജോലി ചെയ്യുന്നവരാകട്ടെ ബഹു ഭൂരിഭാഗവും അസംഘടിതമേഖലയിലുമാണ്. 18 വയസ്സ് മുതൽ 59 വരെ പ്രായമുള്ള ഇന്ത്യൻ ജനവിഭാഗത്തിന് തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ വൈദഗ്ദ്യം ലഭിക്കുന്നില്ല. ഇന്ത്യയിൽ സാ ങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നവർ വെറും 10% മാത്രമാണ്. തൊഴിൽ മേഖലയിൽ എത്തുന്നവരിൽ 4.3% മാത്രമേ കൃത്യമായ നൈപുണ്യ ശേഷി ഉണ്ടാക്കുന്നുള്ളൂ.

രാജ്യത്തെ ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെടുത്തുവാൻ പുതിയ നയസമീപനം സ്വീകരിച്ച് 2010 ജൂണിൽ പിറന്ന് വീണ പദ്ധതിയാണ്. ദേശീയ ഗ്രാമീണ ഉപജീവന മി ഷൻ. കേവലം സബ്സിഡി നൽകുന്നതിനപ്പുറത്ത് ദരിദ്ര്യ ജന വിഭാഗങ്ങൾക്കായി ഉപജീവന സൗകര്യങ്ങളും, വൈദഗ്ദ്ധ്യ ശേഷി

യും, നൈപുണ്യവും ബാങ്ക് സഹായവും ഉണ്ടാക്കി കൊടുക്കുന്നതിനു വേണ്ടി രൂപീകരിച്ച NRLM എന്ന പദ്ധതിയുടെ പ്രധാന മേഖലയാണ് അജീവിക പദ്ധതി. ഗ്രാമീണയുവജനങ്ങൾക്ക് ജോലി ലഭിക്കാൻ ഉതകുന്ന കഴിവുകളും അറിവുകളും സൗജന്യമായി ലഭ്യമാക്കുന്ന ആജീവിക വൈദഗ്ദ്ധ്യ പദ്ധതി എന്ന പരിപാടിക്ക് 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 8000 കോടി രൂപ വക യിരുത്തി. 50,00,000/ (അൻപത് ലക്ഷം)ഗ്രാമീണ യുവജനങ്ങൾക്ക് ജീവിതവി ജയം ഉണ്ടാക്കുന്നതിനുള്ള അതിബൃഹത്തായ പദ്ധതിയാണ് കഴിഞ്ഞ UPA സർക്കാർ ആരംഭിച്ച ആജീവിക പദ്ധതി. പുതിയ കേന്ദ്ര സർക്കാർ പദ്ധതിയുടെ പേര് മാറ്റിയെങ്കിലും (ദീനദയാൽ ഉപോദ്ധ്യായ ഗ്രാമീൺ കൗശല്യായോജന) പദ്ധതിയുടെ അന്തസത്ത ഉൾകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിൽ നമ്മുടെ ഗ്രാമീണ യുവജനങ്ങളെ എത്തിക്കുന്നതിനുള്ള പദ്ധതിയായി പരിഷ്കരിക്കു വാൻ കേന്ദ്ര സർക്കാർ തയ്യാറെടുക്കുകയാണ്.

ദാരിദ്ര്യം അനുഭവിക്കുന്നവരെ സ്വയം തൊഴിൽ സംവിധാനത്തിലേക്കും നൈപുണ്യശേഷി വർദ്ധിപ്പിച്ച് കഴിവുകൾക്ക് അനുസരിച്ചുള്ള ജോലി സാ ദ്ധ്യതകൾ ഉണ്ടാക്കികൊടുക്കുക എന്നതാണ് ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ലക്ഷ്യം. ദാരിദ്ര്യം നിർമ്മാർജ്ജ നത്തിന്റെ ഗതകാല സംഭവവികാസ ങ്ങളെ വിശദമായി പഠിച്ച പ്രൊഫസർ.എസ്.രാധാകൃഷ്ണൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം ലഭിക്കുന്ന ജീവിതോപാധി സങ്കൽപം നടപ്പിലാക്കുക യും കഴിവും നൈപുണ്യ ശേഷിയും ഉണ്ടാക്കി വരുമാന വർദ്ധനവ് ലക്ഷ്യ മാക്കി സുസ്ഥിരവികസനം കൈവരിക്കുക എന്നതാണ് ആജീവിക പദ്ധതി യുടെ ഉദ്ദേശം.

രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ ചെയ്യുന്ന കാർഷിക മേഖല പ്രശ് നസങ്കീർണ്ണമായതും, അറിവിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളി ലും സംരഭങ്ങളിലുമാണ് ഇന്ത്യയുടെ ഭാവി എന്ന് സാമ്പത്തിക വിദഗ്ദന്മാർ പറഞ്ഞതിനാലും രാജ്യത്തിന്റെ ഭാവി ശോഭനമാകുവാൻ യുവജനങ്ങൾക്ക് തൊഴിൽ ഉറപ്പ് വരുത്തുവാനുള്ള ഒരു നവീന പദ്ധതിയാണ് അജീവിക Skill and placement പദ്ധതി. ദാരിദ്ര്യ കുടുംബത്തിൽ അംഗങ്ങളാ യ 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള യുവജനങ്ങളെയാണ് ഈ പദ്ധതിയിലൂടെ പരിശീ ലിപ്പിക്കുക,. ഈ പദ്ധതി കുടുംബശ്രീ വഴിയാണ് സർക്കാർ നടപ്പിലാക്കുന്നത്. ഇ തിന്റെ ആദ്യനടപടിയായി കേരളത്തിലെ 152 ബ്ലോക്കുകളിലും ബ്ലോക്ക് കോർഡിനേറ്റർ മാരെ നിയമിച്ച് കഴിഞ്ഞിരിക്കുന്നു. വികലാംഗർ, കുടുംബഭാ രം പേറുന്ന വനിതകൾ, എസ്.സി, എസ്.ടി വിഭാഗങ്ങൾ എന്നിവർക്ക് ഈ പദ്ധതിയിൽ മുൻഗണന ലഭിക്കു ന്നതാണ്. 3 മാസം വരെ നീണ്ടുനിൽ ക്കുന്ന പരിശീലനം നൽകുന്നതിന് പ്രാഗത്ഭ്യം തെളിയിച്ച പരിശീലന ഏജൻസികളെ ഇതിനോടകം കണ്ടെ ത്തി കഴിഞ്ഞിരിക്കുന്നു. ഈ വർഷം 30,000/ പേർക്ക് പരിശീലനവും തൊ ഴിലും ഉറപ്പ് വരുത്തുന്ന പദ്ധതി പ്ര ാവർത്തികമാവുകയാണ്. പരിശീലന ത്തിൽ പങ്കെടുത്ത 75% പരിശീലന ാർത്ഥികൾക്കും തൊഴിൽ ഉറപ്പ് വരുത്തുവാനും മാന്യമായ വേത നം ലഭ്യമാക്കുവാനും പരിശീലന ഏജൻസികൾക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കും എന്ന ആജീവിക പദ്ധതിയിലെ നിബന്ധന നല്ല മിക വാർന്ന പരിശീലനവും ജോലിയും ലഭിക്കാൻ ആവശ്യമായ വൈദഗ്ദ്യ വും ഉണ്ടാക്കുന്നതിന് ഉപകരിക്കുന്ന തുമാണ്. ബാങ്കിംഗ് ഇൻഷ്വറൻസ്, ഹൗസ്കീപ്പിംഗ്, ഹോസ്പിറ്റാലിറ്റി, ഐ.ടി മേഖല, ഓഫീസ് മാനേജ് മെന്റ്, ബി.പി.ഒ, റീട്ടെലിംഗ്, ട്രാ വെലിംഗ് & ടൂറിസം, അക്കൗണ്ടിംഗ് എന്നീ മേഖലകളിൽ ആദ്യഘട്ടമാ യി പരിശീലനം ആരംഭിക്കുകയും പരിശീലന ചെലവായി ഒരു പരീ ശീലനാർത്ഥിക്ക് 14,100 രൂപയും ചെലവഴിക്കാവുതാണ്. പരിശീലനം പൂർത്തിയായി ജോലി ലഭിക്കുന്നത്



വരെ ആദ്യത്തെ 2 മാസം 1000 രൂപ സ്റ്റൈപന്റായും യാത്ര ചെലവിലേക്ക് 50 രൂപയും ദിവസേന പരിശീലനാർത്ഥികൾക്ക് ലഭിക്കുന്നതാണ്. ജില്ലാ ആ സ്ഥാനങ്ങളിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

2014 ലെ അന്താരാഷ്ട്ര ലേബർ സംഘടനയുടെ റിപ്പോർട്ട് പ്രകാരം തൊഴിലില്ലായ്മയും ദാരിദ്ര്യവും തമ്മിൽ അഭേദ്യമായ ബന്ധം ഉള്ളതിനാലും ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കുവാൻ ദരിദ്രവിഭാഗത്തിലെ കുട്ടികൾക്ക് അവർ നേരിടുന്ന കാലിക പ്രശ്നങ്ങൾ ആയ ഇംഗ്ലീഷ് ഭാഷ യിലെ പ്രാവിണ്യമില്ലായ്മ ആശയവിനിമയത്തിലെ പോരായ്മകൾ സോഫ്റ്റ് സികില്ലിന്റെ അപര്യാപ്തത എന്നിവ പൂർണ്ണമായി പരിഹരിച്ച് വളരെ ചെറുപ്പത്തിൽ തന്നെ ഗ്രാമീണ യുവ ജനങ്ങൾക്ക് ജോലി ലഭിക്കുവാൻ ഈ പദ്ധതി കൊണ്ട് കഴിയുന്നതാണ്. ഇന്ത്യയിൽ പ്രതിവർഷം ഒരു കോടി ഇരുപത് ലക്ഷം ജനങ്ങൾ പുതുതായി തൊഴിൽ മുഖത്ത് എത്തുമ്പോൾ വൈദഗ്ദ്യമില്ലായ്മ അനുഭവിക്കാതിരിക്കുവാനും തൊഴിൽ മുഖത്ത് അഭിമാനത്തോടെ തൊഴിൽ ചെയ്യുവാനും ഗ്രാമീണ ജനങ്ങളെ ഈ പദ്ധതി പര്യാപതമാക്കുന്നതാണ്.

രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ജനങ്ങളുടെ വൈദഗ്ദ്യമില്ലായ്മയാണ് എന്ന് അധികാരികൾ തിരിച്ചറിഞ്ഞിരിക്കുന്നു. രാജ്യത്ത് പുറത്തിറങ്ങുന്ന ബിരുദദാരികളിൽ 25% മാത്രമാണ് വൈദഗ്ദ്യമുള്ളവരായിട്ടുള്ളത്. ലോകത്ത് ഏറ്റവും കൂടുതൽ വൈദഗ്ദ്യമുള്ളവർ കൊറിയയിലാണ്. അവിടെ 96% ജനങ്ങൾക്കു ഏതെങ്കിലും ഒരു തരത്തിലുള്ള വൈദഗ്ദ്യം സ്വായത്തമാക്കിയവരാണ്. ജപ്പാനിൽ 80%, ജർമ്മനിയിൽ 75%, ബ്രിട്ടനിൽ 68% മാകുമ്പോൾ ഇന്ത്യയിൽ ഇത് വെറും 10% മാത്രമാണ്. അതിവൈദഗ്ദ്യമുള്ളവരായിട്ട് ഇന്ത്യയിൽ വെറും 2% മാത്രമാണ് ഉള്ളത്. പ്രധാനമന്ത്രിയുടെ Make In India പരിപാടിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ പോകുകയാണ്. രാജ്യത്ത് ആവശ്യമായിട്ടുള്ള വസ്തുക്കളും സാമഗ്രികളും ഇന്ത്യയിൽ തന്നെ ഉണ്ടാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതി രാജ്യത്തെ യുവാക്കളെ പ്രചോദിപ്പിച്ചിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതി നൈപുണ്യ വികസനത്തിന് ഊന്നൽ നൽകുന്നു. 2009 ൽ ദേശീയ വൈദഗ്ദ്യനയം രാജ്യം അംഗീകരിച്ചിരുന്നു. പ്രധാനമന്ത്രി നേരിട്ട് വിലയിരുത്തുന്ന പരിപാടികളിൽ ഒന്ന് യുവജനങ്ങൾക്ക് നൈപുണ്യ ശേഷി വളർത്തുന്നതിനുള്ള പദ്ധതികളാണ്.

വിദ്യഭ്യാസം നേടുന്നതിനോടൊപ്പം ജോലി ലഭിക്കാൻ ആവശ്യമായ സോഫ്റ്റ് സ്കിൽ ആജീവിക പദ്ധതിയിലൂടെ നേടാൻ സാധിക്കുന്നതാണ്. ഒട്ടനവധി സാദ്ധ്യതകളാണ് രാജ്യത്തെ യുവസമൂഹത്തിന്റെ മുമ്പിൽ ഉള്ളത്. അടിസ്ഥാന സൗകര്യവികസനം, നിർ മ്മാണ മേഖല, ആരോഗ്യ മേഖല, വിവര സാങ്കേതിക എന്നിവയിൽ രാജ്യം കുതിച്ച് ചാട്ടത്തിന് ഒരുങ്ങുകയാണ്. ഒട്ടനവധി അവസരങ്ങൾ രാജ്യത്ത് ഉണ്ടാക്കാൻ പോകുകയാണ്. ഇന്ത്യയിലെ തൊഴിൽരഹിതരായ 423 മില്യൻ ജനങ്ങൾ ഫലപ്രദമായി ഈ പദ്ധതി ഉപയോഗിക്കുകയാണെങ്കിൽ തൊഴിലില്ലായ്മ പരിഹരിക്കുവാനും രാജ്യത്തെ യുവസമൂഹത്തിന്റെ നൈപുണ്യശേഷി ഉയർത്തുവാനും അതുവഴി രാജ്യപുരോഗതിക്ക് ഉതകുന്ന ഒരു പദ്ധതിയായി ആജീവിക പദ്ധതി മാറുമെന്നതിൽ രണ്ടഭിപ്രായമില്ല. ◆



ജി. ശ്രീനിവാസൻ




# ബജറ്റ്

## സാമ്പത്തികശക്തിയുടെ ഒരു ഉപകരണം എന്ന രീതിയിൽ പരിഗണിക്കുമ്പോൾ

ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന സാമ്പത്തികവർഷത്തിൽഗവൺമെന്റിന്റെവരവ്-ചെലവ്കണക്കുകളുടെവിശദമായവിവരങ്ങൾഉൾക്കൊള്ളുന്നതാണ് ബജറ്റ്. നിത്യനിദാന ചെലവുകൾക്ക്വിഭവസമാഹരണം നടത്തുന്നതിന്റെവിശദാംശങ്ങളും ബജറ്റിലുണ്ടാകും. ഫെബ്രുവരിമാസത്തിന്റെഅവസാനദിവസം ബജറ്റ്അവതരിപ്പിക്കുക എന്ന പതിവ്കൊളോണിയൽകാലത്തിന്റെസംഭാവനയാണ്. മുമ്പ് ധനകാര്യമന്ത്രി വൈകിട്ട്അഞ്ച്മണിക്കായിരുന്നു ബജററ്അവതരിപ്പിച്ചിരുന്നത്. ഇപ്പോൾ ബജറ്റ്രാവിലെ 11 മണിക്ക്ലോക്സഭയിലവതരിപ്പിക്കുന്നു. അന്ന്സഭയുടെമറ്റ് ബിസിനസ്സുകൾഒന്നുംഉണ്ടാവില്ല. എന്തിന് ചോദ്യോത്തരവേള പോലുംഅന്ന്സഭയിലില്ല. ആ ദിവസംമുഴുവൻ ബജറ്റ് അവതരണത്തിന് നീക്കിവെയ്ക്കുന്നു. ഈ വർഷം ഫെബ്രുവരി 28 ന് ശനിയാഴ്ച ധനമന്ത്രി അരുൺ ജെയ്റ്റ്ലി2015-16സാമ്പത്തികവർഷത്തെ സമ്പൂർണ്ണ ബജറ്റ്ലോക്സഭയിലവതരിപ്പിച്ചു. കഴിഞ്ഞ എട്ടുമാസത്തെ കാലയളവിലേക്ക് ധനമന്ത്രി കഴിഞ്ഞ വർഷംജൂലൈയിൽ ഈ ഗവൺമെന്റിന്റെകന്നി ബജറ്റ്അവതരിപ്പിച്ചിരുന്നു. 2014 മേയ്മാസംഎൻ.ഡി.എ. ഗവൺമെന്റ്തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയതിനെതുടർന്ന്അധികാരത്തിൽവന്നതിനുശേഷംസാമ്പത്തികരംഗത്ത് പ്രഖ്യാപിച്ച നടപടികൾമുന്നോട്ടുകൊണ്ടുപോകാൻ ബജറ്റിൽ നിർദ്ദേശങ്ങളുണ്ടോ എന്ന് എല്ലാവരും ഉറ്റുനോക്കിയിരുന്നു. നരേന്ദ്രമോദി പ്രധാനമന്ത്രിയായതു മുതൽ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ളഗവൺമെന്റിന് അടുത്ത അഞ്ചുവർഷം ഭരിക്കാനാണല്ലോ മാൻഡേറ്റ് ലഭിച്ചിരിക്കുന്നത്.

ഭരണഘടനയുടെ112-ാംവകുപ്പനുസരിച്ച് ഏപ്രിൽഒന്നിന് തുടങ്ങി പിറ്റേവർഷംമാർച്ച് 31 ന് അവസാനിപ്പിക്കുന്ന മതിപ്പ്വരവ്ചെലവുകണക്കുകൾ പാർലമെന്റിൽവെയ്ക്കണമെന്ന് നിർദ്ദേശിക്കുന്നു.

ബജറ്റ്രേഖകളിൽസഞ്ചിതനിധിയിൽ നിന്നുംഎടുത്തുചെലവഴിക്കേണ്ട പണത്തിന്റെകണക്കുകൾഉണ്ടായിരിക്കും. ഇത്ലോക്സഭ വോട്ടിനിട്ട് പാസ്സാക്കണം. വിവിധ മന്ത്രാലയങ്ങൾക്കും, വകുപ്പുകൾക്കുംവേണ്ട ധനാഭ്യർത്ഥന എന്ന രീതിയിലാണ്ഇത്ലോക്സഭയിൽ അവതരിപ്പിക്കുന്നത്. ഒരു പ്രത്യേക സേവനത്തിനു വേണ്ടമൊത്തംവിഹിതമായിരിക്കും ഈ ധനാഭ്യർത്ഥനയിലുണ്ടാവുക. റവന്യുചെലവുകൾ, മൂലധന ചെലവുകൾ, സംസ്ഥാന കേന്ദ്ര ഭരണപ്രദേശങ്ങൾക്കുള്ളധനസഹായം, വായ്പകൾ, അഡ്വാൻസുകൾഎന്നിവഓരോ ധനാഭ്യർത്ഥനയിലുംഉൾപ്പെടുത്തിയിരിക്കും. മതിപ്പുചെലവിനത്തിൽആകെവേണ്ട മൊത്തംതുകയായിരിക്കുംഉൾപ്പെടുത്തുക. മതിപ്പ് റവന്യൂവരവ്, റവന്യൂ ബജറ്റ്രേഖയിൽവിശദമാക്കുകയും അപഗ്രഥിക്കുകയുംചെയ്യും.

റവന്യൂവരവ്അറ്റ നികുതി റവന്യൂവും, നികുതിയിതര റവന്യൂവും

ചേർന്നതായിരിക്കും.

നികുതിവരുമാനത്തിൽകോർപ്പറേഷൻ നികുതി, ആദായനികുതി, പ്രത്യക്ഷനികുതിയിൽഉൾപ്പെടുന്ന നികുതികളെല്ലാംഉൾപ്പെടുന്നു. പരോക്ഷ നികുതിയിൽകസ്റ്റംസ്, എക്സൈസ്സേവന, നികുതികൾ ഉൾപ്പെടുന്നു. നികുതിയിതര റവന്യൂവിൽ, പലിശയിൽ നിന്നുള്ളആദായം, പൊതുമേഖലാസ്ഥാപനങ്ങളുടെലാഭവിഹിതം, കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുള്ള റവന്യുവരുമാനം എന്നിവഉൾപ്പെടുന്നു.

വായ്പകളിന്മേലുള്ളതിരിച്ചടവ്, വിപണിയിൽ നിന്നുള്ളവായ്പ, ഹ്യസ്വകാലകടമെടുപ്പ്, വിദേശസഹായം ചെറുകിടസമ്പാദ്യങ്ങളെഅടിസ്ഥാനമാക്കിയുള്ളസെക്യൂരിറ്റികൾഎന്നിവയടങ്ങിയകടമെടുപ്പ്വരുമാനം (ഡെബ്റ്റ് സിപ്റ്റ്സ്) തുടങ്ങിയവമൂലധനവരുമാനത്തിൽഉൾപ്പെടുന്നു.

സ്പെക്ട്രംലേലം,സെക്യൂരിറ്റികളുടെലേലമോവില്പനയോ, ഓഹരിവിറ്റഴിക്കുന്നതിൽകൂടിയുള്ളവരുമാനം എന്നിവയാണ്കടമെടുപ്പിതരവരുമാനം (നോൺ-ഡെബ്റ്റ്റസിപ്റ്റ്സ്)

ബജറ്റ്രേഖകൾ രണ്ട് വാല്യങ്ങൾഉണ്ടാകും. റവന്യൂ, മൂലധന ചെലവുകൾഓരോശീർഷകത്തിലുള്ള പദ്ധതിവിഹിതംഎന്നിവയടങ്ങിയതാണ്ഒന്നാംവാല്യം. ധനാഭ്യർത്ഥനയിൽമുന്നോട്ട്വെച്ചിട്ടുള്ളചെലവിനുള്ളലക്ഷ്യങ്ങൾ, ന്യായീകരണങ്ങളും പ്രമുഖ പദ്ധതികൾക്കുവേണ്ട വന്ന ചെലവിനെ സംബന്ധിച്ച ഹ്യസ്വമായ കുറിപ്പുകളും, തൊട്ടുമുൻവർഷത്തെ ബജറ്റ്എസ്റ്റിമേറ്റിലും, പുതുക്കിയ എസ്റ്റിമേറ്റിലും നടപ്പുവർഷത്തെ ബജറ്റിലുംവന്നുഭവിച്ചഏറ്റക്കുറച്ചിലുകളുംഅതിനുള്ളകാരണങ്ങളും രണ്ടാംവാല്യത്തിലുണ്ടാകും.

ബജറ്റ് നിർദ്ദേശങ്ങൾക്കുവ്യക്തതവരുത്താൻഇതിനു പുറമെ ധനകാര്യ ബില്ലുംഅവതരിപ്പിക്കും. ഭരണാഘടനയുടെ 110(1) എ വ്യവസ്ഥയനുസരിച്ചാണ് ധനകാര്യ ബില്ല്അവതരിപ്പിക്കുന്നത്. നികുതി നിർദ്ദേശങ്ങൾ, നികുതിഇല്ലാതാക്കൽ, കുറയ്ക്കൽ, വർദ്ധിപ്പിക്കൽ, നിയന്ത്രിക്കൽഎന്നിവ ധനകാര്യ ബില്ലിലുണ്ടായിരിക്കും. ധനകാര്യ ബില്ലിനൊപ്പംമെമ്മോറാണ്ടം എന്ന പേരിൽഒരു ബുക്ക്ലെറ്റുംചേർത്തിട്ടുണ്ട്. ധനകാര്യബില്ലിലെ നികുതി നിർദ്ദേശങ്ങളെക്കുറിച്ച്ഒരുവിഗഹവീക്ഷണം നല്കാനും ബജറ്റ്രേഖകളെക്കുറിച്ച്ഏകദേശം ധാരണ ലഭിക്കാനുംഇതുപകരിക്കും. ഈ അനുബന്ധങ്ങൾചേർന്ന ബജറ്റ്രേഖകളാണ്സാമ്പത്തികവിദഗ്ദരും മറ്റും നിശിതമായ അപഗ്രഥത്തിന് ഉപയോഗപ്പെടുത്തുക. ഇതിനെല്ലാം പുറമെ ബജറ്റിന്റെ പ്രധാന സവിശേഷതകൾ, പിന്നിട്ട നാഴികകല്ലുകൾ, കൈവരിക്കേണ്ട പുതിയലക്ഷ്യങ്ങൾ, ബജറ്റിലെ പുതിയ നിർദ്ദേശങ്ങൾ, കൃഷി, വ്യവസായം, പ്രതിരോധം തുടങ്ങിയമേഖലകൾക്ക് നീക്കിവെച്ചിട്ടുള്ളവിഹിതം നികുതി നിർദ്ദേശങ്ങളുടെരത്നച്ചുരുക്കംഎന്നിവയടങ്ങിയ ഹ്യസ്വവിവരണവും ധനമന്ത്രാലയം പുറത്തിറക്കാറുണ്ട്.

ഭരണസുതാര്യതഉറപ്പാക്കുന്ന വിധത്തിൽ, മുൻവർഷം പ്രഖ്യാപിച്ച ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കിയതിലെ പുരോഗതിയുടെസ്ഥിതിവിവരരേഖ ധനമന്ത്രാലയം പുറപ്പെടുവിക്കുന്നു. 2004 ലെ ഫിസ്ക്കൽറെസ്പോൺസിബിലിറ്റിആൻഡ് ബഡ്ജറ്റ്മാനേജ്മെന്റ് നിയമമനുസരിച്ചാണ് (എഫ്.ആർ.ബി.എം. ആക്റ്റ്) ഈ രേഖ ധനമന്ത്രാലയം പുറത്തിറക്കുന്നത്. മാക്രോഇക്കണോമിക്സ് ഫ്രെയിംവർക്ക്സ്റ്റേറ്റ്മെന്റ്, മീഡിയംടേംഫിസ്ക്കൽപോളിസിസ്ട്രാറ്റജിസ്റ്റേറ്റ്മെന്റ് എന്നിവയാണിവ. മുൻഗവൺമെന്റ് 2004 ലെ എഫ്.ആർ.ബി.എം. നിയമം 2012 ൽ ഭേദഗതിചെയ്തു. അതുകൊണ്ട്ഇപ്പോൾമൊത്തംദേശീയഉല്പാദനത്തിന്റെ (ജി.ഡി.പി) ശതമാനവുമായി ബന്ധിപ്പിച്ചാണ്മൊത്തംചെലവിലെ കുറവ്കണക്കാക്കുന്നത്. ജി.ഡി.പി. യുടെശതമാനത്തിന്റെഅടിസ്ഥാനത്തിലാണ് മൊത്ത നികുതിവരുമാന വർദ്ധനവുംകണക്കാക്കുന്നത്. ഇക്കാര്യങ്ങൾഡിസംബറിൽ പാർലമെന്റിൽവെച്ച സാമ്പത്തികരംഗത്തിന്റെഅർദ്ധവാർഷികാവലോകനത്തിൽവ്യക്തമാക്കിയിട്ടുണ്ട്.





കഴിഞ്ഞ ജൂലൈ മാസം തന്റെ പ്രഥമ ബജറ്റ് അവതരിപ്പിച്ച ധനമന്ത്രി അരുൺ ജെയ്റ്റ്ലി2014–15 ൽ സാമ്പത്തികകമ്മിജി.ഡി.പി.യുടെ 4.1 ശതമാനമായി നിർത്തുമെന്ന്വാഗ്ദാനം ചെയ്തിരുന്നു. ഈ ലക്ഷ്യത്തിലെത്താൻ അധികം പ്രയാസപ്പെടേണ്ടി വരുകയില്ല. ആഗോളതലത്തിൽഅസംസ്കൃതഎണ്ണവിലകുറയുന്നതും, ബ്രിട്ടൻ, അമേരിക്ക എന്നീരാജ്യങ്ങളിലെസമ്പദ്വ്യവസ്ഥകൾശക്തിപ്പെടുത്തുന്നതും, നമ്മുടെസമ്പദ്വ്യവസ്ഥയുടെചാലകശക്തികൾക്ക് വേണ്ടഊർജ്ജം പകർന്നിട്ടുണ്ട്. ഇത് നടപ്പുസാമ്പത്തികവർഷത്തിന്റെഅവസാനപാദംരാജ്യത്തിന്റെസമ്പദ്വ്യവസ്ഥവീണ്ടെടുപ്പിന്റെപാതയിലായിരിക്കുമെന്ന പ്രവചനം യാഥാർത്ഥ്യമാക്കും. റിസർവ്ബാങ്ക്ആകട്ടെ ഇക്കഴിഞ്ഞ ജനുവരിമദ്ധ്യത്തോടെ പലിശ നിരക്കിൽഅതിശയകരമായി 25 പോയിന്റ് കുറവ് പ്രഖ്യാപിച്ചത്വ്യവസായവാണിജ്യമേഖലയുടെ പ്രവർത്തനചെലവ്സംബന്ധിച്ച ബുദ്ധിമുട്ടുകൾഗണ്യമായികുറച്ചു. അസംസ്കൃത എണ്ണ ഇറക്കുമതിചെയ്യുന്നതിൽ 50 മുതൽ 60 ദശലക്ഷം ഡോളറിന്റെകുറവ്ഉണ്ടായത്ഇന്ധന സബ്സിഡിഗണ്യമായികുറയ്ക്കാൻ ഗവൺമെന്റിനെ സഹായിച്ചു. പെട്രോൾ, ഡീസൽ വിലയുടെ നിയന്ത്രണംഗവൺമെന്റ് നേരത്തെ തന്നെ നീക്കി. ഇതിന്റെ ഫലമായിആഗോളതലത്തിൽഎണ്ണവിലഇടിയുമ്പോൾ പമ്പുകളിലും ഈ ഇന്ധനങ്ങളുടെ വിലകുറയുന്നു. ഇതിലുണ്ടാകുന്ന ലാഭം ഉപഭോക്താക്കൾക്ക്മറ്റുരീതിയിൽവിനിയോഗിക്കാനാകും. ഇന്ധനത്തിന്മേലുള്ളഎക്സൈസ്ഡ്യൂട്ടിവർദ്ധിപ്പിച്ചതിനാൽ നടപ്പുസാമ്പത്തികവർഷം 20000 കോടിരൂപയിലധികം ഈ ഇനത്തിൽഗവൺമെന്റിന് ലഭിച്ചു.

ഭക്ഷ്യ ധാന്യ സംഭരണത്തിൽ നിയന്ത്രണങ്ങളേർപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സബ്സിഡിയുക്തിസഹമാക്കുകയുംഇതരചെലവുകൾ ഈ അടുത്ത മാസങ്ങളിൽകുറയ്ക്കുകയുംചെയ്തതിനാൽ, അടുത്ത ബജറ്റിൽമെയ്ക്ക്ഇൻഇന്ത്യ പോലുള്ളവികസന പദ്ധതികൾക്ക്ആവശ്യത്തിനിടമുണ്ടാകും. വികസനം, തൊഴിൽഅവസരങ്ങളുടെസൃഷ്ടി എന്നിവയ്ക്ക്ചാലകശക്തിയായിമാറും. ഉല്പാദനത്തിന് ആവശ്യമായ വസ്തുക്കൾക്കുള്ള ഇറക്കുമതി ചുങ്കംകുറയ്ക്കാൻ രാജ്യത്തിന് സാധിക്കുന്നുണ്ട്. ഇത് രാജ്യത്തിന്റെ ഉല്പന്ന നിർമ്മാണ വളർച്ച പോഷിപ്പിക്കും, അസംസ്കൃത എണ്ണ വില ഇടിയുന്നതിലൂടെയുണ്ടാകുന്ന സമ്പാദ്യംഅങ്ങനെ മറ്റുവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കരുത്തു പകരും. അസംസ്കൃതഎണ്ണവിലകുറഞ്ഞതും, പണപ്പെരുപ്പം ഇടിഞ്ഞതും, കറന്റ് അക്കൗണ്ട്കമ്മി ഏറ്റവുംതാഴ്ന്ന നിലയിലായതും, രാജ്യത്തിന്റെസമ്പദ്വ്യവസ്ഥയുടെ വളർച്ചയെ പ്രചോദിപ്പിക്കും.

സമ്പദ്വ്യവസ്ഥയെ പുഷ്ടിപ്പെടുത്തുന്നതിലും,ഒരു പുതിയദിശാബോധം നല്കാനും, അനുകൂലസാഹചര്യങ്ങളെയുംഘടകങ്ങളെയുംഅത് എത്ര കണ്ട് പ്രയോജനപ്പെടുമെന്നാണ്എല്ലാവരും പ്രതീക്ഷയോടെ കാത്തിരിക്കുന്നത്. ◆

*(ലേഖകൻ ഫ്രീലാൻഡ് പത്രപ്രവർത്തകനാണ്)*

കഥ

എ. ഗോപകുമാർ

# പാരീസ് ബസാറിലെ പട്ടിയുടെ ശവം

നേരം പുലർന്നിട്ടും പാരീസ്ബസാർ ഉണർന്നില്ല. കടകൾ അടഞ്ഞു കിടന്നു. വീടുകളിൽ നിന്നും ആരും പുറത്തിറങ്ങിയില്ല. പത്രക്കാരന്റേയും പാൽക്കാരന്റേയും സൈക്കിൾ ബല്ല് ആരേയും സ്വാധീനിച്ചില്ല. പൈപ്പിന്റെ ചുവട്ടിൽ പതിവ് ക്യൂ ഇല്ല. എന്നും ഈ സമയത്ത് റാഫിയുടെ ചായപീടികയിൽ ചായകുടിക്കാൻ ഒരു കൂട്ടം ഉണ്ടാകുമായിരുന്നു. ഇന്ന് കട തുറന്നിട്ടില്ല. പാരീസ് ബസാർ അസ്വസ്ഥമായ വിജനതയിൽ മൂടിക്കിടന്നു. വിദ്യാലയത്തിലേക്ക് കുട്ടികൾ ആരും പോയില്ല. എല്ലാവരും വീട്ടിനുള്ളിൽ തന്നെ കഴിഞ്ഞുകൂടി.

മൂടൽ മഞ്ഞിലൂടെ ആരോ ഒരാൾ റാഫിയുടെ ചായപീടികയ്ക്കടുത്തെത്തി. പതുക്കെ പതുക്കെ ചെറിയൊരു കൂട്ടം അവിടെ രൂപപ്പെട്ടു. 'ആരാണ് ഇതിനെ ഇവിടെ കൊണ്ടിട്ടത്' ബാലേട്ടൻ തുറിച്ച കണ്ണുകളോടെ ചോദിച്ചു. 'ആർക്കറിയാം. ഏതോ സാമൂഹ്യദ്രോഹിയാണ്' സോമൻമാഷ് അഭിപ്രായപ്പെട്ടു. 'അവനെ കിട്ടിയാൽ തുണ്ടം തുണ്ടമാക്കണം'. റാഫി അരിശം കൊണ്ടു വിറച്ചു. ഒരു തണുത്തകാറ്റ് മെല്ലെ കടന്നു പോയി. കഠിനമായ അസഹ്യതയോടെ എല്ലാവരും വീർപ്പുമുട്ടി. 'എന്റെ ഈശോ ഇതെന്തൊരു ദുർഗന്ധം. നമ്മുടെ നാട് നരകമായല്ലോ' ഫിലിപ്പിന്റെ അഭിപ്രായംകേട്ട് എല്ലാവരും മ്ലാനവദനരായി. അല്പം അകലെ മാലിന്യകൂമ്പാരത്തിൽ നിന്നും ഈച്ചകൾ പറന്ന് പൊങ്ങി. 'ഇത് ഇവിടെയെങ്ങുമുള്ള പട്ടിയല്ല. ആരോ മനപൂർവ്വം ഇവിടെകൊണ്ടിട്ടതാണ്. ചത്തിട്ട് നാലഞ്ചുദിവസങ്ങളായി കാണും'. അഹമ്മദ് അഭിപ്രായപ്പെട്ടു. 'വാർഡുമെമ്പറെ അറിയിച്ചോ?' രാഘവൻ ചോദിച്ചു. 'അതെ ഞാൻ ഇന്നലെ വിളിച്ചു പറഞ്ഞിരുന്നു. അദ്ദേഹം ആരോഗ്യവകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നു പറഞ്ഞു' ഉമ്മൻ മറുപടി പറഞ്ഞു. 'ആരോഗ്യ വകുപ്പിനെ മാത്രം പോര, മലിനീകരണ നിയന്ത്രണ ബോർഡിനെയും അറിയിക്കണം' പാപ്പൻ വ്യക്തമാക്കി. 'അനാഥ ശവം മറവുചെയ്യേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. നമുക്ക് ഒരു ഹർജി തയ്യാറാക്കി പഞ്ചായത്ത് ഓഫീസിലേയ്ക്ക് പോകാം' സത്യന്റെ അഭിപ്രായത്തോട് എല്ലാവരും അനുകൂലിച്ചു. സോമൻ മാഷ് വീട്ടിലേയ്ക്ക് കുതിച്ചു. ഉടൻ തന്നെ പേപ്പറും പേനയുമായി എത്തി. വീടുകളുടെ ജനൽപാളികൾ തുറന്നു പലരും തലയിട്ടുനോക്കി. അസഹ്യതയോടെ ഉടൻ തന്നെ പാളികൾ അടച്ചു. പട്ടിയുടെ ശവം കിടന്ന സ്ഥലത്ത് കാക്കകൾ വട്ടം ചുറ്റികൊണ്ടിരുന്നു. ശോകമൂകമായ അന്തരീക്ഷത്തിൽ പാരീസ് ബസാർ ദുർഗന്ധം കൊണ്ട് വീർപ്പുമുട്ടി.

സോമൻ മാഷിന്റെ നേതൃത്വത്തിൽ ഹർജിയുമായി 'ഒരു ജാഥ' പഞ്ചായത്ത് ഓഫീസ് ലക്ഷ്യമാക്കി നീങ്ങി. ഹർജി പഞ്ചായത്ത് പ്രസിഡന്റിന് നേരിട്ടു സമർപ്പിച്ചു. അടിയന്തിരമായി വേണ്ട നടപടിസ്വീകരിക്കുവാൻ പ്രസിഡന്റ് സെക്രട്ടറിക്ക് ഉടൻ നിർദേശം നൽകിയത് കേട്ട് എല്ലാവരും ഹർഷോന്മത്തരായി. 'ജാഥ' തിരികെ പാരീസ് ബസാർ ലക്ഷ്യമാക്കി നീങ്ങി.



എവിടെയോ നിന്നും വന്ന ഒരു ഭ്രാന്തൻ കടകൾ അടഞ്ഞുകിടക്കുന്നത് കണ്ട് കറപിടിച്ച പല്ല് കാട്ടിചിരിച്ചുകൊണ്ട് കാരണം ആരാഞ്ഞു. ചവറുകൂമ്പാരത്തിൽ ചൂണ്ടി അരവിന്ദാക്ഷൻ പറഞ്ഞു 'ദാ അവിടെ പോയിനോക്ക്, നിന്നെപ്പോലെയൊന്ന് ചത്തുപുഴുത്തു കിടക്കുന്നു.' ഭ്രാന്തൻ ചവറുകൂമ്പാരത്തിന്റെ അടുത്തെത്തി. കാക്കകൾ കലപില കൂട്ടി. ഈച്ചകൾ ചുഴലികാറ്റുപോലെ ഉയർന്നു. മൂക്കുപൊത്തിക്കൊണ്ട് അയാൾ അവിടെനിന്നും വേഗം നടന്നു. കണ്ടുനിന്നവർ പൊട്ടിച്ചിരിച്ചു. അല്പനേരം കഴിഞ്ഞ് അയാൾ ഒരു മൺവെട്ടിയുമായി അവിടെ എത്തി. ജനങ്ങൾ ഉത്കണ്ഠാകുലരായി. 'ഭ്രാന്തൻ' റോഡിനോടു ചേർന്നുള്ള പുറമ്പോക്കു ഭൂമിയിൽ ഒരു കുഴികുത്താൻ തുടങ്ങി. ഓരോ വെട്ടും ജനങ്ങളിൽ നടുക്കമുണ്ടാക്കി. വിയർപ്പിൽ കുളിച്ച 'ഭ്രാന്തൻ' മൺവെട്ടികൊണ്ട് നായയുടെ ശവം നീക്കിയിട്ട് മണ്ണിട്ടശേഷം അതിനുമുകളിൽ ഏതാനും വലിയ കല്ലുകൾ എടുത്തു വച്ചു. കാക്കകൾ അരിശം പൂണ്ട് വിളിച്ചുകൊണ്ട് അകലേയ്ക്ക് പറന്നുപോയി. ഈച്ചകൾ ചിതറി മറഞ്ഞു. ആശ്വാസത്താൽ ജനങ്ങൾ വീടുകൾ വിട്ടിറങ്ങി 'ഭ്രാന്തനെ' നോക്കി ആർപ്പുവിളിച്ചു. 'ഭ്രാന്തൻ' ജനക്കൂട്ടത്തെനോക്കി പരിഹാസത്തോടെ കാർക്കിച്ചു തുപ്പിക്കൊണ്ടു നടന്നു മറഞ്ഞു. ◆

എ. രാമകൃഷ്ണൻ

# എന്റെ സ്വപ്നത്തിലെ ഗ്രാമസർക്കാർ

("ഭാവിയിലെ ഗ്രാമപഞ്ചായത്തുകൾ" ഒന്നാം സമ്മാനം നേടിയ ലേഖനം)

'ഗ്രാമ സ്വരാജ്' സംബന്ധിച്ച മഹാത്മാ ഗാന്ധിയുടെ ദർശനങ്ങൾ നമ്മുടെ മുമ്പാകെ ഉണ്ടായിരിക്കെതന്നെ, 1992 വരെയുള്ള ദീർഘകാലം നാമമാത്രമായ അധികാരങ്ങൾ നിർവ്വഹിച്ചിരുന്ന ഒരു ഭരണസംവിധാനമാണ് ഗ്രാമ പഞ്ചായത്തുകൾക്ക് സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഉണ്ടായിരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഉണ്ടായിരുന്നെങ്കിലും പ്രസിഡന്റിന്റേയും അംഗങ്ങളുടെയും പദവി തികച്ചും ആലങ്കാരികവും അധികാരം പരിമിതവുമായിരുന്നു. എന്നാൽ, ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ്-നഗരപാലിക ബില്ലുകൾ 1992-ൽ പാസാക്കിയപ്പോൾ സമൂലമായ പരിവർത്തനമാണ് ഇന്ത്യയിൽ ഉണ്ടായത്. വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ പാഠശാലകളായി നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ മാറി. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും അതിന്റെ പ്രവർത്തനങ്ങളും നിർവ്വഹണ സംവിധാനങ്ങളും ലോകത്തിന് മാതൃകയായി തീരുവാൻ വളരെ കുറച്ച് വർഷങ്ങൾ മാത്രമാണ് വേണ്ടിവന്നത്. കേരളം നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതി അധികാര വികേന്ദ്രീകരണത്തിന്റെ ഉത്തമമാതൃകയായിതീർന്നതാണ് ഇന്ത്യയെ മാതൃകയാക്കുവാൻ ലോകരാജ്യങ്ങളെ പ്രേരിപ്പിച്ചത്. കേരളത്തിലെ ഗ്രാമ പഞ്ചായത്തുകൾ I.S.O. സർട്ടിഫിക്കേഷൻ നേടിക്കൊണ്ട് മികച്ച സ്ഥാപനങ്ങളായും 'കില' വികേന്ദ്രീകൃത ആസൂത്രണ പഠനത്തിന്റെ സർവ്വകലാശാലയായി മാറുകയും, വനിതാ ശാക്തീകരണ രംഗത്തും ഉൽപാദന-സേവന മേഖലകളിലും വൈവിധ്യമാർന്ന പദ്ധതികൾ ഇതിനോടകം തന്നെ നടപ്പിലാക്കുകയും ചെയ്തെങ്കിലും നമ്മുടെ പരിമിതികളും ദൗർബല്യങ്ങളും കൂടി വിലയിരുത്തി പരിഹാരങ്ങൾ കണ്ടെത്തുമ്പോൾ മാത്രമേ മഹാത്മജിയുടെയും ജനകീയാസൂത്രണ ശിൽപിയായ ഇ.എം.എസിന്റേയും അധികാര വികേന്ദ്രീകരണത്തിന് വേണ്ടി ഭരണഘടന ഭേദഗതി ചെയ്ത രാജീവ് ഗാന്ധിയുടെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കപ്പെടുകയുള്ളു.

ഒരു ജനപ്രതിനിധി എന്ന നിലയിലും ഒട്ടേറെ അനുഭവങ്ങളുള്ള മുൻ ഉദ്യോഗസ്ഥൻ എന്ന നിലയിലും 2025 -ൽ നമ്മുടെ ഗ്രാമ പഞ്ചായത്തുകൾ എങ്ങനെയാവണം എന്നത് സംബന്ധിച്ച് ഞാൻ കാണുന്ന സ്വപ്നം യാഥാർത്ഥ്യബോധത്തോടുകൂടി തന്നെയാണ്. മഹാത്മജിയും ഇ.എം. എസ്. ഉം രാജീവ് ഗാന്ധിയും കണ്ട ഗ്രാമ സ്വരാജിനോട് ചേർത്തു വെച്ചുകൊണ്ടുതന്നെയാണ് ഞാൻ ഈ സ്വപ്ന പദ്ധതി ഇവിടെ അവതരിപ്പിക്കുന്നത്. നമ്മുടെ ഗ്രാമ പഞ്ചായത്ത് സംവിധാനത്തേയും സർക്കാരിന്റെ വിവിധ പ്രവർത്തന മേഖലകളേയും ഗ്രാമ സർക്കാരാക്കി വിപുലീകരിക്കുന്ന മഹത്തായ ഒരു സംവിധാനമാണ് ഞാൻ വിഭാവനം ചെയ്യുന്നത്. ഭരണസംവിധാനം, ആസൂത്രണം, സേവനദായകരീതി എന്നിങ്ങനെ മൂന്നായി തിരിച്ചുകൊണ്ടാണ് ഈ സ്വപ്ന പദ്ധതി ഞാൻ അവതരിപ്പിക്കുന്നത്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും സർക്കാരും കൂട്ടായി ഒരേ ലക്ഷ്യത്തിനായി പ്രവർത്തിക്കുമ്പോൾ ഏത് സ്വപ്നവും യാഥാർത്ഥ്യമാക്കിതീർക്കുവാൻ കഴിയുന്നതാണ്.

ഗ്രാമ പഞ്ചായത്തിനെ ഗ്രാമ സർക്കാരാക്കി വിപുലീകരിക്കുമ്പോൾ പ്രസിഡന്റ് മുഖ്യമന്ത്രിയും, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ മന്ത്രിമാരും ഗസറ്റഡ് റാങ്കിലുള്ള സെക്രട്ടറി ചീഫ് സെക്രട്ടറി എന്ന നിലയിലും ഭരണസംവിധാനം മാറേണ്ടതുണ്ട്. അതോടൊപ്പം ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ, വില്ലേജ് ഓഫീസുകൾ,

കൃഷിഓഫീസുകൾ എന്നിവയുടെ പ്രവർത്തനവും സർക്കാരായി മാറുന്ന പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിലേക്ക് മാറേണ്ടതുണ്ട്. വൈസ് പ്രസിഡന്റിന്റെ നിയന്ത്രണത്തിലുള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ധനകാര്യ നിർവ്വഹണം, നീതി നിർവ്വഹണം എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. ജനകീയ പോലീസ് സ്റ്റേഷനാക്കുന്നതുവഴി കോടതിക്കു പുറത്ത് പരിഹരിക്കാവുന്ന തർക്കങ്ങൾ പോലീസ് അധികാരികളോടൊപ്പം വൈസ് പ്രസിഡന്റിന്റെയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്. മറ്റ് അംഗങ്ങളെക്കൂടി ചേർത്ത് ഇതിനൊരു സമിതി രൂപീകരിക്കാവുന്നതുമാണ്.

### വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ:

കൃഷി ഓഫീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം, റോഡുകൾ-പാലങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന LSGD എഞ്ചിനീയറിംഗ് വിഭാഗം, വൈദ്യുതി എന്നിവയുടെ ചുമതല നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കേണ്ടതാണ്. വകുപ്പുതല ഉദ്യോഗസ്ഥർ പ്രതിമാസ യോഗങ്ങൾ ചേർന്ന് നടപ്പിലാക്കേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളിലും ഉത്തരവുകളിലും പ്രാദേശികാവശ്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ അനിവാര്യമാണെങ്കിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്ത് ഭരണ സമിതിയിൽ അവതരിപ്പിച്ച് തീരുമാനത്തിന് ബന്ധപ്പെട്ട വകുപ്പിന് അയച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഒരു മാസത്തിനകം അംഗീകാരം വന്നില്ലെങ്കിൽ നടപടികളുമായി മുന്നോട്ടുപോകുവാൻ വ്യവസ്ഥയുണ്ടാകണം. വിവിധ വകുപ്പുകളുമായുള്ള ലെയ്സൺ വർക്ക് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ നിർവ്വഹിക്കേണ്ടതാണ്.

### ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ:

പട്ടിക ജാതി വികസനം, വനിതാക്ഷേമം, ദാരിദ്ര്യനിർമാർജ്ജനം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രാദേശിക ഓഫീസുകളുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്. ഗ്രാമസഭാ തീരുമാനങ്ങളിൽ അവ്യക്തതയുണ്ടെങ്കിൽ അതു പരിഹരിക്കുവാനും വ്യക്തിഗത ആനുകൂല്യങ്ങൾക്കായി യഥാർത്ഥ ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ പഞ്ചായത്തുതലത്തിൽ ക്രമീകരിക്കുവാനും ഈ സമിതിക്കു കഴിയണം. മാലിന്യ സംസ്കരണം കൃത്യമായ പദ്ധതികളിലൂടെ നടപ്പിലാക്കേണ്ടതാണ്.

### ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ:

ആരോഗ്യം, വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കേണ്ടതാണ്. ഈ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും ഈ സമിതിയുടെ കൂടി മേൽനോട്ടത്തിലാവേണ്ടതുണ്ട്. ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ വിവേചനം അനുവദനീയമല്ലാത്തതും 'തങ്ങളുടെ ഉത്തരവാദിത്വത്തിൽ വരുന്നില്ലെന്ന' രീതിയിലുള്ള ഒഴിഞ്ഞുമാറൽ അനുവദിക്കരുത്.

### ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്നതുപോലെ പൊതുഭരണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണ്ടതും സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ഉയർന്നുവരുന്ന മാറ്റങ്ങൾ സ്റ്റിയറിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുണ്ട്. മേൽഘടക ഓഫീസുകളിലേക്കോ സർക്കാരിലേക്കോ അയച്ച് അനുമതി വാങ്ങേണ്ട കേസുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ എല്ലാ ഓഫീസുകളുടെയും പ്രവർത്തനം സ്റ്റിയറിംഗ് കമ്മിറ്റികളിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കാവുന്നതും പിന്നീട് ഭരണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതുമാണ്. നിയമപ്രശ്നങ്ങൾ, അടിയന്തിര പ്രശ്നങ്ങൾ, ദുരന്തങ്ങൾ എന്നിവകളുണ്ടാകുമ്പോൾ ബന്ധപ്പെട്ടവരെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ വരുത്തി പരിഹാരം കാണാൻ അധികാരം ഉണ്ടായിരിക്കണം.

### സേവനദായക രീതി:

വ്യക്തിഗത സേവനങ്ങളും ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ തികച്ചും പ്രാകൃതമാണ്. ഒരു ഗുണഭോക്താവിന്റെ അർഹത പലരീതിയിൽ തെളിയിക്കപ്പെടണം. സ്ഥലം വാങ്ങാൻ ധനസഹായം ലഭിച്ച ഒരു പട്ടികജാതി ഗുണഭോക്താവിന് വീടിനുള്ള ആനുകൂല്യത്തിന് വീണ്ടും ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കണമെന്നത് വ്യക്തികളെ അനാവശ്യമായി കഷ്ടപ്പെടുത്തുന്നതോടൊപ്പം വിവിധ ഓഫീസുകളുടെ പ്രവർത്തനങ്ങളെപ്പോലും സാരമായി ബാധിക്കുന്നു. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിനുപോലും നിരവധി സർട്ടിഫിക്കറ്റുകൾ ഹാജരാക്കപ്പെടേണ്ടിവരികയാണ്. കമ്പ്യൂട്ടറൈസേഷനും 'E' പരിഷ്ക്കാരങ്ങളും സർവ്വവ്യാപിയായിട്ടും ഈ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ കഴിയാതെ പോകുന്നത് തികച്ചും ഖേദകരമാണ്.

2500 മുതൽ 3000 വരെ വീടുകളുള്ള ഓരോ വീടിനും കുടുംബനാഥന്റെ പേരിൽ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുകയും വീട്ടുനമ്പർ/ഐ.ഡി. നമ്പർ വഴി കുടുംബങ്ങളുമായി ബന്ധപ്പെട്ട സകലവിധ വിവരങ്ങളും ലഭ്യമാകുന്നതാണ്. ഇതുവഴി ജാതി, വരുമാനം, കൈവശ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് തുടങ്ങിയ അനവധി സർട്ടിഫിക്കറ്റുകൾ വാങ്ങുന്നതിന് വ്യക്തികൾക്കുള്ള കഷ്ടപ്പാടുകൾ ഇല്ലാതാകുമെന്നു മാത്രമല്ല; ഉദ്യോഗസ്ഥരെ ക്രിയാത്മക മേഖലകളിലെ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുവാൻ കഴിയുന്നതുമാണ്. വ്യക്തികൾക്കു നൽകുന്ന തിരിച്ചറിയൽ കാർഡ് മുഖേനയും സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിർവ്വഹിക്കാൻ കഴിയുന്നതാണ്. സേവനം എന്നത് എത്ര വേഗത്തിൽ നൽകുവാൻ കഴിയുമോ അത്രയും മഹത്തരമാണത്.

വൈകുന്തോറും അതിന്റെ മഹത്വം നഷ്ടമാകുകയാണ്.

**ആസൂത്രണം:**

ഭരണം സുതാര്യവും വികസനം പക്ഷപാതരഹിതവും വിതരണം കാര്യക്ഷമവും സമയബന്ധിതവും ആകുന്നവിധം ആസൂത്രണം നിർവ്വഹിക്കേണ്ടതുണ്ട്. ഭരണ സമിതിയെ സഹായിക്കുവാൻ ഒരു ആസൂത്രണ സമിതിയെ കൂടി നിയോഗിക്കാവുന്നതാണ്. വൻകിട പദ്ധതികളൊഴികെയുള്ളവ പഞ്ചായത്ത് തലത്തിൽ തന്നെ ഭരണാനുമതിയും ബ്ലോക്ക് തലത്തിൽ സാങ്കേതിക അനുമതിയും ലഭിക്കുന്നവിധം ക്രമീകരണം നടത്താവുന്നതാണ്. ആസൂത്രണത്തിൽ താഴെപറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

- സംസ്ഥാനത്തൊട്ടാകെ ഒരേ നിരക്ക് എന്നതുമാറ്റി പ്രാദേശിക തലത്തിൽ തന്നെ നിരക്കുകൾ നിശ്ചയിക്കാവുന്നതാണ്.
- പൊതുകുളങ്ങൾ, കിണറുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിക്കപ്പെടണം. അതോടൊപ്പം കുടിവെള്ള വിതരണവും ദുർവിനിയോഗവും പഞ്ചായത്തിന്റെ നിരീക്ഷണത്തിലാകേണ്ടതാണ്.
- പൊതു വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തണം.
- സർക്കാർ ആശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കുകയും സേവനങ്ങൾക്ക് മിതമായ ഫീസ് ഈടാക്കാവുന്നതാണ്.
- 12 വയസ്സുവരെയുള്ള കുട്ടികൾക്കും 60 വയസ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്കും BPL കുടുംബങ്ങൾക്കും പ്രസവം, മാരകരോഗ ചികിത്സ, അടിയന്തിര ചികിത്സ എന്നിവ സൗജന്യമാക്കണം
- ആരോഗ്യ ഇൻഷുറൻസ് കൂടുതൽ ആളുകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.
- പൊതുസ്ഥലങ്ങളിൽ വനവത്കരണം നടത്തുന്നതോടൊപ്പം ആവശ്യമില്ലാത്തതും അപകടകരവുമായ വൃക്ഷങ്ങൾ മുറിക്കുന്നതിന് തടസ്സം ഉണ്ടാവരുത്.
- ഉൾപ്രദേശങ്ങളിലേക്കും കോളനികളിലേക്കുമുള്ള വഴികൾ ഗതാഗത യോഗ്യമാക്കുവാൻ ഒരു മാർഗ്ഗരേഖയും തടസ്സമാവരുത്.
- സർക്കാർ നൽകുന്ന സൗജന്യ സേവനങ്ങൾക്ക് സഹായധനങ്ങൾ സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടാവേണ്ടതാണ്.
- അടിയന്തിര ഘട്ടങ്ങളിൽ ഒരു ലക്ഷം രൂപ വരെ ചെലവു ചെയ്യുവാൻ പ്രസിഡന്റിനും ചെയർമാന്മാർക്കും അധികാരം ഉണ്ടാവേണ്ടതാണ്.
- ലഹരിവസ്തുക്കൾ, മദ്യപാനം, പുകവലി എന്നിവ നിരോധിക്കുന്നതോടൊപ്പം ലംഘിക്കുന്നവർക്ക് കനത്ത പിഴയും ചുമത്തേണ്ടതാണ്.
- ജാതിയുടേയോ മതത്തിന്റേയോ വിശ്വാസത്തിന്റേയോ പേരിൽ ആരാധനാലയങ്ങളിൽ പ്രവേശനം നിഷേധിക്കുവാൻ പാടില്ലാത്തതാണ്.
- * ആരാധനാലയങ്ങളിൽ പോയി പ്രാർത്ഥന നടത്തുന്നതിനോ നടത്താതിരിക്കുവാനോ യാതൊരു നിർബന്ധങ്ങളും പാടില്ലാത്തതാണ്.
- വ്യത്യസ്ത ജാതിമത വിഭാഗങ്ങളിൽപ്പെടുന്നവർ തമ്മിലുള്ള വിവാഹങ്ങൾക്ക് തടസ്സം ഉണ്ടാവരുത്.
- തുല്യ ജോലിക്ക് തുല്യവേതനം എന്നതുപോലെ സ്ത്രീക്കും പുരുഷനും തുല്യപരിഗണനയും ഉണ്ടാവണം.
- വൻതോതിൽ ഭൂമിയുള്ളവരും എന്നാൽ ഭൂമിയെ ക്രിയാത്മകയായി ഉപയോഗപ്പെടുത്താത്തവരുമായ വ്യക്തികളുടെ ഭൂമി പ്രതിഫലം നൽകി വാങ്ങി സാമൂഹ്യ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയണം.
- ഒന്നിൽ കൂടുതൽ വീടുള്ള കെട്ടിട ഉടമസ്ഥരിൽ നിന്നും അധിക നികുതി ഈടാക്കേണ്ടതാണ്.
- വീടുവെക്കുന്നതിനും കൃഷിക്കുമല്ലാത്ത ആവശ്യങ്ങൾക്കായി നടത്തുന്ന ഭൂമി ഇടപാടുകൾക്ക് പ്രത്യേക ഫീസ് വാങ്ങേണ്ടതാണ്.
- രക്തദാനം, അവയവദാനം, ശരീരദാനം, നേത്രദാനം എന്നിവക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.
- സർക്കാർ ഓഫീസുകൾ മതമുക്തമാവേണ്ടതും മതചിഹ്നങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
- വർഗ്ഗീയ കലാപങ്ങളും ജാതി മത വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും ഒഴിവാക്കി ഒരൊറ്റ ജനതയായി മാറുന്നതിനുള്ള സംസ്ക്കാരം വളർത്തിയെടുക്കേണ്ടതാണ്.
- കുടിവെള്ളം, റോഡ് എന്നിവക്കായി മൊബൈൽ മെയിന്റനൻസ് വിംഗ് രൂപീകരിക്കണം.
- പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തണം.
- അതാത് കാലഘട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രായോഗികമായ മാർഗ്ഗരേഖ ഉണ്ടാവേണ്ടതാണ്.
- വയോജനങ്ങളുടെ സുരക്ഷയും സംരക്ഷണവും ഉദ്ദേശിച്ച് അവർ നടത്തുന്ന മണിപ്പൂർ മോഡൽ സൂപ്പർമാർക്കറ്റ് സംവിധാനം നടപ്പിലാക്കേണ്ടതാണ്.
- വൈദ്യുതി വിതരണം, തെരുവു വിളക്കുകൾ എന്നിവയുടെ അറ്റകുറ്റപണികൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.
- തൊഴിൽ ചെയ്യുവാൻ താൽപര്യമുള്ള അഭ്യസ്തവിദ്യർ ഉൾപ്പെടെ എല്ലാവർക്കും കടന്നുവരുവാൻ മുഖ്യമായും ഭക്ഷ്യധാന്യ സംഭരണം, സംസ്ക്കരണം, വിപണനം, നീര ഉത്പാദനം എന്നീ മേഖലകളിലെ തൊഴിലവസരങ്ങൾ പഞ്ചായത്ത് തലത്തിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

വ്യക്തികൾ തമ്മിൽ ആരോഗ്യകരമല്ലാത്ത മത്സരങ്ങൾ ഉണ്ടാവാതിരിക്കുവാനും പരസ്പരം സഹകരിക്കുന്നതിനും സഹവർത്തിത്വത്തിനും നാടിന്റെ വികസനത്തിനായി കൈകോർത്ത് ജനങ്ങളൊന്നാകെ ഒന്നിച്ചണിനിരക്കുന്നതും പ്രവർത്തിക്കുന്നതും ഞാൻ സ്വപ്നം കാണുന്നു. പരിപൂർണ്ണ ഗ്രാമസ്വരാജ് അത് നടപ്പിലാകുക തന്നെ ചെയ്യും. കാലഘട്ടം ആവശ്യപ്പെടുന്നതും അതുതന്നെയാണ്. ◆

*(ലേഖകൻ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്)*

സുരേഷ് ശ്രീകണ്ഠേശ്വരത്ത്

# വേണം, ജീവിതത്തിനൊരു ഗാന്ധിസ്പർശം

പറയാൻ ഒരുപാടുണ്ടായിരുന്നു ഗാന്ധിജിക്ക്; അതിലേറെ പ്രവർത്തിക്കാനും. ലോകത്തെവിടെയുമുള്ള മനുഷ്യനു വേണ്ടി ജീവിക്കുമ്പോഴും ഭാരതമായിരുന്നു ആ ഹൃദയത്തിൽ മായാതെ കിടന്ന മുദ്ര. ഇന്ത്യയുടെ പരിപൂർണ്ണമായ സ്വാതന്ത്ര്യം തേടിയായിരുന്നു ആ ജീവിതത്തിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ മുഴുവനും. ഗൃഹസ്ഥാശ്രമിയായി ജീവിച്ച്, ഇത്രയധികം മറ്റുള്ളവർക്ക് വേണ്ടി ജീവിച്ച മറ്റൊരു മഹാത്മാവുണ്ടോ? അറിയില്ല.

അധികാരങ്ങളുടെ സിംഹാസനങ്ങൾ അദ്ദേഹത്തെ പ്രലോഭിപ്പിച്ചില്ല. ആർത്തിയുടെ ജീവിതകാമനകളും ആ ജീവിതത്താളുകളിൽ ആരും കണ്ടില്ല. ധർമ്മത്തിലും സത്യത്തിലും അടിയുറച്ച വിശ്വാസം. പ്രവൃത്തികളിൽ നിറഞ്ഞു നിന്ന അഹിംസയും ശ്രദ്ധയും. അതുകൊണ്ട് ഒരിക്കലും മനസ്സാക്ഷിയുടെ കോടതിയിൽ വിചാരണ ചെയ്യപ്പെട്ടില്ല. സ്വാർത്ഥമായി ഒന്നും മോഹിക്കാത്ത ഒരാളിൽ പാപക്കറ പുരളുക അസാദ്ധ്യം. പരാർത്ഥമാകുന്നതാണ് സാർത്ഥകത എന്നത് ജീവിതപാഠം.



ഓരോ ഗ്രാമവും സ്വതന്ത്രമാകാൻ, സ്വയം പര്യാപ്തമാകാൻ ഗാന്ധിജി ഇച്ഛിച്ചു. മറ്റുപലരേയും പോലെ ഇച്ഛാശക്തി മാത്രമല്ലായിരുന്നു കൈമുതൽ. പ്രായോഗിക കർമ്മപദ്ധതികളും അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ടാണ് ചർക്കയെ അദ്ദേഹം മുന്നോട്ടുവച്ചത്. ചർക്ക ഒരു പ്രതീകമാണ്. അവനവനു വേണ്ടുന്നത് അവനവൻ തന്നെ ഉല്പാദിപ്പിക്കണം. അതിൽ ഹിംസ അരുത്. പരിസ്ഥിതിയെ ദുർബലമാക്കുന്ന പ്രക്രിയകളൊന്നും ജീവസന്ധാരണത്തിന് ഉപയോഗപ്പെടുത്തരുത്. കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഗ്രാമങ്ങൾക്ക് സ്വന്തം കാലിൽ നിവർന്നു നിൽക്കാനാകണം. ആർത്തികളും ആസക്തികളും നമ്മെ ഭരിക്കാൻ അനുവദിച്ചുകൂടാ. ചർക്ക അങ്ങനെ ഒരു പ്രതീകമാകുന്നു. ചർക്കയിൽ നൂറ്റെടുക്കുന്ന ഓരോ നൂലിഴയും സംശുദ്ധമായ ജീവിതത്തിന്റെ വെണ്മയാർന്ന ഊടുംപാവുമാകണം. അവിടെ അതീവശ്രദ്ധയും അനിവാര്യം.

ഭാരതത്തിലേക്കു മടങ്ങിയെത്തിയ ഗാന്ധിജി ഈ രാഷ്ട്രത്തിന്റെ ആത്മാവിനെ തൊട്ടറിഞ്ഞാണ് മുന്നോട്ടു പോയത്. യാത്രയിൽ വന്നുചേരാവുന്ന തെറ്റുകളെക്കുറിച്ചും അദ്ദേഹം ബോധവാനായിരുന്നു. സ്വന്തം തെറ്റുകൾ ഏറ്റുപറയുന്നതിനും അവതിരുത്തുന്നതിനും അദ്ദേഹത്തിന് ശങ്കയേതുമില്ലായിരുന്നു. കാരണം, മനസ്സാക്ഷിയുടെ ശബ്ദത്തിന് മറ്റെന്തിനേക്കാളുമേറെ അദ്ദേഹം വില നൽകിയിരുന്നു.

സർവ്വശക്തമായ ബ്രിട്ടീഷ് ആധിപത്യത്തോട് പടപൊരുതുവാൻ ആ നിഷ്ക്കാമകർമ്മിയുടെ ആയുധങ്ങൾ സത്യം, ധർമ്മം, അഹിംസ, മാനവനിലുള്ള അചഞ്ചലമായ വിശ്വാസം എന്നിവയായിരുന്നു. അതുകൊണ്ടാണ് ഒറ്റമുണ്ടുടുത്ത്, ഒരു സൈന്യത്തിന്റേയോ അംഗരക്ഷകരുടേയോ പിന്തുണയില്ലാതെ സിംഹത്തിന്റെ മടയിൽ ഈ ദുർബല

ശരീരി ചെന്നു കയറിയത്. അതു കൊണ്ടാണ് പാശ്ചാത്യവേഷധാരി കളായ ഇന്ത്യൻ സായിപ്പൻമാരെ കണ്ട് അദ്ദേഹം ഇറങ്ങിപ്പോന്നത്. ഗ്രാമഗ്രാമാന്തരങ്ങളിലൂടെ എത്രയെത്ര നടന്നു! തീവണ്ടികളിൽ മൂന്നാം ക്ലാസ് യാത്രക്കാരനായി മാത്രം സഞ്ചരിച്ചു. താജ്മഹലിന്റെ സൗന്ദര്യം ആസ്വദിക്കാനാവാതെ, അതിന്റെ നിർമ്മാണത്തിന്റെ വേദനകൾ ആത്മാവിൽ അനുഭവിച്ചറിഞ്ഞു. കക്കൂസുകൾ വൃത്തിയാക്കി. വർഗ്ഗീയതയുടെ കരാളഭൂമികളിൽ വേപഥുവാർന്ന മനസ്സുമായി, അരുതേ, അരുതേ എന്നു കേണും ശാസിച്ചും അലഞ്ഞതെത്ര! പൊതുജനസേവകന് സ്വകാര്യസ്വത്ത് പാടില്ലെന്ന കഠിനവ്രതത്താൽ കസ്തൂർബയുടെ അവസാനത്തെ വളയും ഊരിദാനം ചെയ്തു. ആശ്രമവാസിയായിരിക്കുമ്പോഴും അവനവന്റെ ആഹാരത്തിനായി വേലചെയ്തു. വിദ്യാഭ്യാസം വേലയിൽ വിളയണമെന്നു ശഠിച്ചു. സന്ദേഹമുണ്ടാകുമ്പോൾ, ധർമ്മസങ്കടങ്ങളുണ്ടാകുമ്പോൾ, ഈ രാഷ്ട്രത്തിലെ ദരിദ്രരിൽ ദരിദ്രനായ മനുഷ്യന്റെ മുഖം ഓർമ്മയിലെത്തണമെന്ന് ഓർമ്മിപ്പിച്ചു. ഓരോ പാഠവും സ്വാദ്ധ്യായം ചെയ്തുറപ്പിക്കണം. അല്ലായ്കിൽ, കാലവും വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളും പ്രലോഭനങ്ങളും എല്ലാം മറവിയിലിട്ടു മൂടിക്കളയും എന്നറിയാവുന്നതുകൊണ്ട്, തന്റെ ജനതയോട് നിരന്തരം സംവദിച്ചുകൊണ്ടിരുന്നു ഗാന്ധിജി.

ഭാരതീയർക്കു മനസ്സിലായി, തങ്ങളിലൊരാളാണ് ഈ മഹാനുഭാവൻ. അടുത്തു ചെല്ലാൻ കഴിയുന്ന, സങ്കടങ്ങൾ പറയാൻ കഴിയുന്ന സ്നേഹനിധി. അങ്ങനെയാണ് ഒരു രാഷ്ട്രം ഒന്നടങ്കം ആ പാതയിൽ അണിനിരന്നത്. ഒടുവിൽ ഗാന്ധിജി മറഞ്ഞു. എന്നിട്ടും ആ സൂര്യതേജസ്സ് ഇന്നും ഈ രാ്ഷ്ട്രത്തിന്റെ ആത്മാവിലുണ്ട്. ഏതൊക്കെ കൂരിരുൾ മലകൾ വന്നു നിറയുമ്പോഴും, ഗാന്ധിജിക്ക് ജന്മം നൽകിയ ഈ മണ്ണിന് വെളിച്ചത്തെ സ്വപ്നം കാണാൻ കഴിയും. എങ്കിലും, നാം കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു. ഒരാൾക്ക് എത്രവേണം എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ നാടിനു വേണ്ടി നമുക്കെന്തു ചെയ്യുവാനാകും എന്നും ആലോചിക്കണം. എങ്ങും നിറയുന്ന സ്വർണ്ണാഭരണ ശാലകൾ, വസ്ത്രശാലകൾ, ഭക്ഷണശാലകൾ, സൂപ്പർമാർക്കറ്റുകൾ, വാഹനങ്ങൾ, ആശുപത്രികൾ, മാലിന്യക്കൂമ്പാരങ്ങൾ, ധൂർത്തുകൾ, കുറ്റകൃത്യങ്ങൾ, വിധ്വംസന പ്രവർത്തനങ്ങൾ, മൃഗങ്ങളോടും പ്രകൃതിയോടുമുള്ള അളവറ്റ ക്രൂരതകൾ, കൃഷിയോടുള്ള അവഗണന. ജലാശയങ്ങളെ നശിപ്പിക്കൽ, വഴിതെറ്റുന്ന വിദ്യാഭ്യാസം അങ്ങനെയങ്ങനെ, ഗാന്ധിജിക്കു ജന്മം നൽകിയ നാട്ടിൽ, സ്വന്തം ജീവിതം കൊണ്ട് സത്യാന്വേഷണ പരീക്ഷണങ്ങൾ നടത്തിയ നാട്ടിൽ, അഭിലഷണീയമല്ലാത്ത മുന്നേറ്റങ്ങൾ (അതോ അധോഗമനമോ) നടക്കുന്നു.

നാം മനസ്സിലാക്കിയോ ഗാന്ധിജിയെ വേണ്ട വിധം? കിട്ടിയ അവസരങ്ങളിലെല്ലാം വിമർശിക്കാനും പരിഹസിക്കാനുമല്ലേ ശ്രമിച്ചത്? കേട്ടറിഞ്ഞാൽ പോരാ, ചരിത്രം പഠിക്കണം, ഗാന്ധിജിയെ നിർബന്ധമായും പഠിക്കണം. പാഠപുസ്തകത്തിൽ സ്കൂൾ തലത്തിൽ തന്നെ ഗാന്ധിജി നിർബന്ധിത പാഠ്യവിഷയമാകണം. കുഞ്ഞുനാളിൽ തന്നെ ഗാന്ധിജിയെ സ്നേഹിച്ചു വളരുന്ന ഒരു പൗരന്, വഴിവിട്ട് സഞ്ചരിക്കാനാകില്ല. നമുക്കു മനസ്സിലാക്കാം–

ഗാന്ധിജിയെപ്പോലെ മറ്റൊരാളില്ല തന്നെ! ◆

*(ലേഖൻ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്കാണ്)*

## Statement about ownership and other particular about the Panchayat Raj (Monthly) to be published in the first issue every year after the last day of February – From IV (See Rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of the Publication | : | Monthly |
| 3. | Printers Name | : | C.A. Latha IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram 33 |
| 4. | Publishers Name | : | C.A. Latha IAS |
| 5. | Editors Name | : | C.A. Latha IAS |
| | Nationality | : | Indian |
| | Address | : | Director of Panchayats, Thiruvananthapuram 33 |
| 6. | Name and Address of individuals who own the newspaper and printer or shareholders holding more than 1% of the total capital | : | Government of Kerala |

I C.A. Latha IAS hereby declare that the Particulars given above are true to the best of my knowledge and belief.

Thiruvananthapuram
01-03-2015

Sd/-
Director of Panchayats

# സ്വരാജ് ട്രോഫിക്ക് അർഹരായ ഗ്രാമപഞ്ചായത്തുകൾ

2013-14 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് അർഹതനേടിയ ഗ്രാമപഞ്ചായത്തുകൾ

### സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)

ഒന്നാം സ്ഥാനം - നാദാപുരം ഗ്രാമപഞ്ചായത്ത് (കോഴിക്കോട് ജില്ല)
രണ്ടാം സ്ഥാനം - ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
മൂന്നാം സ്ഥാനം - വടക്കേക്കാട് ഗ്രാമപഞ്ചായത്ത് (തൃശ്ശൂർ ജില്ല)

### ജില്ലാ തലം (ഗ്രാമപഞ്ചായത്ത്)

| ജില്ല | സ്ഥാനം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1 | കരകുളം |
| | 2 | മാണിക്കൽ |
| കൊല്ലം | 1 | കുലശേഖരപുരം |
| | 2 | തഴവ |
| പത്തനംതിട്ട | 1 | കവിയൂർ |
| | 2 | തുമ്പമൺ |
| ആലപ്പുഴ | 1 | വീയപുരം |
| കോട്ടയം | 1 | മുത്തോലി |
| | 2 | മരങ്ങാട്ടുപ്പിള്ളി |
| ഇടുക്കി | 1 | കട്ടപ്പന |
| എറണാകുളം | 1 | മണീട് |
| | 2 | ചോറ്റാനിക്കര |
| തൃശ്ശൂർ | 1 | എങ്ങണ്ടിയൂർ |
| | 2 | പൂമംഗലം |
| പാലക്കാട് | 1 | ശ്രീകൃഷ്ണപുരം |
| | 2 | തിരുവേഗപ്പുറ |
| മലപ്പുറം | 1 | പുലാമന്തോൾ |
| | 2 | ആനക്കയം |
| കോഴിക്കോട് | 1 | കായണ്ണ |
| | 2 | കുന്നുമ്മൽ |
| വയനാട് | 1 | വൈത്തിരി |
| | 2 | എടവക |
| കണ്ണൂർ | 1 | കൊളച്ചേരി |
| | 2 | അഞ്ചരക്കണ്ടി |
| കാസർഗോഡ് | | അർഹർ ഇല്ല |

### സംസ്ഥാനതലം (മികച്ച ബ്ലോക്ക് പഞ്ചായത്ത്)

ഒന്നാം സ്ഥാനം - മല്ലപ്പള്ളി (പത്തനംതിട്ട ജില്ല)
രണ്ടാം സ്ഥാനം - സുൽത്താൻ ബത്തേരി (വയനാട് ജില്ല)
മൂന്നാം സ്ഥാനം - പേരാമ്പ്ര (കോഴിക്കോട് ജില്ല)

### സംസ്ഥാനതലം (മികച്ച ജില്ലാ പഞ്ചായത്ത്)

ഒന്നാം സ്ഥാനം - കൊല്ലം ജില്ലാ പഞ്ചായത്ത്
രണ്ടാം സ്ഥാനം - മലപ്പുറം ജില്ലാ പഞ്ചായത്ത്
മൂന്നാം സ്ഥാനം - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ജില്ല, ഗ്രാമപഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും ലഭിക്കുന്നതാണ്.

ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷവും 5 ലക്ഷവും രൂപാ വീതം ധനസഹായം ലഭിക്കുന്നതാണ്.

സംസ്ഥാനതലത്തിൽ മികച്ച ഒന്നും രണ്ടും മൂന്നും ബ്ലോക്ക് പഞ്ചായത്തുകൾക്കു യഥാക്രമം 25,20,15 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നതാണ്.

# മഹാത്മാ പുരസ്കാരം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച ഗ്രാമപഞ്ചായത്തുകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള മഹാത്മാ പുരസ്കാരത്തിന് (2013-14 വർഷം) അർഹരായ ഗ്രാമപഞ്ചായത്തുകൾ

### സംസ്ഥാനതലം

ഒന്നാം സ്ഥാനം - കടയ്ക്കാവൂർ (തിരുവനന്തപുരം)
രണ്ടാം സ്ഥാനം - ഇടമലക്കുഴി (ഇടുക്കി)
മൂന്നാം സ്ഥാനം - അണ്ടൂർകോണം (തിരുവനന്തപുരം)

### ജില്ലാതലം

| ക്രമ നമ്പർ | ജില്ല | ഒന്നാം സ്ഥാനം | രണ്ടാം സ്ഥാനം |
|---|---|---|---|
| 1 | തിരുവനന്തപുരം | കിഴുവിലം | മുദാക്കൽ |
| 2 | കൊല്ലം | കൊട്ടാരക്കര | മയ്യനാട് |
| 3 | പത്തനംതിട്ട | ഏനാദിമംഗലം | മൈലപ്രാ |
| 4 | ആലപ്പുഴ | കോടംതുരുത്ത് | മാവേലിക്കര തെക്കേകര |
| 5 | കോട്ടയം | ഉദയനാപുരം | കരൂർ |
| 6 | ഇടുക്കി | മൂന്നാർ | ദേവികുളം |
| 7 | എറണാകുളം | എടവനക്കാട് | നായരമ്പലം |
| 8 | തൃശ്ശൂർ | വള്ളത്തോൾ നഗർ | വടക്കാഞ്ചേരി |
| 9 | പാലക്കാട് | പുതൂർ | തച്ചനാട്ടുകര |
| 10 | മലപ്പുറം | പൊന്മള | തേഞ്ഞിപ്പാലം |
| 11 | കോഴിക്കോട് | മുക്കം | മാവൂർ |
| 12 | വയനാട് | പൂതാടി | മീനങ്ങാടി |
| 13 | കണ്ണൂർ | അഴീക്കോട് | ന്യൂമാഹി |
| 14 | കാസർഗോഡ് | മഞ്ചേശ്വരം | ചെമ്മനാട് |



# സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2015

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം പഞ്ചായത്ത് രാജിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്ന യശഃശരീരനായ ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19-നെ സ്മരിച്ചുകൊണ്ട് 18,19 തീയതികളിലായി വിവിധ പരിപാടികളുടോടെ ആഘോഷപൂർവ്വം നടന്നു. പാലക്കാട് മെഴ്സികോളേജ് റോഡിലെ പ്രസന്നലക്ഷ്മി ആഡിറ്റോറിയത്തിലാണ് ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം നടന്നത്. മുഖ്യമന്ത്രി, വകുപ്പ് മന്ത്രി, എം.പി., എം.എൽ.എ.മാർ ഉദ്യോഗസ്ഥ പ്രമുഖർ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമായിരുന്നു പഞ്ചായത്ത് ദിനാഘോഷം.




18-02-2015 രാവിലെ സമ്മേളന നഗരിയിൽ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മത്യു പതാക ഉയർത്തിയതോടെ ആഘോഷങ്ങൾക്ക് തുടക്കമായി. തുടർന്ന് 10 മണിമുതൽ 'സദ്ഭരണവും പങ്കാളിത്ത ജനാധിപത്യവും പഞ്ചായത്ത് രാജ് സംവിധാനത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടന്നു. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ. കണ്ടമുത്തന്റെ അദ്ധ്യക്ഷതയിൽ കൂടിയ സെമിനാർ സെഷൻ പാലക്കാട് എം.എൽ.എ. ഷാഫി പറമ്പിൽ ഉദ്ഘാടനം ചെയ്തു. ലോക്കൽ ഗവഃ കമ്മിഷൻ ചെയർമാനും മുൻതദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുമായ കുട്ടി അഹമ്മദ് കുട്ടി മോഡറേറ്ററായ സെമിനാർ സെഷനിൽ പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ് എ. സെയിദ് വിഷയാവതരണം നടത്തി. വിഷയാവതരണത്തെ തുടർന്ന് നടന്ന പ്രതികരണ ചർച്ചകളിൽ കില ഡയറക്ടർ ഡോ. പി.പി. ബാലൻ, സി.ആർ. എം. ഡറക്ടർ ഡോ. ജോസ്











ചാത്തുകുളം, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്ത് സദ്ഭരണവും പങ്കാളിത്ത ജനാധിപത്യവും പഞ്ചായത്ത് രാജ് സംവിധാനത്തിലെ വിവിധ തലങ്ങളെക്കുറിച്ച് സംസാരിച്ചു.

ഉച്ചക്ക് ശേഷം 'പാർശ്വവൽകൃത ജനവിഭാഗങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാറാണ് നടന്നത്. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൽദോസ് കുന്നപ്പള്ളി അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതം ആശംസിച്ചു. സെമിനാർ ഉദ്ഘാടനം സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ഡോ. കെ. എം. ചന്ദ്രശേഖർ നിർവ്വഹിച്ചു. വിഷയാവതരണം കില ഡയറക്ടർ ഡോ. പി. പി. ബാലൻ നടത്തി. പ്രതികരണങ്ങളിൽ പങ്കെടുത്ത് ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക്, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് പന്തളം പ്രതാപൻ, പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. പി. ഭാർഗ്ഗവി തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗം കല്ലടി അബൂബക്കർ കൃതജ്ഞത പറഞ്ഞ ചടങ്ങിൽവെച്ച് പഞ്ചായത്ത് ദിനാഘോഷ കമ്മിറ്റി തയ്യാറാക്കിയ സുവനീർ പ്രകാശനം ഡോ: കെ. എം. ചന്ദ്രശേഖർ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സി. എൻ. ബാബുവിന് നല്കി നിർവ്വഹിച്ചു.

വൈകുന്നേരം 4.30 മണി മുതൽ 'അനുഭവങ്ങൾ പങ്കുവെയ്ക്കൽ' എന്ന പരിപാടി നടന്നു. പബ്ലിസിറ്റി ആഫീസർ എ. ഹാഷിം സ്വാഗതം ആശംസിച്ച ചടങ്ങിൽ പഞ്ചായത്ത് ഡയറക്ടർ ഇൻചാർജ് എ. സെയിദ് അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത സെഷനിൽ





തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പ്രതിനിധികൾ അവരവരുടെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മാതൃകാ പദ്ധതികളെക്കുറിച്ച് വിവരണം നടത്തി. ഇത്തരം വിവരണങ്ങളിലൂടെ മാതൃകാ പദ്ധതികൾ മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് പഠിക്കാനും അവരവർക്ക് ഏറ്റവും യോജ്യമായവ നടപ്പിലാക്കാനുമുള്ള അവസരം ലഭ്യമാക്കാൻ ഉപകരിച്ചതായി വിലയിരുത്തപ്പെട്ടു. പാലക്കാട് ജില്ലാ പ്ലാനിംഗ് ആഫീസർ പി.പി. ജോണി പ്രതികരണങ്ങളിൽ പങ്കെടുത്ത് സംസാരിച്ചു. പഞ്ചായത്ത് അസി. ഡയറക്ടർ വി. രാധാകൃഷ്ണൻ നന്ദിപറഞ്ഞു. തുടർന്ന് 7 മണി മുതൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

19-02-2015 രാവിലെ ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. പ്രൗഢ ഗംഭീരമായിരുന്നു ഉദ്ഘാടന സമ്മേളനം. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി സ്വാഗതം ആശംസിച്ച സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചത് പഞ്ചായത്ത്, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എ. കെ. മുനീറാണ്. ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചു. ഗ്രാമസ്വരാജ് പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിന് ഗ്രാമസഭകൾ ശക്തിപ്പെടുത്തേണ്ട ആവശ്യകത മുഖ്യമന്ത്രി എടുത്തു പറഞ്ഞു. ജനന മരണ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് ഇന്നേവരെ പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് തയ്യാറാക്കിയ പുസ്തകം പ്ലാനിംഗ് ബോർഡ് അംഗം സി.പി. ജോണിന് നല്കി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. തുടർന്ന് 2013-14 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് സംസ്ഥാനതലത്തിൽ അർഹരായ ജില്ലാപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവർക്കുള്ള ട്രോഫികളും മുഖ്യമന്ത്രി വിതരണം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ ആശംസഅർപ്പിച്ചുകൊണ്ട് പി. കെ. ബിജു എം. പി., ഷാഫിപറമ്പിൽ, എൻ. ഷംസുദീൻ, പി.സി. വിഷ്ണുനാഥ്, കെ.പി. വിജയദാസ്, കെ. അച്യുതൻ, വി.ടി. ബൽറാം എന്നീ എം.എൽ.എ.മാരും പ്ലാനിംഗ് ബോർഡ്




















അംഗം സി.പി. ജോണും ആശംസാ പ്രസംഗം നടത്തി.

ഉച്ചക്ക് 2 മണിക്ക് ചേർന്ന സമാപന സമ്മേളനം പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പി.ടി. മാത്യു അദ്ധ്യക്ഷനായിരുന്നു. പ്രസ്തുത ചടങ്ങിൽ വച്ച് 2013–14 വർഷം മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് അർഹരായ (ജില്ലാതലത്തിൽ) ഗ്രാമപഞ്ചായത്തുകൾക്കുള്ള ട്രോഫികളും ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികച്ചപ്രവർത്തനം കാഴ്ചവെച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാര വിതരണവും മന്ത്രി ഡോ. എം. കെ. മുനീർ നിർവ്വഹിച്ചു. അതോടൊപ്പം അന്താരാഷ്ട്ര നിലവാരമായ ഐ.എസ്.ഒ അംഗീകാരം കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ക്യാഷ് അവാർഡും മന്ത്രി വിതരണം ചെയ്തു. സംഘാടക സമിതി ജനറൽ കൺവീനറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമായ കെ. മുരളീധരന്റെ നന്ദി പ്രഭാഷണത്തോടെ പഞ്ചായത്ത് ദിനാഘോഷം 2015–ന് തിരശ്ശീലവീണു.

# പഞ്ചായത്ത് സംവിധാനം ഫലപ്രദമാകാൻ ഗ്രാമസഭകളും അയൽ സഭകളും സജീവമാകണം

## മുഖ്യമന്ത്രി ഉമ്മൻചാണ്ടി

പഞ്ചായത്ത് രാജ് സംവിധാനം ലക്ഷ്യമിടുന്ന സേവനം ഫലപ്രദമാകാൻ വിഭാഗീയ ചിന്തകൾ മറികടന്ന് ഗ്രാമസഭകളും അയൽ സഭകളും കൂടുതൽ സജീവമാകേണ്ടതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഫെബ്രുവരി 19–ന് പാലക്കാട് പ്രസന്ന ലക്ഷ്മി ആഡിറ്റോറിയത്തിൽ വച്ച് നടന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. അടുത്ത സാമ്പത്തിക വർഷം മുതൽ പഞ്ചായത്തുകൾക്ക് നൽകി വരുന്ന ഫണ്ട് 10% വർദ്ധിപ്പിക്കാൻ തീരുമാനിച്ചതായും മുഖ്യമന്ത്രി പറഞ്ഞു. ഇതു സംബന്ധിച്ച് ആസൂത്രണ ബോർഡുമായി വിശദമായ ചർച്ച നടത്തിയതായും പറഞ്ഞു.

25 വർഷങ്ങൾക്കു മുമ്പുള്ള പ്രതീക്ഷയല്ല നിങ്ങളിൽ ജനങ്ങൾക്കുള്ളത്. അവരുടെ പ്രതീക്ഷക്കൊത്ത് ജനപ്രതിനിധികൾ ഉയരണം. ആവശ്യങ്ങൾ കൂടുതലും വിഭവങ്ങൾ കുറവുമായ സാഹചര്യത്തിൽ ജനങ്ങളുടെ വിശ്വാസം ആർജിക്കാൻ കഴിഞ്ഞാൽ മാത്രമെ നമുക്കുമുന്നോട്ടുപോകാൻ കഴിയൂ. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മന്ത്രിമാരായ ഡോ.എം. കെ. മുനീറും മഞ്ഞളാംകുഴി അലിയും കെ. സി. ജോസഫും കൂട്ടായും വെവ്വേറെയും തദ്ദേശ സ്ഥാപനങ്ങൾക്ക് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കി. ഡോ. എം. കെ. മുനീറിന്റെ ശക്തമായ ആവശ്യം പരിഗണിച്ചു തന്നെയാണ് മറ്റെല്ലാം മാറ്റിവെച്ച് ഗ്രാമപഞ്ചായത്തുകളിൽ 864 പുതിയ അസി: സെക്രട്ടറി തസ്തികയും 990 ക്ലർക്ക് തസ്തികയും സൃഷ്ടിച്ചു നൽകിയത്. ഗ്രാമപഞ്ചായത്തുകൾ സജീവമായെങ്കിലും ഒരു കുറവ് കാണുന്നത് ഗ്രാമസഭകളുടെ നിർജീവാവസ്ഥയാണ്. പലപ്പോഴും ഗ്രാമസഭകൾ സജീവമാകുന്നില്ല. ഇതുമാറണം. ഗ്രാമസഭകൾ, അയൽ സഭകൾ സജീവമാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. തുടർന്ന് ജനന/മരണ/വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള ഉത്തരവുകൾ ക്രോഡീകരിച്ച് സംശയനിവാരണങ്ങൾ ഉൾപ്പെടുത്തിയ പുസ്തകം പ്ലാനിംഗ് ബോർഡ് മെമ്പർ സി. പി. ജോണിന് നല്കി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. സംസ്ഥാന തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച് സ്വരാജ് ട്രോഫിക്ക് അർഹരായ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള ട്രോഫികളും മുഖ്യമന്ത്രി വിതരണം ചെയ്തു.











# ഗ്രാമകേന്ദ്രങ്ങൾ ശക്തിപ്പെടണം

## മന്ത്രി ഡോ. എം. കെ. മുനീർ

താഴെതട്ടിലുള്ള എല്ലാ വ്യക്തികൾക്കും ഭരണപങ്കാളിത്തം ലഭിക്കുന്ന തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ഗ്രാമകേന്ദ്രങ്ങൾ ശക്തിപ്പെടുത്തണമെന്ന് പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ പറഞ്ഞു. പാലക്കാട് വച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷപരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു മന്ത്രി. അധികാര വികേന്ദ്രീകരണം കാര്യക്ഷമമായി നടത്തിയ സംസ്ഥാനമാണ് കേരളം. കാലഘട്ടത്തിന് അനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്തുകൾ കൂടുതൽ കരുത്താർജ്ജിക്കേണ്ടതുണ്ട്. അധികാരം സ്റ്റേറ്റിൽ നിന്നും ഗ്രാമപഞ്ചായത്തിലേക്കും അവിടെനിന്നും വാർഡുകളിലേക്കും വീണ്ടും വാർഡുകളിൽ നിന്നും അയൽസഭകളിലേക്കും വ്യാപിപ്പിക്കുമ്പോഴാണ് മഹാത്മജിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് പൂർണമായും യാഥാർത്ഥ്യമാക്കാൻ സാധിക്കുന്നത്. മാറ്റങ്ങൾ ഉൾക്കൊണ്ട് ഭേദഗതി വരുത്തേണ്ട കാര്യങ്ങൾ സമയാസമയം കോ ഓർഡിനേഷൻ കമ്മിറ്റികൂടി ഉത്തരവുകൾ നല്കി നടപ്പിലാക്കുന്നു. ട്രയൽ ആന്റ് എറർ (ഠൃമശഹ മിറ ലൃൃീൃ) രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ചിലകാര്യങ്ങൾ പരീക്ഷിച്ച് തെറ്റുതിരുത്തി മുന്നോട്ടു പോകും.



ഈ വരുന്ന പഞ്ചായത്ത് ഇലക്ഷനിൽ ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ്മെഷീൻ ഏർപ്പെടുത്തും. എല്ലാ വോട്ടർമാർക്കും ഫോട്ടോപതിച്ച ഐ.ഡി. കാർഡ് ഏർപ്പെടുത്തി ഇലക്ഷൻ പ്രക്രിയ സുതാര്യമായും നിഷ്പക്ഷമായും നടത്തും. ഇതിനു സഹായിക്കുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ പ്രത്യേകം അഭിനന്ദിക്കുന്നതായി മന്ത്രി പറഞ്ഞു.

ഗ്രാമപഞ്ചായത്തുകൾ അടിസ്ഥാനപരമായ ചില കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്ന് മന്ത്രി അഭിപ്രായപ്പെട്ടു. ഉദാഹരണമായി അംഗൻവാടി കെട്ടിടനിർമ്മാണം സാമൂഹിക നീതി വകുപ്പിന്റേതാണെന്ന തരത്തിൽ ഗ്രാമപഞ്ചായത്തുകൾ മാറി നില്ക്കുന്നതായി കാണുന്നു. ഇതിനുമാറ്റം വരണം. മെയിന്റനൻസ് നോൺ റോഡ് ഫണ്ടും എം.എൽ.എ. മാരുടെ അസറ്റ് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപവരെയും ഉപയോഗിച്ച് അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാൻ ഗ്രാമപഞ്ചായത്തുകൾ മുന്നോട്ടുവരണം.

ഈ ഗവ: അധികാരത്തിൽ വരുമ്പോൾ 100 പഞ്ചായത്തുകളെങ്കിലും തനത് ഫണ്ടിന്റെ അപര്യാപ്തതയിലായിരുന്നു. ദീർഘകാലമായി മുടങ്ങിക്കിടന്ന വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കിയതിലൂടെ അതു 22 ആയി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സുരക്ഷാമിഷനു തുക നല്കുന്നതിനു എല്ലാഗ്രാമപഞ്ചായത്തുകളും തയ്യാറാകണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കണ്ണീരൊപ്പാൻ സഹായിക്കുന്നതാണ് ഇത്തരം തുകകൾ എന്നുള്ള കാര്യം മന്ത്രി പ്രത്യേകം എടുത്തു പറഞ്ഞു. അടുത്തവർഷത്തെ പദ്ധതി വിഹിതത്തിൽ 2% വർദ്ധനക്കു പകരം 10% വർദ്ധന വരുത്തിയ മുഖ്യമന്ത്രിക്ക് പ്രത്യേകം നന്ദി പറയുന്നതായി മന്ത്രി പറഞ്ഞു. അടുത്ത വർഷം മുതൽ സ്വരാജ് ട്രോഫിക്കുള്ള അപേക്ഷകളും തുടർ നടപടികളും ഓൺലൈൻ ആക്കി സുതാര്യതയോടെ പരാതിക്ക് ഇടം നല്കാതെയായിരിക്കും നടപ്പിലാക്കുക എന്നും മന്ത്രി പറഞ്ഞു. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാ ഭരണ സമിതി അംഗങ്ങൾക്കും നന്ദി പറഞ്ഞു മന്ത്രി പ്രസംഗം അവസാനിപ്പിച്ചു. തുടർന്ന് അവാർഡുകൾ വിതരണം ചെയ്തു.














സംസ്ഥാനതല പഞ്ചായത്ത്










# വാർത്തകളും വിശേഷങ്ങളും

## ഗ്രാമപഞ്ചായത്തുകളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് ഹോണറേറിയം വർദ്ധിപ്പിച്ചും പ്രസവാവധി അനുവദിച്ചും ഉത്തരവ് പുറപ്പെടുവിച്ചു.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളുടെ കീഴിൽ സേവനമനുഷ്ഠിച്ചുവരുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ സേവനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

1. പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഹോണറേറിയം നിലവിലുള്ള 6000/- രൂപയിൽ നിന്നും 01/06/2014 മുതൽ പ്രാബല്യത്തിൽ 10,000/- രൂപയായി വർദ്ധിപ്പിച്ച് നൽകാൻ പഞ്ചായത്തുകൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവായി. വർദ്ധിപ്പിച്ച 4000/- രൂപ അതാത് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്. പാലിയേറ്റീവ് കെയറിന് വേണ്ടി പദ്ധതി തയ്യാറാക്കി അംഗീകരിച്ചു വേണം ഇക്കാര്യത്തിനുവേണ്ടി ഫണ്ട് ചെലവിടുവാൻ.
2. പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് 3 മാസത്തെ പ്രസവാവധി അനുവദിക്കാവുന്നതാണ്.
3. പാലിയേറ്റീവ് കെയർ നഴ്സുമാരെ മതിയായ കാരണങ്ങൾ ഇല്ലാതെ ഒഴിവാക്കാൻ പാടില്ല. അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പുനഃപരിശോധിക്കേണ്ടതാണ്.
4. പാലിയേറ്റീവ് കെയർ നഴ്സുമാർ ബഹുഭൂരിപക്ഷവും യോഗ്യതയുള്ളവരല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭാവിയിൽ നഴ്സിംഗ് യോഗ്യതയുള്ളവരും പാലിയേറ്റീവ് മേഖലയിൽ വൈദഗ്ദ്ധ്യമുള്ളവരും കഴിയുന്നതും അതാത് പഞ്ചായത്തിൽ നിന്നുള്ളവരുമായവരെ നിയമിക്കേണ്ടതാണ്.

സ.ഉ. (ആർ.റ്റി.)നം. 526/2015/ത.സ്വ.ഭ.വ. തീയതി: 21/02/2015

## പഞ്ചവൽസര മാർഗ്ഗരേഖ – കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് – ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചു

ഗ്രാമസഭ/വാർഡ് സഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നും കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യാൻ പാടുള്ളൂ.

16.11.13-ലെ 362/13/ത.സ്വ.ഭ.വ. ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

സ.ഉ. (സാധാ) നം. 475/2015/ത.സ്വ.ഭ.വ. തീയതി: 16/02/2015

## പന്ത്രണ്ടാം പഞ്ചവൽസര മാർഗ്ഗരേഖ – തെരുവ് – വിളക്കുകൾ സ്ഥാപിക്കുമ്പോൾ എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥ ഒഴിവാക്കി – മാർഗ്ഗരേഖ പുറപ്പെടുവിച്ചു

16-11-2013ലെ 362/2013 തസ്വഭവ. ഉത്തരവ് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പുതുതായി തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നു.

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതുതായി തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന മാർഗ്ഗരേഖ മാനദണ്ഡം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ടി. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പുതുതായി തെരുവു വിളക്കുകൾ സ്ഥാപിക്കുമ്പോൾ എൽ.ഇ.ഡി. ലാമ്പുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന ഉത്തരവിലെ നിലവിലെ വ്യവസ്ഥ ഒഴിവാക്കി ഉത്തരവായി.

സ.ഉ.(സാധാ)നം. 476/2015/ത.സ്വ.ഭ.വ. തീയതി: 16/02/2015

## സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതി– അർഹതയ്ക്കുള്ള വാർഷിക വരുമാന പരിധി ഉത്തരവിൽ വ്യക്തത വരുത്തി.

സാമൂഹ്യസുരക്ഷാ പെൻഷനുകളായ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ, അഗതി/വിധവാ പെൻഷൻ, വികലാംഗപെൻഷൻ, 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയുടെ അർഹതയ്ക്കുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഏകീകരിച്ച് 20.06.2014-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മറ്റു തരത്തിലുള്ള പെൻഷനുകൾ കൈപ്പറ്റുന്നവർക്കും ഒരു ലക്ഷം രൂപ എന്ന വരുമാനപരിധിയ്ക്കുള്ളിലാണെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണ് എന്നും ഉത്തരവായിരുന്നു.

---

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram




വായിക്കുക...
വരിക്കാരാകുക...

# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

PANCHAYATRAJ (Monthly) March 2015
Annual Subscription ₹120/-, Published on 20th March 2015
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to Post without Prepayment No. KL/TV(N) WPP-85/2015-17

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## SOLAR LED MAST LIGHTS



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

## അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed